# കേരള കാർഷിക സർവകലാശാല ആക്റ്റ്, 1971

(1971-ലെ 33-ാമത് ആക്റ്റ്)

[2014-ലെ കേരള കാർഷിക സർവകലാശാല (ഭേദഗതി) ആക്റ്റ് ഉൾപ്പെടെ]

**കേരള കാർഷിക സർവകലാശാല**
കെ.എ.യു. (പി. ഓ.) - 680656, വെള്ളാനിക്കര
തൃശ്ശൂർ, കേരളം

**2025**

**ആമുഖം**

ഇത് 1971-ലെ കേരള കാർഷിക സർവകലാശാല ആക്റ്റിന്റെ മലയാളം പരിഭാഷയാണ്. 1971-ലെ കേരള കാർഷിക സർവകലാശാല ആക്റ്റിൽ കാലാകാലങ്ങളിൽ വന്നിട്ടുള്ള ഭേദഗതികൾ ഉൾക്കൊള്ളിച്ച് ഇംഗ്ലീഷിലുള്ള ഒരു പതിപ്പ് 2021-ൽ സർവകലാശാല പ്രസിദ്ധീകരിച്ചിട്ടുണ്ട്.

മലയാളം ഔദ്യോഗിക ഭാഷയായ സാഹചര്യത്തിൽ പൊതുജന സൗകര്യാർത്ഥം സർക്കാർ സംവിധാനത്തിലെ നിയമങ്ങളും, ചട്ടങ്ങളും, ഫോമുകളും മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തുന്നതിനുള്ള സർക്കാർ യജ്ഞത്തിന്റെ ഭാഗമായി, 1971-ലെ കേരള കാർഷിക സർവകലാശാല ആക്റ്റിന്റെ മൂല നിയമത്തിന്റെയും ഭേദഗതി നിയമങ്ങളുടെയും, സർക്കാർ ഔദ്യോഗികമായി പുറപ്പെടുവിച്ചിട്ടുള്ള മലയാള പരിഭാഷകളെ അടിസ്ഥാനമാക്കി, മൂലനിയമത്തിൽ ഭേദഗതി നിയമങ്ങൾ ഉൾക്കൊള്ളിച്ചാണ് കേരള കാർഷിക സർവകലാശാല ആക്റ്റിന്റെ ഈ ആദ്യ മലയാളം പതിപ്പ് സർവകലാശാല പ്രസിദ്ധീകരിക്കുന്നത്.

ഈ പതിപ്പിൽ 2014 -ലെ കേരള കാർഷിക സർവകലാശാല (ഭേദഗതി) ആക്റ്റിലെ വ്യവസ്ഥകൾ ഉൾപ്പെടെ എല്ലാ ഭേദഗതികളും ഉൾക്കൊള്ളിച്ചിട്ടുള്ളതും ആവശ്യമായ അടിക്കുറിപ്പുകൾ കൊടുത്തിട്ടുള്ളതുമാകുന്നു.

മലയാള പരിഭാഷയിൽ ഏതെങ്കിലും തരത്തിലുള്ള ആശയക്കുഴപ്പം കാണുന്ന പക്ഷം കേരള നിയമസഭ പാസ്സാക്കിയ ഇംഗ്ലീഷിലുള്ള ഒറിജിനൽ ആക്റ്റ് പരിശോധിച്ച് ആശയം സ്വാംശീകരിക്കേണ്ടതാണ്.

ഈ പ്രതിയിൽ എന്തെങ്കിലും പിശകുകൾ കണ്ടെത്തുന്ന പക്ഷം ആയത് ചുവടെ സാക്ഷ്യപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

വെള്ളാനിക്കര,<br>
21/01/2025.

**രജിസ്ട്രാർ**

# കേരള കാർഷിക സർവകലാശാല ആക്റ്റ്, 1971

(1971-ലെ 33-ാമത് ആക്റ്റ്)

## ഉള്ളടക്കം


ആമുഖം

**അദ്ധ്യായം I**
**പ്രാരംഭം**

| വകുപ്പുകൾ | | പേജ് |
|---|---|---|
| 1. | ചുരുക്കപ്പേരും വ്യാപ്തിയും ആരംഭവും. | 01 |
| 2. | നിർവചനങ്ങൾ. | 01 |

**അദ്ധ്യായം II**
**സർവകലാശാല**

| | | |
|---|---|---|
| 3. | സർവകലാശാലയുടെ ഏകീകരണം. | 04 |
| 4. | പ്രാദേശിക പരിധി. | 05 |
| 5. | സർവകലാശാലയുടെ ഉദ്ദേശങ്ങൾ. | 05 |
| 6. | സർവകലാശാലയിലെ പ്രവേശനം. | 05 |
| 7. | സർവകലാശാലയിലെ അധികാരങ്ങളും കൃത്യങ്ങളും. | 06 |
| 8. | സന്ദർശനവും പരിശോധനയും. | 07 |

**അദ്ധ്യായം III**
**സർവകലാശാലയുടെ അധികാരസ്ഥാനങ്ങൾ**

| | | |
|---|---|---|
| 9. | സർവകലാശാലയുടെ അധികാരസ്ഥാനങ്ങൾ. | 10 |
| 10. | ജനറൽ കൗൺസിൽ | 10 |
| 11. | ജനറൽ കൗൺസിലിന്റെ പുനഃസംഘടന. | 14 |
| 12. | ജനറൽ കൗൺസിലിന്റെ അധികാരങ്ങളും കൃത്യങ്ങളും. | 14 |
| 13. | ജനറൽ കൗൺസിലിന്റെ യോഗം. | 16 |
| 14. | എക്സിക്യൂട്ടീവ് കമ്മിറ്റി. | 16 |

| | | |
|---|---|---|
| 15. | എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളുടെ ഔദ്യോഗിക കാലാവധി. | 18 |
| 16. | എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അധികാരങ്ങൾ. | 19 |
| 17. | അക്കാഡമിക് കൗൺസിലിന്റെ ഘടന. | 20 |
| 18. | അക്കാഡമിക് കൗൺസിലിന്റെ അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും. | 21 |
| 19. | ഫാക്കൽറ്റികൾ. | 22 |
| 20. | പഠനബോർഡുകൾ. | 23 |
| 21. | കമ്മിറ്റികളുടെ രൂപീകരണം. | 23 |
| 22. | അധികാരസ്ഥാനങ്ങളിൽ അംഗത്വം ഉണ്ടായിരിക്കുന്നത് സംബന്ധിച്ചുള്ള വ്യവസ്ഥകൾ. | 23 |
| 23. | സാധുതയും ഒഴിവാക്കലും. | 24 |

**അദ്ധ്യായം IV**
**ഉദ്യോഗസ്ഥന്മാർ**

| | | |
|---|---|---|
| 24. | സർവകലാശാലയുടെ ഉദ്യോഗസ്ഥന്മാർ. | 25 |
| 25. | ചാൻസലർ. | 25 |
| 26. | പ്രൊ-ചാൻസലർ. | 26 |
| 27. | വൈസ്-ചാൻസലർ. | 26 |
| 28. | വൈസ്-ചാൻസലറുടെ അധികാരങ്ങളും കൃത്യങ്ങളും. | 28 |
| 29. | (റദ്ദാക്കി). | 29 |
| 30. | രജിസ്ട്രാർ. | 30 |
| 31. | കംപ്ട്രോളർ. | 30 |
| 32. | ഫിസിക്കൽ പ്ലാന്റ് ഡയറക്ടർ. | 31 |
| 33. | ലൈബ്രേറിയൻ. | 31 |
| 34. | ഫാക്കൽറ്റികളുടെ ഡീനുകൾ. | 32 |
| 35. | റിസർച്ച് ഡയറക്ടർ. | 32 |
| 36. | എക്സ്റ്റൻഷൻ ഡയറക്ടർ. | 33 |
| 37. | സ്റ്റുഡന്റ്സ് വെൽഫെയർ ഡയറക്ടർ. | 33 |
| 38. | ഉദ്യോഗസ്ഥന്മാരുടേയും ജീവനക്കാരുടേയും പ്രതിഫലം. | 34 |

**അദ്ധ്യായം V**
**ഗവേഷണവും എക്സ്റ്റൻഷൻ വിദ്യാഭ്യാസവും**

| | | |
|---|---|---|
| 39. | കാർഷിക ഗവേഷണ പരിപാടി. | 35 |
| 40. | കാർഷിക എക്സ്റ്റൻഷൻ വിദ്യാഭ്യാസ പരിപാടി. | 35 |
| 41. | കർത്തവ്യങ്ങളുടെ ഏകീകരണം. | 36 |

**അദ്ധ്യായം VI**
**അദ്ധ്യാപകന്മാരുടേയും ഉദ്യോഗസ്ഥന്മാരുടേയും സ്റ്റാഫിന്റേയും നിയമനം**

| | | |
|---|---|---|
| 42. | അദ്ധ്യാപകന്മാരുടേയും ഉദ്യോഗസ്ഥന്മാരുടേയും സ്റ്റാഫിന്റേയും നിയമനം. | 37 |
| 43. | നിയമനങ്ങളുടെ സംവരണം. | 38 |

**അദ്ധ്യായം VII**
**ഫണ്ടുകളും കണക്കുകളും**

| | | |
|---|---|---|
| 44. | പെൻഷൻ, പ്രോവിഡന്റ് ഫണ്ട് മുതലായവ. | 39 |
| 45. | സർവകലാശാല ഫണ്ടുകളും ഗ്രാന്റുകളും. | 39 |
| 46. | ധനകാര്യക്കമ്മിറ്റി. | 41 |
| 47. | കണക്കും ആഡിറ്റും. | 41 |

**അദ്ധ്യായം VIII**
**പരിനിയമങ്ങളും ഓർഡിനൻസും റെഗുലേഷനുകളും ഉത്തരവുകളും**

| | | |
|---|---|---|
| 48. | പരിനിയമങ്ങൾ. | 43 |
| 49. | പരിനിയമങ്ങൾ ഉണ്ടാക്കുന്നതിനുള്ള നടപടിക്രമം. | 43 |
| 50. | ഓർഡിനൻസുകൾ. | 44 |
| 51. | ഓർഡിനൻസുകൾ ഉണ്ടാക്കുന്നതിനുള്ള നടപടിക്രമം. | 45 |
| 52. | റെഗുലേഷനുകൾ. | 45 |
| 53. | റെഗുലേഷനുകൾ ഉണ്ടാക്കുന്നതിനുള്ള നടപടിക്രമം. | 45 |
| 54. | ഉത്തരവുകൾ. | 46 |
| 55. | ഗസറ്റിൽ പ്രസിദ്ധപ്പെടുത്തൽ. | 46 |

## അദ്ധ്യായം IX
## പലവക


| | | |
|---|---|---|
| 56. | വിദ്യാർത്ഥികളുടെ താമസം. | 47 |
| 57. | വാർഷിക റിപ്പോർട്ട്. | 47 |
| 58. | ചില കോളേജുകളും സ്ഥാപനങ്ങളും സർവകലാശാലയ്ക്ക് കൈമാറൽ. | 47 |
| 59. | തവന്നൂരിലെ റൂറൽ ഇൻസ്റ്റിറ്റ്യൂട്ട് ഏറ്റെടുക്കൽ. | 49 |
| 60. | ഇടക്കാല വ്യവസ്ഥകൾ. | 49 |
| 61. | അധികാരസ്ഥാനങ്ങളുടെ ആദ്യസെറ്റിന്റെ നാമനിർദ്ദേശം. | 50 |
| 62. | അധികാരങ്ങൾ ഏൽപ്പിച്ചുകൊടുക്കൽ. | 50 |
| 63. | ആദ്യ പരിനിയമങ്ങളും ഓർഡിനൻസുകളും. | 51 |
| 64. | വൈഷമ്യങ്ങൾ നീക്കം ചെയ്യൽ. | 51 |
| 65. | റദ്ദാക്കലും ഒഴിവാക്കലും. | 51 |


*****

**Kerala Gazette No. 4 dated 23rd January 1973 PART I**

**കേരള സർക്കാർ**
**നിയമവകുപ്പ്**
**വിജ്ഞാപനം**

നമ്പർ 5297-ഡി/2/71/ലാ. തിരുവനന്തപുരം, 1971 സെപ്റ്റബർ 13/1893 ഭാദ്രം 22.

കേരള സംസ്ഥാന നിയമസഭയുടെ താഴെപ്പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിനായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. സംസ്ഥാന നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ബില്ലിന് 1971 സെപ്റ്റംബർ 10-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിക്കുകയുണ്ടായി.

ഗവർണ്ണറുടെ ഉത്തരവുപ്രകാരം,
പി. വി. രാമചന്ദ്രൻ
അഡീഷണൽ ലാ സെക്രട്ടറി

## (1971- ലെ 33-ാം ആക്റ്റ്)
## 1971-ലെ കേരള കാർഷിക സർവകലാശാല ആക്റ്റ്

കേരള സംസ്ഥാനത്തിൽ കാർഷിക വികസനത്തിനുവേണ്ടി ഒരു സർവകലാശാല സ്ഥാപിക്കുന്നതിനും ഏകീകരിക്കുന്നതിനുമുള്ള ഒരു ആക്റ്റ്.

**പീഠിക.-** കേരള സംസ്ഥാനത്തിൽ കാർഷിക വികസനത്തിനുവേണ്ടി ഒരു സർവകലാശാല സ്ഥാപിക്കുകയും ഏകീകരിക്കുകയും ചെയ്യുന്നത് യുക്തമായിരിക്കയാൽ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ ഇരുപത്തിരണ്ടാം സംവൽസരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കട്ടെ:-

## അദ്ധ്യായം I
## പ്രാരംഭം

**<u>1. ചുരുക്കപ്പേരും വ്യാപ്തിയും ആരംഭവും.-</u>** (1) ഈ ആക്റ്റിന് 1971-ലെ കേരള കാർഷിക സർവകലാശാല ആക്റ്റ് എന്ന് പേർ പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഇത് 1971 ഫെബ്രുവരി 24-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതേണ്ടതാണ്.

**<u>2. നിർവ്വചനങ്ങൾ.-</u>** ഈ ആക്റ്റിൽ സന്ദർഭത്തിന് മറ്റു വിധത്തിൽ ആവശ്യമില്ലാത്ത പക്ഷം:-

1. "അക്കാഡമിക് കൗൺസിൽ" (വിദ്യാലയ സമിതി) എന്നാൽ സർവകലാശാലയുടെ അക്കാഡമിക് കൗൺസിൽ എന്നർത്ഥമാകുന്നു.

2. "കൃഷി" എന്നാൽ മണ്ണിന്റെയും ജലത്തിന്റെയും നടത്തിപ്പിനെപ്പറ്റിയുള്ള അടിസ്ഥാനപരവും പ്രായോഗികവുമായ ശാസ്ത്രം, തോട്ടവിള ഉൽപ്പാദനം ഉൾപ്പെടെയുള്ള വിള ഉൽപ്പാദനം, മൃഗ ചികിത്സ, ഡെയറി സയൻസ് എന്നിവ ഉൾപ്പെടെയുള്ള മൃഗസംരക്ഷണം, ഫിഷറീസ്, ഫാം ഫോറസ്റ്ററി ഉൾപ്പെടെയുള്ള വനശാസ്ത്രം, ഹോം സയൻസ്, കാർഷിക എൻജിനീയറിംഗും ടെക്നോളജിയും, വിപണനം, പ്രോസ്സസിംഗ്, സഹകരണം, നിലത്തിന്റെ ഉപയോഗവും നടത്തിപ്പും, ഗ്രാമീണരുടെ സാമ്പത്തികവും സാമൂഹികവുമായ ഉദ്ധാരണം എന്നർത്ഥമാകുന്നു;

3. "അധികാരസ്ഥാനം" എന്നാൽ 9-ാം വകുപ്പിൽ പ്രത്യേകം പറയുന്ന സർവകലാശാലയുടെ ഏതെങ്കിലും അധികാരസ്ഥാനം എന്നർത്ഥമാകുന്നു.

4. "ബോർഡ് ഓഫ് സ്റ്റഡീസ്" (പഠന ബോർഡ്) എന്നാൽ സർവകലാശാലയുടെ ബോർഡ് ഓഫ് സ്റ്റഡീസ് എന്നർത്ഥമാകുന്നു.

5. "ചാൻസലർ" എന്നാൽ സർവകലാശാലയുടെ ചാൻസലർ എന്നർത്ഥമാകുന്നു.

6. "കോളേജ്" എന്നാൽ ഹെഡ്ക്വാർട്ടേഴ്സ് വളപ്പിലോ മറ്റു വല്ല സ്ഥലത്തോ സ്ഥിതി ചെയ്യുന്ന സർവകലാശാലയുടെ ഒരു ഘടക കോളേജ് എന്നർത്ഥമാകുന്നു.

7. "എക്സിക്യൂട്ടീവ് കമ്മിറ്റി" എന്നാൽ സർവകലാശാലയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി എന്നർത്ഥമാകുന്നു;

8. "എക്സ്റ്റൻഷൻ വിദ്യാഭ്യാസം" എന്നാൽ കൃഷിക്കാർക്കും ഹോം മേക്കേഴ്സിനും, കൃഷി സംബന്ധമായി സേവനമനുഷ്ഠിക്കുന്ന മറ്റ് സംഘങ്ങൾക്കും പരിഷ്കരിച്ച കൃഷിരീതികളിലും, കൃഷിയേയും കാർഷികോൽപ്പാദനത്തേയും വിപണനത്തേയും സംബന്ധിച്ച സാങ്കേതിക ശാസ്ത്രത്തിന്റ വിവിധ ഘട്ടങ്ങളിലും പരിശീലനം നൽകുന്നത് സംബന്ധിച്ച വിദ്യാഭ്യാസപരമായ പ്രവർത്തനങ്ങൾ എന്നർത്ഥമാകുന്നതും, അതിൽ പ്രദർശന വിഷയവുമായി ബന്ധപ്പെട്ട

ഡിപ്പാർട്ടുമെന്റ് വഴി പുതിയ സാങ്കേതിക വിജ്ഞാനവും നവീന രീതികളും കൃഷിസ്ഥലങ്ങളിലും കൃഷിക്കാരുടെ ഭവനങ്ങളിലും എത്തിക്കുന്നതിനായുള്ള പ്രദർശനങ്ങൾ ഉൾപ്പെടുന്നതുമാകുന്നു.

9. "ഫാക്കൽറ്റി" എന്നാൽ സർവകലാശാലയുടെ ഫാക്കൽറ്റി എന്നർത്ഥമാകുന്നു.

10. "ജനറൽ കൗൺസിൽ" (പൊതുസമിതി) എന്നാൽ സർവകലാശാലയുടെ ജനറൽ കൗൺസിൽ എന്നർത്ഥമാകുന്നു.

11. "ഹോസ്റ്റൽ" എന്നാൽ ഒരു കോളേജിന്റെ ഭാഗമായോ, പ്രത്യേകമായോ സർവകലാശാല നടത്തിപ്പോരുന്നതോ അംഗീകരിച്ചതോ ആയ സർവകലാശാലാ വിദ്യാർത്ഥികൾക്കുള്ള വാസസ്ഥലം എന്നർത്ഥമാകുന്നു.

12. "നിയമസഭ" എന്നാൽ സംസ്ഥാന നിയമസഭ എന്നർത്ഥമാകുന്നു.

13. "ഉദ്യോഗസ്ഥൻ" എന്നാൽ 24-ാം വകുപ്പിൽ പ്രത്യേകം പറയുന്ന സർവകലാശാലയുടെ ഉദ്യോഗസ്ഥൻ എന്നോ പരിനിയമങ്ങൾ മൂലം ഉദ്യോഗസ്ഥനെന്ന് സ്ഥാനനിർദ്ദേശം ചെയ്യപ്പെട്ട സർവകലാശാലയുടെ കീഴിൽ ജോലി നോക്കുന്ന മറ്റുദ്യോഗസ്ഥൻ എന്നോ അർത്ഥമാകുന്നു.

14. "ഓർഡിനൻസ്" എന്നാൽ ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയിട്ടുള്ള സർവകലാശാലയുടെ ഓർഡിനൻസ് എന്നർത്ഥമാകുന്നു.

15. "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയിട്ടുള്ള പരിനിയമങ്ങൾ മൂലം നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു.

16. "പ്രിൻസിപ്പാൾ" എന്നാൽ സർവകലാശാല ഏറ്റെടുത്തതോ, ഏറ്റെടുക്കാൻ പോകുന്നതോ, ആയതും സർവകലാശാലയുടെ ഘടക കോളേജാകാൻ പോകുന്നതുമായ ഒരു കോളേജിന്റെ മുഖ്യ നിർവ്വഹണോദ്യോഗസ്ഥൻ എന്നർത്ഥമാകുന്നതും കോളേജ്, സർവകലാശാല ഏറ്റെടുക്കുന്നതിനു മുമ്പ് അങ്ങനെയുള്ള ഉദ്യോഗസ്ഥന് ഉണ്ടായിരുന്ന പദവിയെ മാത്രം പരാമർശിക്കുന്നതും അങ്ങനെയുള്ള ഉദ്യോഗസ്ഥന് സർവകലാശാലയുടെ ഘടനപ്രകാരം വ്യത്യസ്തമായ ഉദ്യോഗപ്പേര് ഉണ്ടായിരിക്കാവുന്നതുമാകുന്നു.

17. "പ്രോ-ചാൻസലർ" എന്നാൽ സർവകലാശാലയുടെ പ്രോ-ചാൻസലർ എന്നർത്ഥമാകുന്നു.

18. [1][***]

19. "രജിസ്ട്രാർ" എന്നാൽ സർവകലാശാലയുടെ രജിസ്ട്രാർ എന്നർത്ഥമാകുന്നു.

20. "റഗുലേഷനുകൾ" എന്നാൽ ഈ ആക്റ്റു പ്രകാരം ഉണ്ടാക്കിയിട്ടുള്ള സർവകലാശാലയുടെ റഗുലേഷനുകൾ എന്നർത്ഥമാകുന്നു.

21. "പട്ടികജാതികൾ" എന്നാൽ ഇൻഡ്യൻ ഭരണഘടനയുടെ 341-ാം വകുപ്പ് പ്രകാരം സംസ്ഥാനത്തെ സംബന്ധിച്ച് പ്രത്യേകം പറഞ്ഞിട്ടുള്ള പട്ടികജാതികൾ എന്നർത്ഥമാകുന്നു.

22. "പട്ടികവർഗ്ഗങ്ങൾ" എന്നാൽ ഇൻഡ്യൻ ഭരണഘടനയുടെ 342-ാം വകുപ്പ് പ്രകാരം സംസ്ഥാനത്തെ സംബന്ധിച്ച് പ്രത്യേകം പറഞ്ഞിട്ടുള്ള പട്ടികവർഗ്ഗങ്ങൾ എന്നർത്ഥമാകുന്നു.

---

1 2001-ലെ കേരള കാർഷിക സർവകലാശാല (ഭേദഗതി) ആക്റ്റ് (2001 ലെ 16–ാം ആക്റ്റ്), 2–ാം വകുപ്പ് പ്രകാരം "പ്രൊ വൈസ്-ചാൻസലർ " എന്നത് വിട്ടുകളഞ്ഞു. (26/12/2001 മുതൽ പ്രാബല്യം).

23. “സംസ്ഥാനം” എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു.

24. “പരിനിയമങ്ങൾ” എന്നാൽ ഈ ആക്റ്റു പ്രകാരം ഉണ്ടാക്കിയിട്ടുള്ള സർവകലാശാലയുടെ പരിനിയമങ്ങൾ എന്നർത്ഥമാകുന്നു.

25. “സർവകലാശാലയിലെ വിദ്യാർത്ഥി” എന്നാൽ ഡിഗ്രിക്കോ, ഡിപ്ലോമായ്ക്കോ അഥവാ യഥാവിധി ഏർപ്പെടുത്തപ്പെട്ട മറ്റു വിദ്യാഭ്യാസ യോഗ്യതയ്ക്കോ ഉള്ള ഒരു കോഴ്സ് പഠിക്കാനായി സർവകലാശാലയിൽ പേര് പതിച്ചിട്ടുള്ള ആൾ എന്നർത്ഥമാകുന്നു.

26. “അദ്ധ്യാപകൻ” എന്നാൽ ബോധനം നൽകുന്നതിനായിട്ടോ, ഗവേഷണമോ എക്സ്റ്റൻഷൻ വിദ്യാഭ്യാസമോ സംബന്ധിച്ച പരിപാടികൾ നടത്തുവാനും നയിക്കുവാനും വേണ്ടിയോ സർവകലാശാല നിയമിക്കുകയോ അംഗീകരിക്കുകയോ ചെയ്ത ആൾ എന്നർത്ഥമാകുന്നതും, അതിൽ അദ്ധ്യാപകനെന്ന് പരിനിയമങ്ങളാൽ പ്രഖ്യപിക്കപെടാവുന്ന മറ്റേതെങ്കിലും ആൾ ഉൾപ്പെടുന്നതുമാകുന്നു;

27 “സർവകലാശാല” എന്നാൽ ഈ ആക്റ്റ് പ്രകാരം സ്ഥാപിച്ചതും ഏകീകരിച്ചതുമായ കേരള കാർഷിക സർവകലാശാല എന്നർത്ഥമാകുന്നു;

28. “വൈസ്-ചാൻസലർ” എന്നാൽ സർവകലാശാലയുടെ വൈസ്-ചാൻസലർ എന്നർത്ഥമാകുന്നു.

## അദ്ധ്യായം-II
## സർവകലാശാല

**3. സർവകലാശാലയുടെ ഏകീകരണം.-**

(1) ഒരു ചാൻസലർ, ഒരു പ്രോ-ചാൻസലർ, ഒരു വൈസ്-ചാൻസലർ, [2][***], ഒരു ജനറൽ കൗൺസിൽ, ഒരു എക്സിക്യൂട്ടീവ് കമ്മിറ്റി, ഒരു അക്കാഡമിക് കൗൺസിൽ എന്നിവയും, ഈ ആക്റ്റിൽ പറഞ്ഞിരിക്കുന്നതു പോലെയോ പരിനിയമങ്ങളിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതു പോലെയോ ഉള്ള മറ്റ് അധികാരസ്ഥാനങ്ങളും മറ്റുദ്യോഗസ്ഥൻമാരും ഉൾപ്പെടുന്ന “കേരള കാർഷിക സർവ്വകലാശാല” എന്ന പേരിലുള്ള ഒരു സർവ്വകലാശാല കേരള സംസ്ഥാനത്തും കേരള സംസ്ഥാനത്തിനായും, സ്ഥാപിക്കുകയും ഏകീകരിക്കുകയും ചെയ്യേണ്ടതാകുന്നു.

(2) സർവ്വകലാശാല ശാശ്വത പിൻതുടർച്ചാവകാശവും പൊതു മുദ്രയും ഉള്ള ഒരു ഏകാംഗയോഗമായിരിക്കുന്നതും, പ്രസ്തുത പേരിൽ വ്യവഹരിക്കുകയും, വ്യവഹാരപ്പെടുകയും ചെയ്യേണ്ടതുമാണ്.

(3) സർവ്വകലാശാലയ്ക്ക് സ്ഥാവരവും ജംഗമവുമായ വസ്തുക്കൾ ആർജ്ജിക്കുന്നതിനും കൈവശം വയ്ക്കുന്നതിനും, സർവ്വകലാശാലയ്ക്ക് വേണ്ടി ആർജ്ജിച്ചതോ നിക്ഷിപ്തമാകാവുന്നതോ ആയ ഏതെങ്കിലും സ്ഥാവര വസ്തുവോ ജംഗമ വസ്തുവോ സർവ്വകലാശാലയുടെ കാര്യങ്ങൾക്ക് വേണ്ടി പാട്ടത്തിന് കൊടുക്കുന്നതിനോ വിൽക്കുന്നതിനോ അഥവാ മറ്റുവിധത്തിൽ കൈമാറ്റം ചെയ്യുന്നതിനോ അതിനും കേന്ദ്ര ഗവൺമെന്റിൽ നിന്നോ ഏതെങ്കിലും സംസ്ഥാന ഗവൺമെന്റിൽനിന്നോ കേരള ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ള ഏതെങ്കിലും ഏകാംഗയോഗത്തിൽ നിന്നോ പണം കടം വാങ്ങുന്നതിനും കരാറുകളിൽ ഏർപ്പെടുന്നതിനും ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി മറ്റ് എല്ലാ കാര്യങ്ങൾ ചെയ്യുന്നതിനും സർവ്വകലാശാലയ്ക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

(4) സർവ്വകലാശാലയ്ക്ക് വേണ്ടിയോ സർവ്വകലാശാലയ്ക്കെതിരായോ ഉള്ള എല്ലാ വ്യവഹാരങ്ങളിലും മറ്റു നിയമ നടപടികളിലും രജിസ്ട്രാർ അന്യായ ഹർജി മുതലായ രേഖകൾ (പ്ലീഡിംഗ്) ഒപ്പ് വയ്ക്കേണ്ടതും സത്യ ബോധപ്പെടുത്തേണ്ടതും അപ്രകാരമുള്ള വ്യവഹാരങ്ങളിലും നിയമ നടപടികളിലുമുള്ള എല്ലാ പ്രോസസ്സുകളും രജിസ്ട്രാർക്ക് നൽകേണ്ടതും രജിസ്ട്രാറുടെ മേൽ നടത്തേണ്ടതുമാകുന്നു.

(5) സർവ്വകലാശാലയുടെ ഹെഡ് ക്വാർട്ടേഴ്സ് തൃശ്ശൂർ ജില്ലയിലുള്ള [3][വെള്ളാനിക്കര]യിൽ ആയിരിക്കുന്നതും അത് അതോട് തൊട്ടു കിടക്കുന്ന പ്രദേശങ്ങളിലേക്ക് വ്യാപിക്കാവുന്നതുമാകുന്നു.

---

[2] 2001-ലെ കേരള കാർഷിക സർവകലാശാല (ഭേദഗതി) ആക്റ്റ് (2001 ലെ 16–ാം ആക്റ്റ്), 3–ാം വകുപ്പ് പ്രകാരം “ഒരു പ്രൊ വൈസ്-ചാൻസലറുണ്ടെങ്കിൽ അദ്ദേഹം” എന്നത് വിട്ടുകളഞ്ഞു (26/12/2001 മുതൽ പ്രാബല്യം).

[3] 1989-ലെ കേരള കാർഷിക സർവകലാശാല (ഭേദഗതി) ആക്റ്റ് (1989 ലെ 6–ാം ആക്റ്റ്), 2–ാം വകുപ്പ് പ്രകാരം “മണ്ണുത്തി” എന്നതിന് പകരം ചേർത്തത് (14/09/1988 മുതൽ പ്രാബല്യം).

**4. പ്രാദേശിക പരിധി.-**

(1) സർവ്വകലാശാലാ നിലവാരത്തിലോ കോളേജ് നിലവാരത്തിലോ ഉള്ള ബോധനം സംബന്ധിച്ചും കാർഷിക രംഗത്തുള്ള ഗവേഷണം, എക്സ്റ്റൻഷൻ വിദ്യാഭ്യാസ പരിപാടികൾ എന്നിവ സംബന്ധിച്ചും ഉള്ള സർവ്വകലാശാലയുടെ പ്രാദേശിക പരിധിയ്ക്കും ഉത്തരവാദിത്തത്തിനും സംസ്ഥാനം മുഴുവനും വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(2) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ആവശ്യമാകാവുന്ന കാർഷിക പോളിടെക്നിക്കുകളുടെ സ്ഥാപനവും വികസനവും പ്രവർത്തനവും സംബന്ധിച്ച ഉത്തരവാദിത്തം സർവ്വകലാശാലയ്ക്കു ഏറ്റെടുക്കാവുന്നതാണ്.

(3) സർവ്വകലാശാലയുടെ പരിധിക്കകത്തും അധികാരത്തിൻ കീഴിലും വരുന്ന എല്ലാ കോളേജുകളും ഗവേഷണശാലകളും പരീക്ഷണശാലകളും മറ്റ് സ്ഥാപനങ്ങളും സർവ്വകലാശാലയുടെ ഉദ്യോഗസ്ഥൻമാരുടെയും അധികാരസ്ഥാനങ്ങളുടെയും പൂർണ്ണമായ നോക്കിനടത്തലിനും നിയന്ത്രണത്തിനും കീഴിലുള്ള ഘടക യൂണിറ്റുകളായിരിക്കുന്നതും യാതൊരു കോളേജോ, ഗവേഷണകേന്ദ്രമോ, പരീക്ഷണകേന്ദ്രമോ മറ്റ് സ്ഥാപനമോ സംയോജിക്കപ്പെട്ട യൂണിറ്റായി അംഗീകരിക്കുന്നതല്ലാത്തതുമാകുന്നു.

**5. സർവ്വകലാശാലയുടെ ഉദ്ദേശങ്ങൾ.-** സർവ്വകലാശാലയുടെ ഉദ്ദേശങ്ങൾ താഴെപ്പറയുന്നവ ആയിരിക്കും:

(1) അദ്ധ്യയനത്തിന്റെ വിവിധ ശാഖകളിൽ വിദ്യാഭ്യാസം നൽകുന്നതിന് വ്യവസ്ഥ ചെയ്യലും, വിശിഷ്യാ കൃഷി, തോട്ടക്കൃഷി, മൃഗചികിൽസയും ഡെയറി സയൻസും ഉൾപ്പെടെയുള്ള മൃഗസംരക്ഷണം, സഹകരണം, ഫിഷറീസ്, ഫോറസ്ട്രി, കാർഷിക എൻജിനീയറിംഗ്, ഹോം സയൻസ് എന്നിവയിലും ബന്ധപ്പെട്ട മറ്റ് ശാഖകളിലുമുള്ള പഠനവും സ്ക്കോളർഷിപ്പും;

(2) പഠനത്തിന്റെ പുരോഗതി കൈവരുത്താനും ഗവേഷണം നടത്താനും, വിശിഷ്യാ കൃഷിയിലും ബന്ധപ്പെട്ട മറ്റു ശാസ്ത്രങ്ങളിലും;

(3) എക്സ്റ്റൻഷൻ വിദ്യാഭ്യാസ പരിപാടി ഏറ്റെടുക്കുന്നതിനും;

(4) സർവകലാശാല അതാത് സമയം നിർണ്ണയിക്കാവുന്ന അപ്രകാരമുള്ള മറ്റ് കാര്യങ്ങൾക്കും.

**6. സർവകലാശാലയിലെ പ്രവേശനം.-**

(1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്കും പരിനിയമങ്ങൾക്കും വിധേയമായി സർവകലാശാലയിൽ എല്ലാ ആൾക്കും പ്രവേശനം ഉണ്ടായിരിക്കുന്നതാണ്.

എന്നാൽ, ഈ വകുപ്പിലുള്ള യാതൊന്നുംതന്നെ നിർണ്ണയിക്കപ്പെട്ട വിദ്യാഭ്യാസപരമായ നിലവാരം കൈവന്നിട്ടില്ലാത്ത ഏതെങ്കിലും ആളെ പ്രവേശിപ്പിക്കുന്നതിനോ, ഡിഗ്രിയോ ഡിപ്ലോമയോ, സർട്ടിഫിക്കറ്റോ കൊടുക്കന്നതിന് ആവശ്യമുള്ള ഏറ്റവും കുറഞ്ഞ നിലവാരത്തിൽ താഴെ വിദ്യാഭ്യാസപരമായ റിക്കാർഡ് ഉള്ളവനോ അഥവാ മറ്റു കുട്ടികളുടേയും സ്റ്റാഫംഗങ്ങളുടേയും തക്ക അവകാശങ്ങൾക്കും പ്രത്യേകാവകാശങ്ങൾക്കും ശത്രുത ഉണ്ടായിരിക്കുന്ന തരത്തിലുള്ള പെരുമാറ്റമുള്ളവനോ ആയ ഏതെങ്കിലും ആളെ സർവകലാശാലാ റോളിൽ നിലനിർത്തുന്നതിനോ അഥവാ ഏതെങ്കിലും പഠന കോഴ്സിന് സർവകലാശാലയിൽ ലഭ്യമായ സൗകര്യമനുസരിച്ച് പ്രവേശിപ്പിക്കാവുന്നതിലും അക്കാഡമിക്ക് കൗൺസിൽ നിർണ്ണയിച്ച

പ്രകാരത്തിലും കൂടുതലായുള്ള വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നതിനോ സർവകലാശാലയോട് ആവശ്യപ്പെടുന്നതായി കരുതാൻ പാടില്ലാത്തതാകുന്നു.

(2) 1-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, അതതു സമയം വിജ്ഞാപനം ചെയ്ത പ്രകാരം, പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും പിന്നോക്കസമുദായക്കാർക്കും മറ്റു പിന്നോക്കസമുദായക്കാർക്കും ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ നിന്നും യൂണിയൻ പ്രദേശങ്ങളിൽ നിന്നും വരുന്ന അപേക്ഷകർക്കും കോളേജുകളിൽ സീറ്റു സംവരണം ചെയ്യേണ്ടതാണെന്ന് ഗവൺമെന്റിന് നിർദ്ദേശിക്കാവുന്നതാണ്;

എന്നാൽ, അങ്ങനെയുള്ള ഏതൊരാൾക്കും, അയാളോ, അവരോ, അങ്ങനെയുള്ള അപേക്ഷകരെ സംബന്ധിച്ച് സർവകലാശാല നിശ്ചയിച്ചിട്ടുള്ള നിലവാരം പുലർത്തുന്നില്ലെങ്കിൽ, സർവകലാശാലയിൽ പ്രവേശനം ലഭിക്കാൻ അവകാശമുണ്ടായിരിക്കുന്നതല്ല.

**7. സർവകലാശാലയിലെ അധികാരങ്ങളും കൃത്യങ്ങളും.-** സർവകലാശാലയ്ക്ക് താഴെ പറയുന്ന അധികാരങ്ങളും കൃത്യങ്ങളും ഉണ്ടായിരിക്കുന്നതാണ്, അതായത്:-

1. സർവകലാശാല യുക്തമെന്ന് കരുതാവുന്ന കൃഷിയിലും ബന്ധപ്പെട്ട മറ്റു പഠനശാഖകളിലും ബോധനം നൽകുകയും;

2. കൃഷിയിലും ബന്ധപ്പെട്ട മറ്റു പഠനശാഖകളിലും ഗവേഷണം നടത്തുന്നതിന് വ്യവസ്ഥകൾ ചെയ്യുകയും;

3. 40-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഗവേഷണത്തിന്റെ ഫലങ്ങളും സാങ്കേതികവിവരങ്ങളും എക്സ്റ്റൻഷൻ വിദ്യാഭ്യാസ പരിപാടി വഴി വ്യാപിപ്പിക്കുവാൻ വ്യവസ്ഥകൾ ചെയ്യുകയും;

4. ഡിഗ്രികളും ഡിപ്ലോമകളും മറ്റ് വിദ്യാഭ്യാസയോഗ്യതകളും ഏർപ്പെടുത്തുകയും;

5. പഠനകോഴ്സുകൾ ഏർപ്പെടുത്തുകയും (എ) ഒരു നിർണ്ണയിക്കപ്പെട്ട കോഴ്സ് പഠിക്കുകയോ, (ബി) സർവകലാശാലയിലോ സർവകലാശാല ഈ ആവശ്യാർത്ഥം അംഗീകരിച്ച ഒരു സ്ഥാപനത്തിലോ നിർണ്ണയിക്കപ്പെടാവുന്ന ഗവേഷണം നടത്തുകയോ, ചെയ്ത ആളുകൾക്ക് പരീക്ഷകൾ നടത്തുകയും അവർക്ക് ഡിഗ്രികളും ഡിപ്ലോമകളും മറ്റു വിദ്യാഭ്യാസയോഗ്യതകളും നൽകുകയും ചെയ്യുകയും;

6. നിർണ്ണയിക്കപ്പെടാവുന്ന ആണററി (ബഹുമാനാർത്ഥമുള്ള) ഡിഗ്രികളും മറ്റു ബഹുമതികളും നൽകുകയും.

7. സർവ്വകലാശാലയിലെ സ്ഥിരം വിദ്യാർത്ഥികളായി പേരു പതിച്ചിട്ടില്ലാത്ത, ഫീൽഡ് ജോലിക്കാർക്കും ഗ്രാമത്തിലുള്ള നേതാക്കന്മാർക്കും വേണ്ടി പ്രഭാഷണങ്ങളും (ലെക്ച്ചറുകൾ) ബോധനവും ഏർപ്പെടുത്തുകയും നിർണ്ണയിക്കപ്പെടാവുന്ന സർട്ടിഫിക്കറ്റുകൾ നൽകുകയും ചെയ്യുകയും;

8. 4-ാം വകുപ്പിൽ പറഞ്ഞിരിക്കുന്ന പരിധികൾക്കു വിധേയമായി മറ്റു സർവ്വകലാശാലകളും അധികാരസ്ഥാനങ്ങളുമായി, സർവ്വകലാശാല നിർണ്ണയിക്കാവുന്ന വിധത്തിലും കാര്യങ്ങൾക്കും വേണ്ടി സഹകരിക്കുകയും;

[4][9. ഗവൺമെന്റിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി കൃഷി, ഫിഷറീസ്, ഡെയറി പ്രവർത്തനം, മൃഗരോഗങ്ങൾക്കുള്ള ഔഷധം, മൃഗശാസ്ത്രം, ഹോം സയൻസ്, അഗ്രികൾച്ചറൽ എൻജിനീയറിംഗ്, ഫോറസ്ട്രി, ജല മാനേജ്മെന്റ്, മണ്ണുസംരക്ഷണം എന്നിവയും ബന്ധപ്പെട്ട ശാസ്ത്രങ്ങളും സംബന്ധിച്ച കോളേജുകൾ സ്ഥാപിക്കുകയും നടത്തിപ്പോരുകയും;

10. ബോധനത്തിനും ഗവേഷണത്തിനും എക്സ്റ്റൻഷൻ വിദ്യാഭ്യാസത്തിനുമായി ലാബ്രട്ടറികളും, ലൈബ്രറികളും, ഗവേഷണകേന്ദ്രങ്ങളും, സ്ഥാപനങ്ങളും, മ്യൂസിയങ്ങളും സ്ഥാപിക്കുകയും നടത്തിപ്പോരുകയും;

10എ. ബോധനത്തിനും ഗവേഷണത്തിനും എക്സ്റ്റൻഷൻ വിദ്യാഭ്യാസത്തിനുമായി ഫാമുകളും തോട്ടങ്ങളും ഉണ്ടാക്കുകയും നടത്തിപ്പോരുകയും];

11. പഠിപ്പിക്കുന്നതിനും, ഗവേഷണത്തിനും എക്സ്റ്റൻഷൻ വിദ്യാഭ്യാസത്തിനുമുള്ള തസ്തികകൾ സൃഷ്ടിക്കുകയും അപ്രകാരമുള്ള തസ്തികകളിലേക്ക് ആളുകളെ നിയമിക്കുകയും ചെയ്യുകയും;

12. ഭരണപരമായ തസ്തികകളും മറ്റു തസ്തികകളും സൃഷ്ടിക്കുകയും അങ്ങനെയുള്ള തസ്തികകളിൽ ആളുകളെ നിയമിക്കുകയും ചെയ്യുകയും;

13. പരിനിയമങ്ങൾ അനുസരിച്ച് ഫെല്ലോഷിപ്പുകളും, സ്കോളർഷിപ്പുകളും സമ്മാനങ്ങളും ഏർപ്പെടുത്തുകയും, കൊടുക്കുകയും ചെയ്യുകയും;

14. നിർണ്ണയിക്കപ്പെടാവുന്ന ഫീസുകളും മറ്റു ചാർജുകളും നിശ്ചയിക്കുകയും ആവശ്യപ്പെടുകയും സ്വീകരിക്കുകയും ചെയ്യുകയും;

15. സർവ്വകലാശാലയിലെ വിദ്യാർത്ഥികൾക്കും സ്റ്റാഫിനും താമസസൗകര്യങ്ങൾ ഏർപ്പെടുത്തുകയും അവ നടത്തിപ്പോരുകയും ചെയ്യുകയും;

16. സർവ്വകലാശാലയിലെ വിദ്യാർത്ഥികളുടെ വാസവും, പെരുമാറ്റവും അച്ചടക്കവും സംബന്ധിച്ച മേൽനോട്ടവും നിയന്ത്രണവും വഹിക്കുകയും അവരുടെ ആരോഗ്യവും ക്ഷേമവും അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യുകയും;

17. സർവ്വകലാശാലയുടെ ഉദ്ദേശങ്ങൾ നിറവേറ്റുന്നതിന് ആവശ്യമായേക്കാവുന്ന, മുകളിൽപ്പറഞ്ഞ അധികാരങ്ങൾക്കും കൃത്യങ്ങൾക്കും ആനുഷംഗികമോ അല്ലാത്തതോ ആയ, എല്ലാ പ്രവൃത്തികളും കാര്യങ്ങളും ചെയ്യുകയും;

എന്നാൽ, ഈ വകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നുംതന്നെ, ഈ ആക്റ്റിൽ പ്രത്യേകമായി വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരമൊഴികെ, സംസ്ഥാനത്ത് എക്സ്റ്റൻഷൻ ജോലി ചെയ്യാൻ സർവ്വകലാശാലയെ അധികാരപ്പെടുത്തുന്നതായി കരുതാൻ പാടില്ലാത്തതാകുന്നു.

**8. സന്ദർശനവും പരിശോധനയും.-**

[4] 1989- ലെ കേരള കാർഷിക സർവകലാശാല (ഭേദഗതി) ആക്റ്റ് (1989 ലെ 6-ാം ആക്റ്റ്), 3-ാം വകുപ്പ് പ്രകാരം "9. കൃഷി, ഫിഷറീസ്, ഡെയറി പ്രവർത്തനം, മൃഗരോഗങ്ങൾക്കുള്ള ഔഷധം, മൃഗശാസ്ത്രം, ഹോംസയൻസ്, കാർഷിക എൻജിനീയറിംഗ്, ഫോറസ്ട്രി എന്നിവയും ബന്ധപ്പെട്ട ശാസ്ത്രങ്ങളും സംബന്ധിച്ച കോളേജുകൾ നടത്തുകയും; 10. ബോധനത്തിനും ഗവേഷണത്തിനും എക്സ്റ്റൻഷൻ വിദ്യാഭ്യാസത്തിനുമായി ലാബ്രട്ടറികളും, ലൈബ്രറികളും, ഗവേഷണ കേന്ദ്രങ്ങളും ഫാമുകളും, തോട്ടങ്ങളും, സ്ഥാപനങ്ങളും, മ്യൂസിയങ്ങളും, നടത്തിപ്പോരുകയും;" എന്നതിന് പകരം ചേർത്തത് (14/09/1988 മുതൽ പ്രാബല്യം).

(1) ഗവൺമെന്റു നിർദ്ദേശിക്കാവുന്ന ഒരാളെക്കൊണ്ടോ ആളുകളെക്കൊണ്ടോ സർവ്വകലാശാലയും അതിന്റെ കെട്ടിടങ്ങളും, ലാബ്രട്ടറികളും, ലൈബ്രറികളും, മ്യൂസിയങ്ങളും, വർക്ക്ഷോപ്പുകളും, അതിന്റെ ഉപകരണങ്ങളും, സർവ്വകലാശാല നടത്തിപ്പോരുന്നതോ ഭരണം നടത്തിവരുന്നതോ ആയ ഏതെങ്കിലും സ്ഥാപനമോ കോളേജോ ഹോസ്റ്റലോ അവയും, സർവ്വകലാശാല നടത്തുന്നതോ അതിന്റെ ആഭിമുഖ്യത്തിൽ നടത്തുന്നതോ ആയ അദ്ധ്യാപനവും മറ്റു ജോലികളും സർവ്വകലാശാലയുടെ മറ്റേതെങ്കിലും കൃത്യങ്ങളുടെ നടത്തിപ്പും പരിശോധിപ്പിക്കുവാനും, സർവ്വകലാശാലയുടെ ഭരണപരവും, ധനസ്ഥിതിയും സംബന്ധിച്ച് അന്വേഷണം നടത്തിക്കുന്നതിനും ഗവൺമെന്റിന് അവകാശമുണ്ടായിരിക്കുന്നതാണ്.

(2) 1-ാം ഉപവകുപ്പുപ്രകാരം സർവ്വകലാശാല പരിശോധിപ്പിക്കുന്നതിനും അന്വേഷണം നടത്തിക്കുന്നതിനും മുൻപായി, ഗവൺമെന്റ്, സർവ്വകലാശാല പരിശോധിപ്പിക്കുന്നതിനും അന്വേഷണം നടത്തിക്കുന്നതിനുമുള്ള ഗവൺമെന്റിന്റെ ഉദ്ദേശം സംബന്ധിച്ച് യഥാവിധിയുള്ള നോട്ടീസ് കൊടുക്കേണ്ടതും സർവ്വകലാശാലയ്ക്ക് അങ്ങനെയുള്ള പരിശോധനാ സമയത്തോ അന്വേഷണസമയത്തോ ഹാജരാകുന്നതിനും, തനിക്ക് പറയാനുള്ളതു പറയാനും അവകാശമുള്ള ഒരു പ്രതിനിധിയെ നിയമിക്കുന്നതിന് സർവ്വകലാശാലയ്ക്ക് അർഹതയുണ്ടായിരിക്കുന്നതുമാണ്.

(3) അങ്ങനെയുള്ള പരിശോധനയുടേയോ അന്വേഷണത്തിന്റെയോ ഫലങ്ങൾ സംബന്ധിച്ചുള്ള ഗവൺമെന്റിന്റെ അഭിപ്രായങ്ങൾ ഗവൺമെന്റ് സർവ്വകലാശാലയെ അറിയിക്കേണ്ടതും അതിൻമേൽ സർവ്വകലാശാലയുടെ അഭിപ്രായം ആരാഞ്ഞശേഷം എടുക്കേണ്ട നടപടികളെപ്പറ്റി സർവ്വകലാശാലയ്ക്ക് ഉപദേശം നൽകേണ്ടതും അങ്ങനെയുള്ള നടപടി എടുക്കുന്നതിനുള്ള സമയപരിധി നിശ്ചയിക്കുകയും ചെയ്യേണ്ടതാണ്.

(4) സർവ്വകലാശാല, അങ്ങനെ നിശ്ചയിക്കപ്പെട്ട സമയപരിധിക്കകം, ഗവൺമെന്റ് നൽകിയ ഉപദേശത്തിൻമേൽ എടുത്തതോ എടുക്കാൻ ഉദ്ദേശിക്കുന്നതോ ആയ നടപടിയെപ്പറ്റി ഗവൺമെന്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(5) അങ്ങനെ നിശ്ചയിച്ച സമയപരിധിക്കുള്ളിൽ ഗവൺമെന്റിന് തൃപ്തി വരത്തക്കവണ്ണം, സർവ്വകലാശാല നടപടികൾ എടുത്തിട്ടില്ലാത്ത പക്ഷം, ഗവൺമെന്റിന്, സർവ്വകലാശാല ബോധിപ്പിച്ചിട്ടുള്ള വിശദീകരണമോ നിവേദനമോ പരിഗണിച്ചശേഷം ഗവൺമെന്റിന് യുക്തമെന്ന് തോന്നാവുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാവുന്നതും, സർവ്വകലാശാല അപ്രകാരമുള്ള നിർദ്ദേശങ്ങൾ അനുസരിക്കേണ്ടതുമാകുന്നു.

(6) 1 മുതൽ 5 വരെയുള്ള ഉപവകുപ്പുകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സർവ്വകലാശാലയുടെ കാര്യാദികൾ സർവ്വകലാശാലയുടെ ഉദ്ദേശങ്ങൾ നേടുവാനോ അഥവാ ഈ ആക്റ്റിലേയും പരിനിയമങ്ങളിലേയും, ഓർഡിനൻസുകളിലേയും റഗുലേഷനുകളിലേയും വ്യവസ്ഥകൾക്കനുസരണമായോ നടത്തപ്പെടുന്നില്ലെന്നോ അഥവാ, സർവ്വകലാശാലയുടെ ബോധനനിലവാരം നിലനിറുത്തുന്നതിന് പ്രത്യേകമായ നടപടികൾ ആവശ്യമാണെന്നോ എപ്പോഴെങ്കിലും ഗവൺമെന്റിന് അഭിപ്രായമുള്ളപക്ഷം, ഗവൺമെന്റിന്, ഏത് കാര്യത്തെ സംബന്ധിച്ച് അവർ വിശദീകരണം ആഗ്രഹിക്കുന്നുവോ അങ്ങനെയുള്ള ഏതെങ്കിലും കാര്യം സംബന്ധിച്ച് സർവ്വകലാശാലയെ അറിയിക്കേണ്ടതും ഗവൺമെന്റ് പ്രത്യേകം പറയാവുന്ന സമയത്തിനകം അപ്രകാരമുള്ള വിശദീകരണം നൽകണമെന്ന് സർവ്വകലാശാലയോട് ആവശ്യപ്പെടാവുന്നതുമാകുന്നു.

(7) സർവ്വകലാശാല 6-ാം ഉപവകുപ്പു പ്രകാരം പ്രത്യേകം പറയുന്ന സമയത്തിനകം എന്തെങ്കിലും വിശദീകരണം ബോധിപ്പിക്കുന്നതിൽ വീഴ്ച വരുത്തുകയോ, അഥവാ ഗവൺമെന്റിന്റെ അഭിപ്രായത്തിൽ തൃപ്തികരമല്ലാത്ത വിശദീകരണം ബോധിപ്പിക്കുകയോ ചെയ്യുന്നപക്ഷം, ഗവൺമെന്റിന്, കേസിന്റെ സാഹചര്യത്തിൽ ആവശ്യമാണെന്നും

അഭിലഷണീയമാണെന്നും, അവർക്ക് തോന്നുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാവുന്നതും, നിർദ്ദേശങ്ങൾ നടപ്പിൽവരുത്താൻ ആവശ്യമെന്ന് അവർ കരുതുന്ന അധികാരങ്ങൾ വിനിയോഗിക്കാവുന്നതുമാകുന്നു.

(8) സർവ്വകലാശാലയുടെ ഭരണത്തെ സംബന്ധിച്ച് ഗവൺമെന്റ് ആവശ്യപ്പെടാവുന്ന വിവരങ്ങൾ സർവ്വകലാശാല നൽകേണ്ടതാകുന്നു.

## അദ്ധ്യായം III
## സർവ്വകലാശാലയുടെ അധികാരസ്ഥാനങ്ങൾ

**<u>9. സർവ്വകലാശാലയുടെ അധികാരസ്ഥാനങ്ങൾ.-</u>** താഴെപ്പറയുന്നവ സർവ്വകലാശാലയുടെ അധികാരസ്ഥാനങ്ങളായിരിക്കുന്നതാണ്, അതായത്:-

1. ജനറൽ കൗൺസിൽ;

2. എക്സിക്യൂട്ടീവ് കമ്മിറ്റി;

3. അക്കാഡമിക് കൗൺസിൽ;

4. ഫാക്കൽറ്റികൾ;

5. ഓരോ ഫാക്കൽറ്റിയുടെയും പഠന ബോർഡുകൾ;

6. സർവ്വകലാശാലയുടെ അധികാരസ്ഥാനങ്ങളെന്ന് പരിനിയമങ്ങളിൽ പ്രത്യേകം പറയാവുന്ന മറ്റു സമിതികൾ;

**<u>10. ജനറൽ കൗൺസിൽ.-</u>** [5][***] ജനറൽ കൗൺസിലിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:-

**<u>ഔദ്യോഗിക നിലയിലുള്ള അംഗങ്ങൾ</u>**

1. ചാൻസലർ;

2. പ്രോ-ചാൻസലർ;

3. വൈസ്- ചാൻസലർ;

4. [6][***]

[7][4എ. കാർഷികോൽപ്പാദന കമ്മീഷണർ;]

---

[5] 1989 ലെ കേരള കാർഷിക സർവകലാശാല (ഭേദഗതി) ആക്റ്റ് (1989 ലെ 6-ാം ആക്റ്റ്), 4(i) വകുപ്പ് പ്രകാരം "(1)" എന്ന അക്കവും ബ്രാക്കറ്റും വിട്ടുകളഞ്ഞു (14/09/1988 മുതൽ പ്രാബല്യം).

[6] 2001 ലെ കേരള കാർഷിക സർവകലാശാല (ഭേദഗതി) ആക്റ്റ് (2001 ലെ 16-ാം ആക്റ്റ്), 4(i) (എ) വകുപ്പ് പ്രകാരം "ഒരു പ്രൊ-വൈസ് ചാൻസലർ ആരെങ്കിലുമുണ്ടെങ്കിൽ അദ്ദേഹം" എന്നത് വിട്ടുകളഞ്ഞു (26/12/2001 മുതൽ പ്രാബല്യം).

[7] 1997 ലെ കേരള കാർഷിക സർവകലാശാല (ഭേദഗതി) ആക്റ്റ് (1997 ലെ 7-ാം ആക്റ്റ്), 2.(i)(എ) വകുപ്പ് പ്രകാരം ചേർത്തത് (20/04/1997 മുതൽ പ്രാബല്യം).

5. [8][അതതു സംഗതിപോലെ, കൃഷി, ധനകാര്യം, മത്സ്യബന്ധനം, മൃഗസംരക്ഷണം എന്നീ വകുപ്പുകളിലെ ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറിയോ, സെക്രട്ടറിയോ, സ്പെഷ്യൽ സെക്രട്ടറിയോ;]

6. കൃഷി ഡയറക്ടർ;

7. മൃഗസംരക്ഷണ ഡയറക്ടർ;

8. ഡെയറി ഡെവലപ്പ്മെന്റ് ഡയറക്ടർ;

9. ഫിഷറീസ് ഡയറക്ടർ;

10. [9][പ്രധാന മുഖ്യവനപാലകൻ;]

[10][11. റബ്ബർ ബോർഡ് ചെയർമാൻ;

12. സ്പൈസസ് ബോർഡ് ചെയർമാൻ;

13. സമുദ്രോൽപ്പന്ന കയറ്റുമതി വികസന അതോറിറ്റി ചെയർമാൻ;

14. കേന്ദ്ര തോട്ടവിള ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടർ;

15. കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടർ;

16. ഇൻഡ്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെ ഒരു പ്രതിനിധി;

17. സർവകലാശാല ആസ്ഥാനം സ്ഥിതി ചെയ്യുന്ന നിയമസഭാ മണ്ഡലത്തെ പ്രതിനിധികരിക്കുന്ന നിയമസഭാംഗം.]

**തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾ**

---

[8] 1997 ലെ കേരള കാർഷിക സർവകലാശാല (ഭേദഗതി) ആക്റ്റ് (1997 ലെ 7-ാം ആക്റ്റ്), 2.(i)(ബി) വകുപ്പ് പ്രകാരം "അഗ്രിക്കൾച്ചർ, ഡെവലപ്പ്മെന്റ്, ഫിനാൻസ് എന്നീ വകുപ്പുകളിലെ ഗവൺമെന്റ് സെക്രട്ടറിമാർ" എന്നതിന് പകരം ചേർത്ത (20/04/1997 മുതൽ പ്രാബല്യം) "കൃഷി, മൃഗസംരക്ഷണം, സഹകരണം, വികസനം, ധനകാര്യം, ഫിഷറീസ്, വനം എന്നീ വകുപ്പുകളിലെ, അതതു സംഗതിപോലെ, ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറിമാരോ, സെക്രട്ടറിമാരോ, സ്പെഷ്യൽ സെക്രട്ടറിമാരോ" എന്നതിന് പകരം 2001 ലെ കേരള കാർഷിക സർവകലാശാല (ഭേദഗതി) ആക്റ്റ് (2001 ലെ 16-ാം ആക്റ്റ്), 4(i)(ബി) വകുപ്പ് പ്രകാരം ചേർത്തത് (26/12/2001 മുതൽ പ്രാബല്യം).

[9] 2001-ലെ കേരള കാർഷിക സർവകലാശാല (ഭേദഗതി) ആക്റ്റ് (2001 ലെ 16-ാം ആക്റ്റ്), 4(i)(സി) വകുപ്പ് പ്രകാരം "മുഖ്യവനപാലകൻ" എന്നതിന് പകരം ചേർത്തത് (26/12/2001 മുതൽ പ്രാബല്യം).

[10] 2001-ലെ കേരള കാർഷിക സർവകലാശാല (ഭേദഗതി) ആക്റ്റ് (2001 ലെ 16-ാം ആക്റ്റ്),4(i)(ഡി) വകുപ്പ് പ്രകാരം "11. സഹകരണസംഘം രജിസ്ട്രാർ; 12. ഫാക്കൽറ്റി ഡീനുകൾ; 13. എക്റ്റൻഷൻ ഡയറക്ടർ; 14. റിസർച്ച് ഡയറക്ടർ; 15. സ്റ്റുഡൻസ് വെൽഫയർ ഡയറക്ടർ" എന്നതിന് പകരം ചേർത്തത് (26/12/2001 മുതൽ പ്രാബല്യം).

[11][1. സംസ്ഥാന നിയമസഭാംഗങ്ങളുടെ ഇടയിൽ നിന്നും ആനുപാതിക പ്രാതിനിധ്യതത്വ പ്രകാരം ഒറ്റകൈമാറ്റ വോട്ടിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട നാല് അംഗങ്ങൾ; അവരിൽ ഒരാൾ പട്ടികജാതിയിലോ, പട്ടികവർഗത്തിലോ പെട്ട ആളായിരിക്കേണ്ടതാണ്;

2. സർവകലാശാലയുടെ ഫാക്കൽറ്റികളുടെ ഡീനുകൾ അവരുടെ ഇടയിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒരംഗം;

3. ആനുപാതിക പ്രാതിനിധ്യതത്വ പ്രകാരം ഒറ്റ കൈമാറ്റ വോട്ടിന്റെ അടിസ്ഥാനത്തിൽ സർവകലാശാലയിലെ അദ്ധ്യാപകർ അവരുടെ ഇടയിൽ നിന്നും തെരഞ്ഞെടുക്കുന്ന നാല് അംഗങ്ങൾ;

4. ആനുപാതിക പ്രാതിനിധ്യതത്വ പ്രകാരം ഒറ്റ കൈമാറ്റ വോട്ടിന്റെ അടിസ്ഥാനത്തിൽ സർവകലാശാലയിലെ വിദ്യാർത്ഥികൾ അവരുടെ ഇടയിൽ നിന്നും തെരഞ്ഞെടുക്കുന്ന രണ്ട് അംഗങ്ങൾ;

5. ആനുപാതിക പ്രാതിനിധ്യതത്വ പ്രകാരം ഒറ്റ കൈമാറ്റ വോട്ടിന്റെ അടിസ്ഥാനത്തിൽ സർവകലാശാലയിലെ അദ്ധ്യാപകേതര ജീവനക്കാർ അവരുടെ ഇടയിൽ നിന്നും തെരഞ്ഞെടുക്കുന്ന രണ്ട് അംഗങ്ങൾ;

[11] 2001 ലെ കേരള കാർഷിക സർവകലാശാല (ഭേദഗതി) ആക്റ്റ് (2001 ലെ 16-ാം ആക്റ്റ്), 4(ii) വകുപ്പ് പ്രകാരം "(1) ^[1][സംസ്ഥാന നിയമസഭാംഗങ്ങളുടെ ഇടയിൽനിന്നും ആനുപാതിക പ്രാതിനിധ്യ തത്വപ്രകാരം ഒറ്റകൈമാറ്റവോട്ടിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട അഞ്ച് അംഗങ്ങൾ; അവരിൽ ഒരാൾ പട്ടികജാതിയിലോ, പട്ടികവർഗ്ഗത്തിലോപെട്ട ആളായിരിക്കണം ; (2) സർവകലാശാലയിൽ ബിരുദാനന്തര കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾ അവരുടെ ഇടയിൽനിന്നും തെരഞ്ഞെടുക്കുന്ന രണ്ട് അംഗങ്ങളും സർവകലാശാലയിൽ ഡോക്ടറേറ്റ് ഡിഗ്രി കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾ അവരുടെ ഇടയിൽനിന്നും തെരഞ്ഞെടുക്കുന്ന ഒരു അംഗവും]; (3) സർവ്വകലാശാലയുടെ ഗ്രാഡുവേറ്റ് കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾ അവരുടെ ഇടയിൽനിന്നും തിരഞ്ഞെടുക്കുന്ന രണ്ട് അംഗങ്ങൾ; (4) സർവ്വകലാശാലയുടെ ഡിപ്ലോമ കോഴ്സുകൾക്കും സർട്ടിഫിക്കറ്റ് കോഴ്സുകൾക്കും പഠിക്കുന്ന വിദ്യാർത്ഥികൾ അവരുടെ ഇടയിൽ നിന്നും തിരഞ്ഞെടുക്കന്ന ഒരംഗം; (5) ഫാക്കൽറ്റികളിലെ അദ്ധ്യാപകർ (ഡീനുകൾ ഒഴികെയുള്ളവർ) അവരുടെ ഇടയിൽ നിന്നും തിരഞ്ഞെടുക്കുന്ന നാലിൽ കൂടുതലല്ലാത്ത അംഗങ്ങൾ;എന്നാൽ ഒന്നിൽ കൂടുതലല്ലാത്ത അംഗം ഫാക്കൽറ്റിയിലെ അദ്ധ്യാപകരിൽനിന്നും തിരഞ്ഞെടുക്കേണ്ടതാണ്; (6) സർവ്വകലാശാലയുടെ അദ്ധ്യാപകരല്ലാത്ത സ്റ്റാഫിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട ^[2][രണ്ട് അംഗങ്ങൾ]; (7) സർവ്വകലാശാലയുടെ ഗവേഷണ കേന്ദ്രങ്ങളിൽ ജോലിനോക്കുന്ന ജോലിക്കാർ അവരുടെ ഇടയിൽ നിന്നും തിരഞ്ഞെടുക്കുന്ന ഒരംഗം; (8) ^[3][ഒറ്റ മാറ്റവോട്ട് മാർഗ്ഗംമൂലമുള്ള ആനുപാതിക പ്രാതിനിധ്യതത്ത്വത്തിന് അനുസൃതമായി സംസ്ഥാനത്തെ, ഗ്രാമ പഞ്ചായത്തുകളുടെ പ്രസിഡന്റുമാർ അവരിൽനിന്ന് തിരഞ്ഞെടുക്കുന്ന ഏഴംഗങ്ങളും, ബ്ലോക്ക് പഞ്ചായത്തുകളുടെ പ്രസിഡന്റുമാർ അവരിൽ നിന്ന് തിരഞ്ഞെടുക്കുന്ന മൂന്നംഗങ്ങളും, ജില്ലാ പഞ്ചായത്തുകളിലെ പ്രസിഡന്റുമാർ അവരിൽ നിന്ന് തെരഞ്ഞെടുക്കുന്ന ഒരംഗവും: എന്നാൽ ഗ്രാമപഞ്ചായത്തുകളുടെ പ്രസിഡന്റുമാർ തിരഞ്ഞെടുക്കുന്ന ഏഴംഗങ്ങളിൽ ഒരാൾ ഒരു വനിത ആയിരിക്കേണ്ടതും ഒരാൾ ഒരു പട്ടികജാതിയിലോ ഒരു പട്ടികവർഗ്ഗത്തിലോ പെടുന്ന ഒരംഗമായിരിക്കേണ്ടതുമാണ്]; (9) സംസ്ഥാനത്തെ മുനിസിപ്പൽ കോർപ്പറേഷൻ മേയർമാരും മുനിസിപ്പൽ കൗൺസിൽ ചെയർമാൻമാരും അവരുടെ ഇടയിൽനിന്നും തിരഞ്ഞെടുക്കുന്ന ഒരംഗം. ^[4][(10) സർവകലാശാലയുടെ സ്ഥിരംതൊഴിലാളികൾ അവരിൽ നിന്നും തിരഞ്ഞടുക്കുന്ന രണ്ടംഗങ്ങൾ]" എന്നതിന് പകരം ചേർത്തത് (26/12/2001 മുതൽ പ്രാബല്യം).

^1 1989-ലെ കേരള കാർഷിക സർവകലാശാല (ഭേദഗതി) ആക്റ്റ് (1989 ലെ 6-ാം ആക്റ്റ്), 4(ii) വകുപ്പ് പ്രകാരം "(1) സംസ്ഥാന നിയമസഭാംഗങ്ങളുടെ ഇടയിൽ നിന്നും ആനുപാതിക പ്രാതിനിധ്യ തത്വപ്രകാരം ഒറ്റകൈമാറ്റവോട്ട് അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെട്ട നാല് അംഗങ്ങൾ; (2) സർവ്വകലാശാലയിൽ ബിരുദാനന്തര കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾ അവരുടെ ഇടയിൽ നിന്നും തിരഞ്ഞെടുക്കുന്ന രണ്ട് അംഗങ്ങൾ" എന്നതിന് പകരം ചേർത്തത് (14/09/1988 മുതൽ പ്രാബല്യം).

^2 1997-ലെ കേരള കാർഷിക സർവകലാശാല (ഭേദഗതി) ആക്റ്റ് (1997 ലെ 7-ാം ആക്റ്റ്), വകുപ്പ് 2(ii)(എ) പ്രകാരം "ഒരംഗം" എന്നതിന് പകരം ചേർത്തത്.

^3 1997-ലെ കേരള കാർഷിക സർവകലാശാല (ഭേദഗതി) ആക്റ്റ് (1997 ലെ 7-ാം ആക്റ്റ്), വകുപ്പ് 2(ii)(ബി) പ്രകാരം "സംസ്ഥാനത്തെ പഞ്ചായത്തു പ്രസിഡന്റുമാർ അവരുടെ ഇടയിൽ നിന്നും തിരഞ്ഞെടുക്കുന്ന നാല് അംഗങ്ങൾ" എന്നതിന് പകരം ചേർത്തത്.

^4 1997-ലെ കേരള കാർഷിക സർവകലാശാല (ഭേദഗതി) ആക്റ്റ് (1997 ലെ 7-ാം ആക്റ്റ്), വകുപ്പ് 2(ii)(സി) പ്രകാരം കൂട്ടിച്ചേർത്തത്.

6. ആനുപാതിക പ്രാതിനിധ്യതത്വ പ്രകാരം ഒറ്റ കൈമാറ്റ വോട്ടിന്റെ അടിസ്ഥാനത്തിൽ സർവകലാശാലയിലെ സ്ഥിരം തൊഴിലാളികൾ അവരുടെ ഇടയിൽ നിന്നും തെരഞ്ഞെടുക്കുന്ന രണ്ടു അംഗങ്ങൾ.]

**ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങൾ**

[12][1. ബന്ധപ്പെട്ട സർവകലാശാലയിൽ നിന്നോ പുറമെ നിന്നോ ഉള്ള, കാർഷിക രംഗത്തും അനുബന്ധ വിഷയങ്ങളിലും ശ്രേഷ്ഠരായ നാല് ശാസ്ത്രജ്ഞൻമാർ;

2. നാല് കൃഷിക്കാർ - അവരിൽ ഒരാൾ പട്ടികജാതിയിലോ, പട്ടികവർഗ്ഗത്തിലോ പെട്ട ഒരംഗവും ഒരാൾ വനിതയും ആയിരിക്കേണ്ടതാണ്;

3. കേരളാ പ്ലാന്റേഴ്സ് അസോസിയേഷനിൽ നിന്നും ഒരംഗം;

4. ഗ്രാമപഞ്ചായത്തിന്റെ രണ്ടു പ്രസിഡന്റുമാർ.]

**മറ്റ് അംഗങ്ങൾ**

1. കോഴിക്കോട്, കൊച്ചി, കേരള സർവ്വകലാശാലകളെ യഥാക്രമം പ്രതിനിധീകരിക്കുന്നതിനു അതാത് സർവ്വകലാശാലയുടെ സെനറ്റ് തിരഞ്ഞെടുക്കുന്ന മൂന്നംഗങ്ങൾ;

2. ഇൻഡ്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെ ഒരു പ്രതിനിധി.

---

[12] 2001-ലെ കേരള കാർഷിക സർവകലാശാല (ഭേദഗതി) ആക്റ്റ് (2001 ലെ 16–ാം ആക്റ്റ്), 4(iii) വകുപ്പ് പ്രകാരം "ചാൻസലർ നാമനിർദ്ദേശം ചെയ്ത അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിലുള്ള "(1) രണ്ട് കാർഷിക ശാസ്ത്രജ്ഞൻമാർ; (2) ^1[അഞ്ച് കൃഷിക്കാർ അവരിൽ ഒരാൾ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപ്പെട്ട ആളായിരിക്കണം]; (3) താഴെപ്പറയുന്ന ഓരോ വിഭാഗത്തിൽനിന്നും ഒരു അനുദ്യോഗസ്ഥ പ്രതിനിധി വീതം, (എ) സഹകരണം, (ബി) ഫിഷറീസ്, (സി) മൃഗ സംരക്ഷണം; (4) സംസ്ഥാനത്തെ തോട്ടം വ്യവസായത്തിന്റെ ഒരു അനുദ്യോഗസ്ഥ പ്രതിനിധി; (5) ^2[രണ്ടു വനിതകൾ;; (6) കാർഷിക എൻജിനീയറിംഗിലോ ജലസേചനത്തിലോ വിശേഷജ്ഞാനം സമ്പാദിച്ചിട്ടുള്ള ഒരു എൻജിനീയർ; (7) വിദ്യാഭ്യാസ ശാസ്ത്രജ്ഞൻ; (8) ^3[കർഷകത്തൊഴിലാളികളെ പ്രതിനിധാനം ചെയ്യുന്ന നാല് അംഗങ്ങൾ - അവരിൽ ഒരാൾ പട്ടികജാതിയിലെ അംഗമായിരിക്കണം]; (9) സംസ്ഥാനത്തെ തോട്ടം തൊഴിലാളികളെ പ്രതിനിധാനം ചെയ്യുന്ന ഒരംഗം; ^4[(10) പട്ടികജാതിയിൽപ്പെട്ട രണ്ട് അംഗങ്ങളും പട്ടികവർഗ്ഗത്തിൽപ്പെട്ട ഒരംഗവും അവരിൽ ഒരാൾ സംസ്ഥാന നിയമസഭയിലെ അംഗമായിരിക്കേണ്ടതാണ്]; ^5[(11) (i) കേരള സംസ്ഥാന ഫാംമിംഗ് കോർപ്പറേഷൻ ലിമിറ്റഡ്; (ii) കേരള പ്ലാന്റേഷൻ കോർപ്പറേഷൻ ലിമിറ്റഡ്; (iii) കേരള അഗ്രോ മിഷിനറി കോർപ്പറേഷൻ ലിമിറ്റഡ്; (iv) കേരള സംസ്ഥാന ഹോർട്ടികൾച്ചറൽ പ്രോഡക്റ്റ്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്; (v) ഓയിൽ പാം ഇൻഡ്യ ലിമിറ്റഡ്; (vi) കേരഫെഡ്; (vii) കേരള അഗ്രോ-ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ്; എന്നിവയിലെ ചെയർമാൻ അല്ലെങ്കിൽ മാനേജിംഗ് ഡയറക്ടർ; (12) കേരള സംസ്ഥാന സഹകരണ കാർഷിക വികസന ബാങ്ക് പ്രസിഡന്റ്; (13) കേരള ഗവൺമെന്റ് ഏർപ്പെടുത്തിയ കൃഷിക്കുള്ള അവാർഡ് ജേതാവായ ഒരു കർഷകൻ; (14) (i) കാർഷികോല്പാദന കമ്മീഷണർ; (ii) സംസ്ഥാന ആസൂത്രണ ബോർഡിൽ കൃഷിയുടെ ചുമതലയുള്ള അംഗം; (iii) ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കമ്മിറ്റിയുടെ ചെയർമാൻ; എന്നിവരുടെ ഒരു കമ്മിറ്റിയുടെ ശുപാർശയിൻമേൽ ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന, സർവകലാശാലയുടെ ജീവനക്കാരല്ലാത്ത, കൃഷിയിലും അതുമായി ബന്ധപ്പെട്ട വിഷയങ്ങളിലും പ്രഗൽഭരായ അഞ്ച് ശാസ്ത്രജ്ഞൻമാർ];" എന്നതിന് പകരം ചേർത്തത് (26/12/2001 മുതൽ പ്രാബല്യം).

^1 1989-ലെ കേരള കാർഷിക സർവകലാശാല (ഭേദഗതി) ആക്റ്റ് (1989 ലെ 6–ാം ആക്റ്റ്), 4(iii)(എ) വകുപ്പ് പ്രകാരം "അഞ്ച് കൃഷിക്കാർ" എന്നതിന് പകരം ചേർത്തത് (14/09/1988 മുതൽ പ്രാബല്യം).

^2 1989-ലെ കേരള കാർഷിക സർവകലാശാല (ഭേദഗതി) ആക്റ്റ് (1989 ലെ 6–ാം ആക്റ്റ്), 4(iii)(ബി) വകുപ്പ് പ്രകാരം "ഒരു സാമൂഹ്യ പ്രവർത്തക" എന്നതിന് പകരം ചേർത്തത് (14/09/1988 മുതൽ പ്രാബല്യം).

^3 1989-ലെ കേരള കാർഷിക സർവകലാശാല (ഭേദഗതി) ആക്റ്റ് (1989 ലെ 6–ാം ആക്റ്റ്), 4(iii)(സി) വകുപ്പ് പ്രകാരം "കർഷകത്തൊഴിലാളികളെ പ്രതിനിധാനം ചെയ്യുന്ന രണ്ടംഗങ്ങൾ - അവരിൽ ഒരാൾ പട്ടിക ജാതിയിലെ അംഗമായിരിക്കണം" എന്നതിന് പകരം ചേർത്തത് (14/09/1988 മുതൽ പ്രാബല്യം).

^4 1989-ലെ കേരള കാർഷിക സർവകലാശാല (ഭേദഗതി) ആക്റ്റ് (1989 ലെ 6–ാം ആക്റ്റ്), 4(iii)(ഡി) വകുപ്പ് പ്രകാരം കൂട്ടിച്ചേർത്തത്.

^5 1997-ലെ കേരള കാർഷിക സർവകലാശാല (ഭേദഗതി) ആക്റ്റ് (1997 ലെ 7–ാം ആക്റ്റ്), വകുപ്പ് 2(iii) പ്രകാരം പ്രകാരം കൂട്ടിച്ചേർത്തത്.

[13][3. സർവകലാശാലയുടെ ആസ്ഥാനം സ്ഥിതിചെയ്യുന്ന നിയോജകമണ്ഡലത്തെ പ്രതിനിധാനം ചെയ്യുന്ന നിയമസഭാംഗം.]

**11. ജനറൽ കൗൺസിലിന്റെ പുനഃസംഘടന.-** [14][]

(1) ഓരോ മൂന്നു വർഷം കൂടുമ്പോഴും ജനറൽ കൗൺസിൽ പുനഃസംഘടിപ്പിക്കേണ്ടതാണ്.

(2) ഈ ആക്ടിലേയും പരിനിയമങ്ങളിലേയും വ്യവസ്ഥകൾക്ക് വിധേയമായി, ഔദ്യോഗിക നിലയിലുള്ള അംഗമൊഴിച്ച് ജനറൽ കൗൺസിലിലുള്ള ഏതൊരംഗവും ജനറൽ കൗൺസിൽ അടുത്ത പ്രാവശ്യം പുനഃസംഘടിപ്പിക്കുന്നതുവരെ സ്ഥാനം വഹിക്കേണ്ടതാകുന്നു;

എന്നാൽ, ഒരു പ്രത്യേക സമിതിയിലെ അംഗമെന്ന നിലയ്ക്കോ, അല്ലെങ്കിൽ ഒരു പ്രത്യേക ഉദ്യോഗം വഹിക്കുന്ന ആൾ എന്ന നിലയ്ക്കോ നാമനിർദ്ദേശം ചെയ്യപ്പെടുകയോ തെരഞ്ഞെടുക്കപ്പെടുകയോ ചെയ്യുന്ന യാതൊരംഗവും അങ്ങനെയുള്ള അംഗം അല്ലാതായിത്തീർന്നശേഷം മൂന്നുമാസത്തിൽ കൂടുതൽ കാലത്തേക്ക്, അതിന്നിടയിൽ അയാൾ വീണ്ടും ആ സമിതിയിലെ ഒരംഗമായിത്തീരുകയോ, ആ ഉദ്യോഗം വഹിക്കുകയോ ചെയ്യാത്തപക്ഷം, സ്ഥാനം വഹിക്കുവാൻ പാടില്ലാത്തതാകുന്നു;

എന്നുമാത്രമല്ല, ജനറൽ കൗൺസിലിലേക്ക് തിരഞ്ഞെടുക്കപ്പെടുകയോ നാമനിർദ്ദേശം ചെയ്യപ്പെടുകയോ ചെയ്ത ഒരംഗം, ഏത് ഉദ്യോഗം ഹേതുവായാണോ ജനറൽ കൗൺസിലിലെ ഔദ്യോഗികനിലയിലുള്ള അംഗമാകാൻ അർഹനായിട്ടുള്ളത്, അങ്ങനെയുള്ള ഏതെങ്കിലും ഉദ്യോഗത്തിൽ താൽക്കാലികമായി നിയമിക്കപ്പെടുന്നപക്ഷം അദ്ദേഹം അതതു സംഗതി പോലെ അങ്ങനെ തെരഞ്ഞെടുക്കപ്പെടുകയോ നാമനിർദ്ദേശം ചെയ്യപ്പെടുകയോ ചെയ്ത അംഗമായിരിക്കുന്നതല്ലാതായിത്തീരുന്നതാകുന്നു.

(3) ഒരാൾ ജനറൽ കൗൺസിലിലെ അംഗമല്ലാതായിത്തീരുമ്പോൾ, ജനറൽ കൗൺസിലിലെ അംഗത്വം ഹേതുവായി സർവ്വകലാശാലയുടെ ഏതൊരു അധികാരസ്ഥാനത്താണോ അയാൾ അംഗമായിരിക്കുന്നത് അങ്ങനെയുള്ള ഏതെങ്കിലും അധികാരസ്ഥാനത്തെ അംഗമല്ലാതായിത്തീരുന്നതാകുന്നു.

**12. ജനറൽ കൗൺസിലിന്റെ അധികാരങ്ങളും കൃത്യങ്ങളും.-**

(1) ജനറൽ കൗൺസിൽ സർവകലാശാലയുടെ പരമാധികാരസ്ഥാനം ആയിരിക്കുന്നതും, അതിന്, ഈ ആക്റ്റോ, പരിനിയമങ്ങളോ, ഓർഡിനൻസോ റഗുലേഷനുകളോ പ്രകാരം നൽകപ്പെട്ട

---

[13] 1997 ലെ കേരള കാർഷിക സർവകലാശാല (ഭേദഗതി) ആക്റ്റ് (1997 ലെ 7–ാം ആക്റ്റ്), 2.(iv) വകുപ്പ് പ്രകാരം കൂട്ടിച്ചേർത്തത് (20/04/1997 മുതൽ പ്രാബല്യം).

[14] കുറിപ്പ്: 2001-ലെ കേരള കാർഷിക സർവകലാശാല (ഭേദഗതി) ആക്റ്റ് (2001 ലെ 16–ാം ആക്റ്റ്)-ലെ വകുപ്പ് 12-ൽ താഴെപ്പറയുന്ന പ്രകാരം വ്യവസ്ഥ ചെയ്തിരിക്കുന്നു.:

12. ജനറൽ കൗൺസിൽ പിരിച്ചു വിടൽ:- (1) പ്രധാന ആക്റ്റിലോ, അതിൻകീഴിൽ ഉണ്ടാക്കിയ സ്റ്റാറ്റ്യൂട്ടുകളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, 2001-ലെ കേരള കാർഷിക സർവ്വകലാശാല (ഭേദഗതി) ആക്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതിയിലും, അതുമുതൽക്കും സർവ്വകലാശാലയുടെ ജനറൽ കൗൺസിൽ പിരിച്ചുവിടപ്പെട്ടതായിത്തീരുന്നതും അങ്ങനെ പിരിച്ചു വിടപ്പെട്ടതു മുതൽ പ്രസ്തുത കൗൺസിലിലുള്ള എല്ലാ അംഗങ്ങളും അവരുടെ അപ്രകാരമുള്ള ഉദ്യോഗങ്ങൾ ഒഴിഞ്ഞതായി കരുതപ്പെടേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം പിരിച്ചുവിടപ്പെട്ട ജനറൽ കൗൺസിൽ അപ്രകാരമുള്ള പിരിച്ചുവിടൽ തീയതി മുതൽ ആറുമാസത്തിനകം പ്രധാന ആക്റ്റിലെ വ്യവസ്ഥകൾക്കനുസൃതമായി പുനഃസംഘടിപ്പിക്കേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പുപ്രകാരം ജനറൽ കൗൺസിൽ പിരിച്ചുവിടപ്പെടുന്നതിനും, (2)-ാം ഉപവകുപ്പു പ്രകാരം അവ പുനഃസംഘടിപ്പിക്കപ്പെടുന്നതിനും ഇടയ്ക്കുള്ള കാലയളവിലേക്ക് ജനറൽ കൗൺസിലിന്റെ അധികാരങ്ങൾ വിനിയോഗിക്കുന്നതിനും കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനും വേണ്ടി ചാൻസിലർക്ക് നാമനിർദ്ദേശം വഴി ജനറൽ കൗൺസിൽ രൂപീകരിക്കാവുന്നതാണ്.

അധികാരങ്ങൾ വിനിയോഗിച്ച് എക്സിക്യൂട്ടീവ് കമ്മിറ്റിയോ അക്കാഡമിക് കൗൺസിലോ പ്രവർത്തിച്ചിട്ടുള്ള സംഗതികളിലൊഴികെ, എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും അക്കാഡമിക് കൗൺസിലിന്റെയും പ്രവൃത്തികൾ പുനഃപരിശോധന നടത്തുന്നതിന് അധികാരമുണ്ടായിരിക്കുന്നതുമാണ്;

എന്നാൽ, എക്സിക്യൂട്ടീവ് കമ്മിറ്റിയോ അക്കാദമിക് കൗൺസിലോ മുകളിൽ പറഞ്ഞ അധികാരങ്ങൾ അനുസരിച്ച് പ്രവർത്തിച്ചിട്ടുണ്ടെന്നോ ഇല്ലെന്നോ ഉള്ള ഏതെങ്കിലും പ്രശ്നം ഉണ്ടാകുകയാണെങ്കിൽ ചാൻസലർ ആ പ്രശ്നത്തിൻമേൽ തീർപ്പു കൽപ്പിക്കേണ്ടതും അദ്ദേഹത്തിന്റെ തീരുമാനം അവസാനത്തേതായിരിക്കുന്നതുമാണ്.

(2) ഈ ആക്റ്റിൽ മറ്റുപ്രകാരത്തിൽ സ്പഷ്ടമായി വ്യവസ്ഥ ചെയ്തിട്ടുള്ള സംഗതികളിലൊഴികെ ജനറൽ കൗൺസിലിന് താഴെപ്പറയുന്ന അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:-

(എ) സർവ്വകലാശാല ഏതെല്ലാം ഡിഗ്രികളും ഡിപ്ലോമകളും വിദ്യാ സംബന്ധമായ മറ്റു ബഹുമതികളുമാണ് നൽകേണ്ടത് എന്ന് നിർണ്ണയിക്കുക;

(ബി) സ്വമേധയായോ അല്ലെങ്കിൽ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ഉപക്ഷേപത്തിൻമേലോ പരിനിയമങ്ങൾ ഉണ്ടാക്കുകയോ ഭേദഗതി ചെയ്യുകയോ അല്ലെങ്കിൽ റദ്ദാക്കുകയോ ചെയ്യുക;

(സി) എക്സിക്യൂട്ടീവ് കമ്മിറ്റി പാസ്സാക്കിയ ഏതെങ്കിലും ഓർഡിനൻസോ അക്കാഡമിക് കൗൺസിൽ പാസ്സാക്കിയ ഏതെങ്കിലും റഗുലേഷനോ റദ്ദാക്കുകയോ ഭേദഗതി ചെയ്യുകയോ ചെയ്യുക;

(ഡി) ഈ ആക്റ്റിലേയും പരിനിയമങ്ങളിലേയും ഓർഡിനൻസുകളിലേയും റഗുലേഷനുകളിലേയും വ്യവസ്ഥകളനുസരിച്ച് ഫെല്ലോഷിപ്പുകളും സ്കോളർഷിപ്പുകളും സ്റ്റുഡന്റ് ഷിപ്പുകളും വിദ്യാർത്ഥി വേതനങ്ങളും മെഡലുകളും സമ്മാനങ്ങളും ഏർപ്പെടുത്തുകയും, പ്രദർശനങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുക;

(ഇ) പ്രൊഫസർമാരുടെ തസ്തികകളും, റീഡർമാരുടെ തസ്തികകളും, ലെക്ചർമാരുടെ തസ്തികകളും, ആവശ്യമെന്ന് അത് കരുതാവുന്ന അദ്ധ്യാപനപരമോ ഗവേഷണപരമോ ആയ മറ്റു തസ്തികകളും ഏർപ്പെടുത്തുക;

(എഫ്) ആവശ്യമെന്ന് അതതുസമയം അത് കരുതാവുന്ന സ്ഥാപനങ്ങൾ ഏർപ്പെടുത്തുകയും, നടത്തിപ്പോരുകയും ചെയ്യുക;

(ജി) സർവ്വകലാശാല ജീവനക്കാരുടെ സേവനം സംബന്ധിച്ച, തിട്ടങ്ങളും വ്യവസ്ഥകളും നിർണ്ണയിക്കുക;

(എച്ച്) അദ്ധ്യാപകരുടെ വേതനം ക്രമപ്പെടുത്തുകയും അവരുടെ ചുമതലകളും സേവനവ്യവസ്ഥകളും നിർണ്ണയിക്കുകയും ചെയ്യുക;

(ഐ) എക്സിക്യൂട്ടീവ് കമ്മിറ്റി അതിന്റെ മുമ്പാകെ വയ്ക്കുന്ന സർവ്വകലാശാലയുടെ വാർഷിക റിപ്പോർട്ടും വാർഷിക കണക്കുകളും പുനഃപരിശോധിക്കുകയും, അവ സംബന്ധിച്ച് അതിന് യുക്തമെന്ന് തോന്നുന്ന നടപടി സ്വീകരിക്കുകയും, പരിനിയമങ്ങളിലെ വ്യവസ്ഥകളനുസരിച്ച് ബഡ്ജറ്റ് പരിഗണനയ്ക്കെടുത്തു പാസ്സാക്കുകയും ചെയ്യുക;

(ജെ) പരിനിയമങ്ങളിലെ വ്യവസ്ഥകൾ അനുസരിച്ച് ഏതെങ്കിലും ആൾക്ക് നൽകിയിട്ടുള്ള ഏതെങ്കിലും ഡിഗ്രിയോ, ഡിപ്ലോമയോ സ്ഥാനമോ അഥവാ മറ്റേതെങ്കിലും ബഹുമതിയോ റദ്ദാക്കുക;

(കെ) കമ്മിറ്റികളെ നിയമിക്കുകയും അവയ്ക്ക്, അതിന് യുക്തമെന്നു തോന്നുന്ന ജനറൽ കൗൺസിലിന്റെ കൃത്യങ്ങൾ ഏൽപ്പിച്ചുകൊടുക്കുകയും ചെയ്യുക;

(എൽ) സർവ്വകലാശാലയിലെ അധികാരസ്ഥാനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിന്റെ രീതിയും ജനറൽ കൗൺസിലിന്റെയും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും സർവ്വകലാശാലയുടെ മറ്റധികാരസ്ഥാനങ്ങളുടെയും യോഗങ്ങളുടെ നടപടിക്രമവും ജനറൽ കൗൺസിൽ ഒഴിച്ചുള്ള സർവ്വകലാശാലയിലെ അധികാരസ്ഥാനങ്ങൾക്ക് കാര്യനിർവ്വഹണത്തിന് ആവശ്യമുള്ള ഏറ്റവും കുറഞ്ഞ അംഗസംഖ്യയും ക്രമപ്പെടുത്തുവാൻ പരിനിയമങ്ങൾ ഉണ്ടാക്കുക;

(എം) അത് നിർണ്ണയിക്കാവുന്ന വിധത്തിലും നിർണ്ണയിക്കാവുന്ന കാര്യങ്ങൾക്കും മറ്റു സർവ്വകലാശാലകളും മറ്റ് അധികാരസ്ഥാനങ്ങളുമായി സഹകരിക്കുക;

(എൻ) ഈ ആക്റ്റും പരിനിയമങ്ങളും മൂലം അതിനു നൽകാവുന്ന മറ്റ് അധികാരങ്ങൾ വിനിയോഗിക്കുകയും മറ്റു കൃത്യങ്ങൾ നിർവ്വഹിക്കുകയും ചെയ്യുക.

**<u>13. ജനറൽ കൗൺസിലിന്റെ യോഗം.-</u>**

(1) ജനറൽ കൗൺസിൽ നാലു മാസത്തിൽ ഒരിക്കൽ വൈസ്-ചാൻസലർ നിശ്ചയിക്കുന്ന തീയതികളിൽ യോഗം ചേരേണ്ടതും അപ്രകാരമുള്ള യോഗങ്ങളിൽ ഒന്നിന് വാർഷികയോഗം എന്ന് പേര് പറയേണ്ടതുമാകുന്നു.

(2) ജനറൽ കൗൺസിലിന്റെ ആകെയുള്ള അംഗസംഖ്യയുടെ അഞ്ചിൽ ഒന്ന് ആയിരിക്കും കൗൺസിലിന്റെ യോഗത്തിനുള്ള ക്വോറം.

എന്നാൽ, അപ്രകാരമുള്ള ക്വോറം സർവകലാശാലയുടെ ബിരുദദാന സമ്മേളനത്തിനോ, ഡിഗ്രികളോ സ്ഥാനങ്ങളോ മറ്റു ബഹുമതികളോ നൽകുന്നതിന് കൂടുന്ന ജനറൽ കൗൺസിലിന്റെ യോഗത്തിനോ ആവശ്യമില്ലാത്തതാകുന്നു.

(3) ജനറൽ കൗൺസിലിന്റെ ഒരു പ്രത്യേക യോഗം വൈസ്-ചാൻസലർ ഉചിതമെന്ന് തോന്നുമ്പോഴെല്ലാം വിളിച്ചുകൂട്ടാവുന്നതും ജനറൽ കൗൺസിലിലെ അംഗങ്ങളുടെ ആകെ എണ്ണത്തിന്റെ നാലിലൊരു ഭാഗത്തിൽ കുറയാത്ത അംഗങ്ങൾ ഒപ്പുവച്ച രേഖാമൂലമായ അർത്ഥനയിന്മേൽ വിളിച്ചുകൂട്ടേണ്ടതുമാകുന്നു.

(4) അർത്ഥനയിന്മേൽ ഒരു പ്രത്യേക യോഗം വിളിച്ചുകൂട്ടുമ്പോൾ അർത്ഥനയിൽ കാണിച്ചതല്ലാത്ത യാതൊരു വിഷയവും ആ യോഗത്തിൽ പരിഗണനയ്ക്ക് എടുക്കുവാൻ പാടുള്ളതല്ല.

**<u>14. എക്സിക്യൂട്ടീവ് കമ്മിറ്റി.-</u>** എക്സിക്യൂട്ടീവ് കമ്മിറ്റി സർവ്വകലാശാലയുടെ മുഖ്യ ഭരണ നിർവ്വഹണ സമിതി ആയിരിക്കുന്നതും അതിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉൾപ്പെടുന്നതുമാണ്, അതായത്:-

**<u>ഔദ്യോഗിക നിലയിലുള്ള അംഗങ്ങൾ</u>**

[15][(1) വൈസ്-ചാൻസലർ;

(2) കാർഷികോൽപ്പദന കമ്മീഷണറും, അതാതുസംഗതിപോലെ, ധനകാര്യ വകുപ്പിലെ ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറിയോ, സെക്രട്ടറിയോ അല്ലെങ്കിൽ സ്പെഷ്യൽ സെക്രട്ടറിയും;]

**<u>മറ്റ് അംഗങ്ങൾ</u>**

(1) ജനറൽ കൗൺസിലിൽ ഇൻഡ്യൻ കാർഷിക ഗവേഷണ കൗൺസിലിനെ പ്രതിനിധാനം ചെയ്യുന്ന ഒരംഗം;

(2) ജനറൽ കൗൺസിൽ തിരഞ്ഞെടുക്കുന്ന ഒരു ഫാക്കൽറ്റി ഡീൻ;

(3) ജനറൽ കൗൺസിലിലെ അദ്ധ്യാപകരുടെ ഇടയിൽനിന്നും കൗൺസിൽ തിരഞ്ഞെടുക്കുന്ന ഒരംഗം;

[16][(4) കൗൺസിൽ തെരഞ്ഞെടുക്കുന്ന ജനറൽ കൗൺസിലിലെ അഞ്ച് അനൗദ്യോഗിക അംഗങ്ങൾ], അവരിൽ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ പെട്ട ഒരംഗവും ഒരു വനിതയും ഉണ്ടായിരിക്കേണ്ടതാണ്;]

(5) [17][***]

(6) [18][***]

---

[15] 2001-ലെ കേരള കാർഷിക സർവകലാശാല (ഭേദഗതി) ആക്റ്റ് (2001 ലെ 16–ാം ആക്റ്റ്), 5 (i) വകുപ്പ് പ്രകാരം "(1) വൈസ് ചാൻസലർ; (2) പ്രോ വൈസ് ചാൻസലർ ഉണ്ടെങ്കിൽ അദ്ദേഹം; [^1] [(3) കാർഷികോൽപ്പാദന കമ്മീഷ്ണർ; (4) കൃഷി, മൃഗസംരക്ഷണം, ധനകാര്യം, ഫിഷറീസ് എന്നീ വകുപ്പുകളിലെ, അതതു സംഗതിപോലെ, ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറിമാരോ, സെക്രട്ടറിമാരോ, സ്പെഷ്യൽ സെക്രട്ടറിമാരോ.]" എന്നതിന് പകരം ചേർത്തത് (26/12/2001 മുതൽ പ്രാബല്യം).

[^1] 1997 ലെ കേരള കാർഷിക സർവകലാശാല (ഭേദഗതി) ആക്റ്റ് (1997 ലെ 7–ാം ആക്റ്റ്), 3.(i) വകുപ്പ് പ്രകാരം "കൃഷി, ഡെവലപ്പ്മെന്റ്, ഫൈനാൻസ് എന്നീ വകുപ്പുകളുടെ ഗവൺമെന്റ് സെക്രട്ടറിമാർ" എന്നതിന് പകരം ചേർത്തത് (20/04/1997 മുതൽ പ്രാബല്യം).

[16] ഭേദഗതികൾ:-

1. 1989 ലെ കേരള കാർഷിക സർവകലാശാല (ഭേദഗതി) ആക്റ്റ് (1989 ലെ 6–ാം ആക്റ്റ്), 5–ാം വകുപ്പ് പ്രകാരം "(4). കൗൺസിൽ തിരഞ്ഞെടുക്കുന്ന ജനറൽ കൗൺസിലിലെ നാല് അനൗദ്യോഗിക അംഗങ്ങൾ." എന്നതിന് പകരം "(4) കൗൺസിൽ തെരഞ്ഞെടുക്കുന്ന ജനറൽ കൗൺസിലിലെ അഞ്ച് അനൗദ്യോഗിക അംഗങ്ങൾ, അവരിൽ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ പെട്ട ഒരംഗവും ഒരു വനിതയും ഉണ്ടായിരിക്കേണ്ടതാണ്;"എന്ന് ചേർത്തു (14/09/1988 മുതൽ പ്രാബല്യം).
2. 1997-ലെ കേരള കാർഷിക സർവകലാശാല (ഭേദഗതി) ആക്റ്റ് (1997 ലെ 7–ാം ആക്റ്റ്), 3(ii)(എ) വകുപ്പ് പ്രകാരം "അഞ്ച് അനൗദ്യോഗിക അംഗങ്ങൾ" എന്നതിനു പകരം "എട്ട് അനൗദ്യോഗിക അംഗങ്ങൾ" എന്ന് ചേർത്തു (20/04/1997 മുതൽ പ്രാബല്യം).
3. 2001-ലെ കേരള കാർഷിക സർവകലാശാല (ഭേദഗതി) ആക്റ്റ് (2001 ലെ 16–ാം ആക്റ്റ്), 5(ii)(എ) വകുപ്പ് പ്രകാരം "എട്ട് അനൗദ്യോഗിക അംഗങ്ങൾ" എന്നതിന് പകരം "അഞ്ച് അനൗദ്യോഗിക അംഗങ്ങൾ" എന്ന് ചേർത്തു (26/12/2001 മുതൽ പ്രാബല്യം).

[17] ഭേദഗതികൾ:-

1. 1989 ലെ കേരള കാർഷിക സർവകലാശാല (ഭേദഗതി) ആക്റ്റ് (1989 ലെ 6–ാം ആക്റ്റ്), 5–ാം വകുപ്പ് പ്രകാരം "(5). "ജനറൽ കൗൺസിലിലെ വിദ്യാർത്ഥികൾക്കിടയിൽ നിന്നും കൗൺസിൽ തെരഞ്ഞെടുക്കുന്ന ഒരു അംഗം, എന്നാൽ ഒരംഗത്തിന് തെരഞ്ഞെടുപ്പു തീയതി മുതൽ ഒരു വർഷക്കാലത്തേക്കോ അല്ലെങ്കിൽ ജനറൽ കൗൺസിലിലെ ഒരു അംഗമല്ലാതകുന്നതുവരെയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് അതുവരെ ഉദ്യോഗത്തിൽ തുടരുന്നതാണ്. " എന്ന് കൂട്ടിചേർത്തു (14/09/1988 മുതൽ പ്രാബല്യം).
2. 2001-ലെ കേരള കാർഷിക സർവകലാശാല (ഭേദഗതി) ആക്റ്റ് (2001 ലെ 16–ാം ആക്റ്റ്), 5(ii)(ബി) വകുപ്പ് പ്രകാരം റദ്ദാക്കി (26/12/2001 മുതൽ പ്രാബല്യം).

[18] ഭേദഗതികൾ:-

[19][(7) സർവകലാശാലയുടെ ആസ്ഥാനം സ്ഥിതിചെയ്യുന്ന നിയോജകമണ്ഡലത്തെ പ്രതിനിധാനം ചെയ്യുന്ന നിയമസഭാംഗം.]

**[20][15. എക്സിക്യൂട്ടിവ് കമ്മിറ്റി അംഗങ്ങളുടെ ഔദ്യോഗിക കാലാവധി.-**

(1) എക്സിക്യൂട്ടീവ് കമ്മിറ്റിയിലെ [21][തെരഞ്ഞെടുക്കപ്പെട്ടതോ നാമനിർദ്ദേശം ചെയ്യപ്പെട്ടതോ ആയ ഒരംഗം,] അയാളെ തെരഞ്ഞെടുത്ത പൊതുസമിതി പുനഃസംവിധാനം ചെയ്യപ്പെടുന്ന തീയതിക്ക് തൊട്ടുമുമ്പുള്ള ദിവസം ഔദ്യോഗികസ്ഥാനം വഹിക്കുന്നതല്ലാതായിത്തീരുന്നതാണ്.

(2) 1-ാം ഉപവകുപ്പിലെ വ്യവസ്ഥകളനുസരിച്ച് ഔദ്യോഗിക സ്ഥാനം വഹിക്കുന്നവരല്ലാതായിത്തീർന്ന [22][തെരഞ്ഞെടുക്കപ്പെട്ടതോ നാമനിർദ്ദേശം ചെയ്യപ്പെട്ടതോ ആയ അംഗങ്ങളൊഴികെയുള്ള] എക്സിക്യൂട്ടീവ് കമ്മിറ്റിയിലെ മറ്റ് അംഗങ്ങൾക്ക്, ഈ ആക്റ്റിനും സ്റ്റാറ്റ്യൂട്ടുകൾക്കും ഓർഡിനൻസുകൾക്കും ചട്ടങ്ങൾക്കും കീഴിലുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അധികാരങ്ങൾ വിനിയോഗിക്കുന്നതിനും, ചുമതലകൾ നിർവ്വഹിക്കുന്നതിനും അധികാരമുണ്ടായിരിക്കുന്നതാണ്.

(3) 1-ാം ഉപവകുപ്പിലെ വ്യവസ്ഥകളനുസരിച്ച് ഔദ്യോഗിക സ്ഥാനം വഹിക്കുന്നവരല്ലാതായിത്തീർന്ന [23][തെരഞ്ഞെടുക്കപ്പെട്ടതോ നാമനിർദ്ദേശം ചെയ്യപ്പെട്ടതോ ആയ അംഗങ്ങളൊഴികെയുള്ള] എക്സിക്യൂട്ടീവ് കമ്മിറ്റിയിലെ മറ്റു അംഗങ്ങളുടെ ഏതെങ്കിലും യോഗത്തിനുള്ള കോറം മൂന്നായിരിക്കുന്നതാണ്.

(4) എക്സ്-ഒഫിഷ്യോ അംഗമോ അല്ലെങ്കിൽ ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിനെ പ്രതിനിധീകരിക്കുന്ന അംഗമോ അല്ലാത്ത മറ്റൊരു വ്യക്തിക്ക് തുടർച്ചയായി രണ്ടു തവണയിൽ കൂടുതൽ കാലത്തേക്ക് ഔദ്യോഗികസ്ഥാനം വഹിക്കുവാൻ അർഹതയുണ്ടായിരിക്കുന്നതല്ല.]

---

1. 1997-ലെ കേരള കാർഷിക സർവകലാശാല (ഭേദഗതി) ആക്റ്റ് (1997 ലെ 7–ാം ആക്റ്റ്), 3(ii)(ബി) വകുപ്പ് പ്രകാരം "(6) ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ജനറൽ കൗൺസിലിലെ മൂന്ന് ശാസ്ത്രജ്ഞൻമാർ;. " എന്ന് കൂട്ടിച്ചേർത്തു (14/09/1988 മുതൽ പ്രാബല്യം).
2. 2001-ലെ കേരള കാർഷിക സർവകലാശാല (ഭേദഗതി) ആക്റ്റ് (2001 ലെ 16–ാം ആക്റ്റ്), 5(ii)(ബി) വകുപ്പ് പ്രകാരം റദ്ദാക്കി (26/12/2001 മുതൽ പ്രാബല്യം).

[19] 1997-ലെ കേരള കാർഷിക സർവകലാശാല (ഭേദഗതി) ആക്റ്റ് (1997 ലെ 7–ാം ആക്റ്റ്), 3(ii)(ബി) വകുപ്പ് പ്രകാരം കൂട്ടി ചേർത്തത് (20/04/1997 മുതൽ പ്രാബല്യം).

[20] 1980-ലെ കേരള കാർഷിക സർവകലാശാല (ഭേദഗതി) ആക്റ്റ് (1980 ലെ 15–ാം ആക്റ്റ്), 2–ാം വകുപ്പ് പ്രകാരം "എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളുടെ സ്ഥാനം സംബന്ധിച്ച കാലാവധി:- എക്സിക്യൂട്ടീവ് കമ്മിറ്റിയിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ, അവരെ തിരഞ്ഞെടുത്ത തീയതി മുതൽ മൂന്നു വർഷത്തേയ്ക്ക് സ്ഥാനം വഹിക്കുന്നതാണ്. എന്നാൽ, ഒരു പ്രത്യേക സമിതിയിലെ അംഗമെന്ന നിലയിലോ ഒരു പ്രത്യേക സ്ഥാനം വഹിക്കുന്ന ആളെന്ന നിലയിലോ തിരഞ്ഞെടുക്കപ്പെടുന്ന യാതൊരാളും അങ്ങനെയുള്ള അംഗമോ സ്ഥാനം വഹിക്കുന്ന ആളോ അല്ലാതായിത്തീർന്നതിനുശേഷം മൂന്നുമാസത്തിൽ കവിഞ്ഞ കാലത്തേക്ക്, അതിനിടയിൽ അയാൾ ആ സമിതിയിലെ ഒരംഗമോ ആ സ്ഥാനം വഹിക്കുന്ന ആളോ ആയിത്തീരാത്തപക്ഷം, എക്സിക്യൂട്ടീവ് കമ്മിറ്റിയിലെ അംഗമായിരിക്കുവാൻ പാടുള്ളതല്ല; എന്നുമാത്രമല്ല, ഔദ്യോഗിക നിലയിലുള്ള അംഗമോ ഇൻഡ്യൻ കാർഷിക ഗവേഷണ കൗൺസിലിനെ പ്രതിനിധാനം ചെയ്യുന്ന അംഗമോ ഒഴികെയുള്ള യാതൊരാളും രണ്ടിൽകൂടുതൽ തവണ തുടർച്ചയായി ഔദ്യോഗിക സ്ഥാനം വഹിക്കുവാൻ അർഹനായിരിക്കുന്നതല്ല." എന്നതിന് പകരം ചേർത്തത് (07/06/1980 മുതൽ പ്രാബല്യം).

[21] 1997 ലെ കേരള കാർഷിക സർവകലാശാല (ഭേദഗതി) ആക്റ്റ് (1997 ലെ 7–ാം ആക്റ്റ്), 4. (i) വകുപ്പ് പ്രകാരം "തെരഞ്ഞെടുക്കപ്പെട്ട ഒരംഗം" എന്നതിന് പകരം ചേർത്തത് (20/04/1997 മുതൽ പ്രാബല്യം).

[22] 1997 ലെ കേരള കാർഷിക സർവകലാശാല (ഭേദഗതി) ആക്റ്റ് (1997 ലെ 7–ാം ആക്റ്റ്), 4. (ii) വകുപ്പ് പ്രകാരം "തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളൊഴികെയുള്ള" എന്നതിന് പകരം ചേർത്തത് (20/04/1997 മുതൽ പ്രാബല്യം).

[23] 1997 ലെ കേരള കാർഷിക സർവകലാശാല (ഭേദഗതി) ആക്റ്റ് (1997 ലെ 7–ാം ആക്റ്റ്), 4. (iii) വകുപ്പ് പ്രകാരം "തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളൊഴികെയുള്ള" എന്നതിന് പകരം ചേർത്തത് (20/04/1997 മുതൽ പ്രാബല്യം).

**<u>16. എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അധികാരങ്ങൾ.-</u>** ഈ ആക്റ്റിലേയും പരിനിയമങ്ങളിലേയും വ്യവസ്ഥകൾക്കു വിധേയമായി സർവ്വകലാശാലയുടെ വകയായുള്ള സ്ഥാപനങ്ങളുടെ മേലുള്ള പൊതുവായ മേൽനോട്ടവും നിയന്ത്രണവും ഉൾപ്പെടെ സർവ്വകലാശാലയുടെ നിർവ്വഹണാധികാരം എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കുന്നതും, അതേ പ്രകാരത്തിൽ വിധേയമായി കമ്മിറ്റിക്ക് താഴെപ്പറയുന്ന അധികാരങ്ങൾ ഉണ്ടായിരിക്കുന്നതുമാണ്, അതായത്:-

(എ) ഓർഡിനൻസുകൾ ഉണ്ടാക്കുകയും അവ ഭേദഗതി ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യുകയും ചെയ്യുക;

(ബി) ജനറൽ കൗൺസിലിന്റെ പരിഗണനയ്ക്കായി പരിനിയമങ്ങൾ നിർദ്ദേശിക്കുക;

(സി) സർവകലാശാലയുടെ വക വസ്തുക്കളും ഫണ്ടുകളും കൈവശം വെയ്ക്കുകയും നിയന്ത്രിക്കുകയും നോക്കിനടത്തുകയും ചെയ്യുക;

(ഡി) സർവകലാശാലയുടെ പൊതുമുദ്രയുടെ രൂപവും സൂക്ഷിപ്പും ഉപയോഗവും നിർദ്ദേശിയ്ക്കുക;

(ഇ) കോളേജുകളുടേയും ഹോസ്റ്റലുകളുടേയും മറ്റു സ്ഥാപനങ്ങളുടേയും പരിശോധനയ്ക്ക് ഏർപ്പാടു ചെയ്യുകയും നിർദ്ദേശം കൊടുക്കുകയും ചെയ്യുക;

(എഫ്) കോളേജുകളും ഗവേഷണ സ്ഥാപനങ്ങളും അതതുസമയം അതിന് ആവശ്യമെന്ന് തോന്നുന്ന ഉപരിപഠനത്തിനുള്ള മറ്റ് സ്ഥാപനങ്ങളും സ്ഥാപിക്കുകയും സംരക്ഷിക്കുകയും നോക്കിനടത്തുകയും ചെയ്യുക;

(ജി) സർവകലാശാലാദ്ധ്യാപകരേയും മറ്റ് ജീവനക്കാരേയും നിയമിക്കുകയും അവരുടെ കർത്തവ്യങ്ങൾ നിർണ്ണയിക്കുകയും ചെയ്യുക;

(എച്ച്) ഭരണപരമായ തസ്തികകൾ, മിനിസ്റ്റീരിയൽ തസ്തികകൾ, ആവശ്യമുള്ള മറ്റ് തസ്തികകൾ എന്നിവ സൃഷ്ടിക്കുക;

(ഐ) സർവകലാശാലയിലെ അദ്ധ്യാപകരേയും മറ്റ് ജീവനക്കാരേയും, അവർക്ക് അവരുടെ നില പരിരക്ഷിക്കുന്നതിന് ന്യായമായ അവസരം നൽകിയശേഷം സസ്പെന്റ് ചെയ്യുകയോ പരിച്ചുവിടുകയോ ഡിസ്മിസ്സ് ചെയ്യുകയോ അല്ലെങ്കിൽ അവർക്കെതിരെ മറ്റുവിധത്തിൽ ശിക്ഷണ നടപടികൾ എടുക്കുകയോ ചെയ്യുക;

(ജെ) ഫെല്ലോഷിപ്പുകളും, സ്കോളർഷിപ്പുകളും സ്റ്റുഡന്റ്ഷിപ്പുകളും, വിദ്യാർത്ഥിവേതനങ്ങളും, മെഡലുകളും സമ്മാനങ്ങളും നൽകുക;

(കെ) വിദ്യാർത്ഥികളുടെ താമസം, അച്ചടക്കം എന്നിവ സംബന്ധിച്ച് മേലന്വേഷണവും നിയന്ത്രണവും നടത്തുക;

(എൽ) ഈ ആവശ്യാർത്ഥം ഉണ്ടാക്കിയിട്ടുള്ള പരിനിയമങ്ങളിലെ വ്യവസ്ഥകളനുസരിച്ച് സർവകലാശാലയുടെ ധനപരമായ എസ്റ്റിമേറ്റുകൾ പരിഗണിക്കുകയും അവ ജനറൽ കൗൺസിലിന് സമർപ്പിക്കുകയും ചെയ്യുക;

(എം) സർവകലാശാലാപരീക്ഷകൾ നടത്തുകയും അവയുടെ ഫലങ്ങൾ അംഗീകരിക്കുകയും പ്രസിദ്ധപ്പെടുത്തുകയും ചെയ്യുക;

(എൻ) പഠനബോർഡുകളിൽ അംഗങ്ങളെ നിയമിക്കുക:

(ഒ) പരീക്ഷകൻമാരുടെ ഒരു പാനൽ അംഗീകരിക്കുകയും അവർക്ക് പ്രതിഫലം നിശ്ചയിക്കുകയും ചെയ്യുക;

(പി) അതിന്റെ അധികാരങ്ങളിലേതെങ്കിലും വൈസ്-ചാൻസലർക്കോ അതിലെ അംഗങ്ങളുടെ ഇടയിൽനിന്ന് നിയമിച്ചിട്ടുള്ള ഒരു കമ്മിറ്റിക്കോ ഏൽപ്പിച്ചുകൊടുക്കുക;

(ക്യൂ) ഏതെങ്കിലും സർവകലാശാലാപരീക്ഷയിൽ ഏതെങ്കിലും അപേക്ഷകന്റെ പരീക്ഷഫലം തടഞ്ഞുവയ്ക്കുകയോ റദ്ദാക്കുകയോ ചെയ്യുക;

(ആർ) ദാനസ്വത്തുക്കളും ഒസ്യത്തുകളും സംഭാവനകളും സർവകലാശാലയ്ക്കുള്ള സ്ഥാവരമോ ജംഗമമോ ആയ വസ്തുക്കളുടെ കൈമാറ്റങ്ങളും അതിനുവേണ്ടി സ്വീകരിക്കുക. എന്നാൽ അപ്രകാരമുള്ള എല്ലാ ദാനസ്വത്തുക്കൾ, ഒസ്യത്തുകൾ, സംഭാവനകൾ, കൈമാറ്റങ്ങൾ എന്നിവയെപ്പറ്റിയെല്ലാം ജനറൽ കൗൺസിലിന് അതിന്റെ അടുത്ത യോഗത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്;

(എസ്സ്) ഈ ആക്റ്റും പരിനിയമങ്ങളും ഓർഡിനൻസുകളും മൂലം നിർണ്ണയിക്കപ്പെടാവുന്ന മറ്റ് അധികാരങ്ങൾ വിനിയോഗിക്കുകയും മറ്റ് കർത്തവ്യങ്ങൾ നിർവഹിക്കുകയും ചെയ്യുക.

**17. അക്കാഡമിക് കൗൺസിലിന്റെ ഘടന.-**

(1) അക്കാഡമിക് കൗൺസിലിൽ താഴെ പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:-

(എ) വൈസ് ചാൻസലർ;

(ബി) [24][***]

(സി) ഫാക്കൽറ്റികളുടെ ഡീനുകൾ;

(ഡി) റിസർച്ച് ഡയറക്ടർ;

(ഇ) എക്സ്റ്റൻഷൻ ഡയറക്ടർ;

(എഫ്) സ്റ്റുഡൻസ് വെൽഫയർ ഡയറക്ടർ;

(ജി) ലൈബ്രേറിയൻ;

(എച്ച്) ഫാക്കൽറ്റികളുടെ വകുപ്പ് അദ്ധ്യക്ഷൻമാരിൽ നിന്നും ചാൻസിലർ മാറിമാറിവരുന്ന ക്രമത്തിൽ നാമനിർദ്ദേശം ചെയ്യുന്ന ആറംഗങ്ങൾ;

(ഐ) സർവകലാശാലയുടെ റിസർച്ച് സ്റ്റേഷനുകളിലെ സ്റ്റാഫുകളുടെ ഇടയിൽനിന്നും ചാൻസിലർ നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് അംഗങ്ങൾ;

24 2001-ലെ കേരള കാർഷിക സർവകലാശാല (ഭേദഗതി) ആക്റ്റ് (2001 ലെ 16-ാം ആക്റ്റ്), 6-ാം വകുപ്പ് പ്രകാരം "പ്രോ വൈസ്-ചാൻസലർ ഉണ്ടെങ്കിൽ അദ്ദേഹം;" എന്നത് വിട്ടുകളഞ്ഞു; (26/12/2001 മുതൽ പ്രാബല്യം).

(ജെ) [25][നിർണ്ണയിക്കപ്പെടാവുന്ന വിധത്തിൽ തെരഞ്ഞെടുക്കപ്പെട്ട ബിരുദാനന്തര വിദ്യാർത്ഥികളുടെ ഇടയിൽ നിന്നുള്ള രണ്ടംഗങ്ങളും സർവ്വകലാശാല ഗവേഷണ വിദ്യാർത്ഥികളുടെ ഇടയിൽ നിന്നുള്ള ഒരംഗവും;]

(കെ) ഓരോ ഫാക്കൽറ്റിയിലേയും (ഡീനല്ലാത്ത) അദ്ധ്യാപകർ അവരുടെ ഇടയിൽനിന്നും തിരഞ്ഞെടുത്ത ഒരംഗം;

(എൽ) രജിസ്ട്രാർ;

(എം) നിർണ്ണയിക്കപ്പെടാവുന്ന മറ്റംഗങ്ങൾ;

(2) അക്കാഡമിക് കൗൺസിലിന്, കൃഷിയുടെ വിവിധ രംഗങ്ങൾക്ക് വേണ്ടത്ര പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിനായി, നിർണ്ണയിക്കപ്പെടാവുന്ന രീതിയിലും നിർണ്ണയിക്കപ്പെടാവുന്ന കാലത്തേക്കും പത്തിൽ കവിയാത്ത ആളുകളെ അംഗങ്ങളായി കോ-ഓപ്റ്റു ചെയ്യാവുന്നതാകുന്നു.

(3) അക്കാഡമിക് കൗൺസിലിന്റെ അംഗസംഖ്യയുടെ മൂന്നിലൊന്ന് കൗൺസിലിന്റെ യോഗത്തിനുള്ള ക്വാറം ആയിരിക്കുന്നതാണ്.

**18. അക്കാഡമിക് കൗൺസിലിന്റെ അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും.-**

(1) ഈ ആക്റ്റിലേയും പരിനിയമങ്ങളിലേയും വ്യവസ്ഥകൾക്ക് വിധേയമായി അക്കാഡമിക് കൗൺസിലിന് സർവകലാശാലയിലെ ബോധനം, വിദ്യാഭ്യാസം, പരീക്ഷകൾ എന്നിവയുടെ നിലവാരം സംബന്ധിച്ച നിയന്ത്രണവും ഉത്തരവാദിത്വവും അവ പൊതുവെ ക്രമപ്പെടുത്തുവാനുള്ള അധികാരവും ഉണ്ടായിരിക്കുന്നതും, അത് പരിനിയമങ്ങൾമൂലം അതിനു നൽകാവുന്നതോ അതിന്റെമേൽ ചുമത്താവുന്നതോ ആയ മറ്റധികാരങ്ങൾ വിനിയോഗിക്കുകയും മറ്റ് കൃത്യങ്ങൾ നിർവഹിക്കുകയും ചെയ്യേണ്ടതുമാകുന്നു.

(2) ഈ ആക്റ്റിലേയും പരിനിയമങ്ങളിലേയും വ്യവസ്ഥകൾക്ക് വിധേയമായി അക്കാഡമിക് കൗൺസിലിന് താഴെപറയുന്ന അധികാരങ്ങളും ചുമതലകളും കർത്ത്യവങ്ങളും ഉണ്ടായിരിക്കുന്നതാണ്, അതായത്:-

(എ) ജനറൽ കൗൺസിലിനേയും എക്സിക്യൂട്ടീവ് കമ്മിറ്റിയേയും വിദ്യാസംബന്ധമായ എല്ലാ സംഗതികളിലും ഉപദേശിക്കുക;

(ബി) റഗുലേഷനുകൾ ഉണ്ടാക്കുകയും, അവ ഭേദഗതിചെയ്യുകയോ റദ്ദാക്കുകയോ ചെയ്യുകയും ചെയ്യുക;

(സി) സർവകലാശാല നടത്തിപ്പോരുന്ന സ്ഥാപനങ്ങളിലെ പഠനകോഴ്സുകൾ നിർണ്ണയിക്കുക;

(ഡി) (i) കോളേജുകളിലേയും; (ii) സർവകലാശാല നടത്തിപ്പോരുന്ന സ്ഥാപനങ്ങളിലേയും അധ്യാപകരുടെ യോഗ്യതകൾ നിർണ്ണയിക്കുക;

[25] 1989-ലെ കേരള കാർഷിക സർവകലാശാല (ഭേദഗതി) ആക്റ്റ് (1989 ലെ 6-ാം ആക്റ്റ്), 6-ാം വകുപ്പ് പ്രകാരം "സർവകലാശാലയുടെ പോസ്റ്റ് ഗ്രാഡുവേറ്റ് വിദ്യാർത്ഥികളുടെയും റിസർച്ച് വിദ്യാർത്ഥികളുടെയും ഇടയിൽനിന്ന് നിർണ്ണയിക്കപ്പെടാവുന്ന വിധത്തിൽ തിരഞ്ഞെടുക്കപ്പെട്ട ഓരോ അംഗം;" എന്നതിന് പകരം ചേർത്തത് (14/09/1988 മുതൽ പ്രാബല്യം).

(ഇ) വിവിധ പഠനകോഴ്സുകളിലും പരീക്ഷകളിലും വിദ്യാർത്ഥികളെ ചേർക്കുന്നതിനുള്ള യോഗ്യതകളും, ഏതു വ്യവസ്ഥകൾ പ്രകാരമാണ് ഒഴിവ് നൽകേണ്ടതെന്നും നിർണ്ണയിക്കുക;

(എഫ്) അതിന് യുക്തമെന്ന് തോന്നുന്ന വിജ്ഞാനശാഖകളിൽ ബോധനത്തിനും പരിശീലനത്തിനും വേണ്ട നിർദ്ദേശങ്ങൾ നൽകുക;

(ജി) ഗവേഷണത്തിനും വിജ്ഞാനം അഭിവൃദ്ധിപ്പെടുത്തുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നതിനും വേണ്ട നിർദ്ദേശങ്ങൾ നൽകുക;

(എച്ച്) സർവ്വകലാശാലയ്ക്കാവശ്യമുള്ള പ്രൊഫസർമാരുടെ തസ്തികകളും റീഡർമാരുടെ തസ്തികളും ലക്ചർമാരുടെ തസ്തികകളും അദ്ധ്യാപനവും ഗവേഷണവും സംബന്ധിച്ച മറ്റ് തസ്തികകളും ഏർപ്പെടുത്തുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകുക;

(ഐ) ഫെല്ലോഷിപ്പുകളും ട്രാവലിംഗ് ഫെല്ലോഷിപ്പുകളും, സ്കോളർഷിപ്പുകളും, സ്റ്റുഡന്റ്ഷിപ്പുകളും, മെഡലുകളും സമ്മാനങ്ങളും ഏർപ്പെടുത്തുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകുക;

(ജെ) സർവ്വകലാശാല ഏതെല്ലാം ഡിഗ്രികളും ഡിപ്ലോമകളും വിദ്യാ സംബന്ധമായ മറ്റ് ബഹുമതികളും നൽകണമെന്ന് നിർണ്ണയിക്കുന്നതിന് നിർദ്ദേശങ്ങൾ നൽകുക;

(കെ) മറ്റ് സർവ്വകലാശാലയുടെ ഏതെല്ലാം പരീക്ഷകൾ ഈ സർവ്വകലാശാലയുടേതിന് തുല്യമായി സ്വീകരിക്കാമെന്ന് തീരുമാനിക്കുകയും ഈ സർവ്വകലാശാലയുടെ പരീക്ഷകൾക്ക് അംഗീകാരം നൽകുന്നതിന് മറ്റ് സർവ്വകലാശാലകളുമായി കൂടിയാലോചന നടത്തുകയും ചെയ്യുക;

(എൽ) ബോധനത്തിനും ഗവേഷണത്തിനും എക്സ്റ്റഷൻ വിദ്യാഭ്യാസത്തിനുമുള്ള വകുപ്പുകൾ രൂപീകരിക്കുന്നതിനും പുനർരൂപീകരിക്കുന്നതിനും വേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിക്കുകയോ ഭേദഗതി ചെയ്യുകയോ പുതുക്കുകയോ ചെയ്യുക;

(എം) ബിരുദാനന്തര ബോധനം, ഗവേഷണം, എക്സ്റ്റൻഷൻ വിദ്യാഭ്യാസം എന്നിവ സംബന്ധിച്ച ശുപാർശ ചെയ്യുക;

(എൻ) ഈ ആക്റ്റും പരിനിയമങ്ങളും ഓർഡിനൻസുകളും റഗുലേഷനുകളുംമൂലം അതിന് നൽകാവുന്നതോ അതിന്റെ മേൽ ചുമത്താവുന്നതോ ആയ മറ്റധികാരങ്ങൾ വിനിയോഗിക്കുകയും മറ്റ് കർത്തവ്യങ്ങൾ നിർവ്വഹിക്കുകയും ചെയ്യുക;

**<u>19. ഫാക്കൽറ്റികൾ.-</u>**

(1) സർവകലാശാലയിൽ അടിസ്ഥാന ശാസ്ത്രങ്ങളും ഹ്യൂമാനിറ്റീസും, കൃഷി, സഹകരണം, മൃഗചികിൽസയും മൃഗശാസ്ത്രവും, ഹോം സയൻസ്, ഫിഷറീസ്, ഫോറസ്ട്രി, അഗ്രികൾച്ചറൽ എൻജിനീയറിംഗും ടെക്നോളജിയും എന്നിവയും നിർണ്ണയിക്കപ്പെടാവുന്ന മറ്റ് ഫാക്കൽറ്റികളും ഉണ്ടായിരിക്കേണ്ടതാണ്.

(2) ഓരോ ഫാക്കൽറ്റിയിലും നിർണ്ണയിക്കപ്പെടാവുന്ന വകുപ്പുകളും അദ്ധ്യയന വിഷയങ്ങളും അടങ്ങിയിരിക്കേണ്ടതാണ്.

(3) ഡീൻ ഫാക്കൽറ്റിയുടേയോ ഫാക്കൽറ്റികളുടേയോ ചെയർമാൻ ആയിരിക്കുന്നതും അങ്ങനെയുള്ള ഫാക്കൽറ്റിയേയോ ഫാക്കൽറ്റികളേയോ സംബന്ധിച്ചുള്ള പരിനിയമങ്ങളുടേയും

ഓർഡിനൻസുകളുടേയും റഗുലേഷനുകളുടേയും വിശ്വസ്തമായ പരിപാലനത്തിനും അതിൽ അടങ്ങിയിട്ടുള്ള വകുപ്പുകളിലെ അദ്ധ്യാപനവും ഗവേഷണവും എക്സ്റ്റൻഷൻ ജോലികളും സംഘടിപ്പിക്കുന്നതിനും ഉത്തരവാദി ആയിരിക്കുന്നതുമാണ്.

(4) ഗവേഷണങ്ങളും എക്സ്റ്റൻഷൻ പരിപാടികളും നടപ്പാക്കുന്നതിൽ ഡീൻ, യഥാക്രമം ഗവേഷണ ഡയറക്ടറും, എക്സ്റ്റൻഷൻ ഡയറക്ടറുമായി വളരെ അടുത്തു സഹകരിച്ചു പ്രവർത്തിക്കേണ്ടതാകുന്നു.

(5) ഓരോ വകുപ്പിനും ഒരു വകുപ്പുമേധാവി ഉണ്ടായിരിക്കേണ്ടതും അദ്ദേഹത്തിന്റെ നിയമനവും അധികാരങ്ങളും ചുമതലകളും നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ ആയിരിക്കേണ്ടതും അദ്ദേഹം ഡിപ്പാർട്ടുമെന്റിന്റെ ശരിയായ സംഘടനയും പ്രവർത്തനവും സംബന്ധിച്ച് ഡീനിനോട് ഉത്തരവാദപ്പെട്ടിരിക്കേണ്ടതുമാകുന്നു.

(6) വകുപ്പ്മേധാവി യഥാക്രമം ഗവേഷണ ഡയറക്ടറോടും എക്സ്റ്റൻഷൻ ഡയറക്ടറോടും തന്റെ വകുപ്പിനെ ഏൽപ്പിച്ചിട്ടുള്ള ഗവേഷണത്തിനും എക്സറ്റൻഷൻ പരിപാടികൾക്കും കൂടി ഉത്തരവാദി ആയിരിക്കുന്നതാണ്.

**<u>20. പഠനബോർഡുകൾ.-</u>** ഓരോ ഫാക്കൽറ്റിയിലും ഓരോ പഠനബോർഡ് വീതം ഉണ്ടായിരിക്കേണ്ടതും അതിന്റെ ഘടനയും അധികാരങ്ങളും നിർണ്ണയിക്കപ്പെടാവുന്ന വിധത്തിൽ ആയിരിക്കേണ്ടതുമാകുന്നു.

**<u>21. കമ്മിറ്റികളുടെ രൂപീകരണം.-</u>** ഏതൊരു അധികാരസ്ഥാനത്തിനും കമ്മിറ്റികളെ നിയമിക്കാൻ അധികാരമുണ്ടായിരിക്കുന്നതും അവയിൽ, ഈ ആക്റ്റിലോ പരിനിയമങ്ങളിലോ മറ്റു പ്രകാരത്തിൽ പറഞ്ഞിട്ടില്ലെങ്കിൽ, അധികാരസ്ഥാനത്തിലെ അംഗങ്ങളും അതിന് യുക്തമെന്ന് തോന്നുന്ന മറ്റംഗങ്ങളും ഉണ്ടായിരിക്കുന്നതുമാകുന്നു.

**<u>22. അധികാരസ്ഥാനങ്ങളിൽ അംഗത്വം ഉണ്ടായിരിക്കുന്നതു സംബന്ധിച്ചുള്ള വ്യവസ്ഥകൾ.-</u>**

(1) ഈ ആക്റ്റിൽ മറ്റു വിധത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള സംഗതിയിലൊഴികെ, ഔദ്യോഗികനിലയിലുള്ള അംഗങ്ങളല്ലാതുള്ള സർവ്വകലാശാലയുടെ എതെങ്കിലും അധികാരസ്ഥാനത്തിലേയോ മറ്റു സമിതിയിലേയോ, അംഗങ്ങളുടെ ഇടയിൽ ഉണ്ടാകുന്ന യാദൃശ്ചികമായ ഏതെങ്കിലും ഒഴിവ്, കഴിയുന്നിടത്തോളം വേഗം, ആരുടെ സ്ഥാനമാണോ ഒഴിവായത് ആ അംഗത്തെ നാമനിർദ്ദേശം ചെയ്യുകയോ തിരഞ്ഞെടുക്കുകയോ ചെയ്ത ആളെയോ സമിതിയേയോ കൊണ്ട് നികത്തേണ്ടതും, ഒരു യാദൃശ്ചിക ഒഴിവിൽ നാമനിർദ്ദേശം ചെയ്യപ്പെടുകയോ നിയമിക്കപ്പെടുകയോ ചെയ്യുന്ന ആൾ, ആരുടെ സ്ഥാനം നികത്തുന്നോ അയാൾ അംഗമായിരിക്കുമായിരുന്ന ശേഷിക്കുന്ന കാലത്തേക്ക് അങ്ങനെയുള്ള അധാകാരസ്ഥാനത്തിലെയോ സമിതിയിലെയോ അംഗമായിരിക്കുന്നതുമാണ്.

(2) ജനറൽ കൗൺസിലിന്, ഏതൊരാളെയും സദാചാര ദൂഷ്യം സംബന്ധിച്ച കുറ്റത്തിന് അങ്ങനെയുള്ള ആളുടെ മേൽ കുറ്റസ്ഥാപനമായിട്ടുണ്ടെന്നുള്ള കാരണത്തിൻമേൽ സർവ്വകലാശാലയുടെ ഏതെങ്കിലും അധികാരസ്ഥാനത്തിന്റെയോ സമിതിയുടെയോ അംഗത്വത്തിൽനിന്നും നീക്കം ചെയ്യാവുന്നതാണ്. എന്നാൽ ഏതെങ്കിലും ആൾക്കെതിരെ, അയാൾക്കു പറയാനുള്ളതു പറയാൻ അവസരം നൽകാതെ നീക്കം ചെയ്യാനുള്ള യാതൊരുത്തരവും പാസ്സാക്കാൻ പാടുള്ളതല്ല.

(3) ജനറൽ കൗൺസിലോ എക്സിക്യൂട്ടീവ് കമ്മിറ്റിയോ അല്ലാതുള്ള സർവ്വകലാശാലയുടെ ഏതെങ്കിലും അധികാരസ്ഥാനത്തിലെ - സർവ്വകലാശാലയുടെ ആയാലും അല്ലെങ്കിലും വേണ്ടതില്ല - മറ്റൊരു സമിതിയുടെ പ്രതിനിധി എന്ന നിലയിൽ അംഗമായുള്ള ഏതൊരാളും, ഏതു

സമിതിയാണോ അയാളെ നാമനിർദ്ദേശം ചെയ്യുകയോ തിരഞ്ഞെടുക്കുകയോ ചെയ്തത് അതിൽ അംഗമായി തുടരുന്നിടത്തോളം മാത്രവും, അതിനുശേഷം തന്റെ പിൻഗാമിയെ യഥാവിധി നാമനിർദ്ദേശം ചെയ്യുകയോ തിരഞ്ഞെടുക്കുകയോ ചെയ്യുന്നതുവരെയും, അധികാരസ്ഥാനത്തിലോ സമിതിയിലോ ഉള്ള തന്റെ സ്ഥാനം വഹിക്കേണ്ടതാണ്.

(4) ഏതെങ്കിലും ആളെ സർവ്വകലാശാലയുടെ ഏതെങ്കിലും അധികാരസ്ഥാനത്തെ അംഗമായി യാഥാവിധി നാമനിർദ്ദേശം ചെയ്തിട്ടുണ്ടെന്നോ തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടെന്നോ, അഥവാ അതിലെ അംഗമായിരിക്കാൻ അയാൾ അർഹനാണെന്നോ ഉള്ള ഏതെങ്കിലും പ്രശ്നം ഉണ്ടാകുന്നപക്ഷം, ആ പ്രശ്നം ചാൻസലർക്കു റഫർ ചെയ്യേണ്ടതും അദ്ദേഹത്തിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

**<u>23. സാധുതയും ഒഴിവാക്കലും.-</u>**

(1) സർവകലാശാലയുടെ ഏതെങ്കിലും അധികാരസ്ഥാനത്തിന്റെയോ മറ്റു സമിതിയുടെയോ യാതൊരു പ്രവർത്തിയോ നടപടിയോ, അങ്ങനെയുള്ള അധികാരസ്ഥാനത്തിന്റെയോ സമിതിയുടെയോ രൂപീകരണത്തിലുള്ള ഏതെങ്കിലും ന്യൂനത നിമിത്തമോ, അതിലെ അംഗങ്ങളുടെയിടയിൽ ഒഴിവോ ഒഴിവുകളോ ഉള്ളതുകൊണ്ടോ, ആരെങ്കിലും നടപടിയിൽ പങ്കെടുക്കുകയും അങ്ങനെ ചെയ്യുവാൻ അയാൾക്ക് അവകാശമില്ലായിരുന്നുവെന്ന് പിന്നീട് കണ്ടുവെന്നതുകൊണ്ടോ മാത്രം അസാധുവായിരിക്കുന്നതല്ല.

(2) ഈ ആക്റ്റിൽ മറ്റുവിധത്തിൽ വ്യവസ്ഥ ചെയ്യിതിട്ടുള്ള സംഗതിയിലൊഴികെ, സർവകലാശാലയോ അഥവാ സർവകലാശാലയുടെ ഏതെങ്കിലും അധികാരസ്ഥാനമോ സമിതിയോ ഉത്തമവിശ്വാസത്തോടെ ചെയ്തതും പാസ്സാക്കിയതുമായ എല്ലാ കാര്യങ്ങളും ഉത്തരവുകളും അന്തിമമായിരുക്കുന്നതും, ഈ ആക്റ്റും പരിനിയമങ്ങളും അതു പ്രകാരമുണ്ടാക്കിയിട്ടുള്ള ഓർഡിനൻസുകളും റഗുലേഷനുകളുമനുസരിച്ച് ചെയ്തതോ ചെയ്യാനുദ്ദേശിച്ചതോ ആയ എന്തെങ്കിലും കാര്യത്തിന് സർവ്വകലാശാലയ്ക്കോ അഥവാ അധികാരസ്ഥാനത്തിനോ അഥവാ സമിതിയ്ക്കോ എതിരായി യാതൊരു വ്യവഹാരവും ബോധിപ്പിക്കുകയോ നഷ്ടപരിഹാരം തേർച്ച ചെയ്യുകയോ ചെയ്യാൻ പാടില്ലാത്തതുമാകുന്നു.

(3) ജനറൽ കൗൺസിലിന്റെ മുൻകൂട്ടിയുള്ള അനുമതി കൂടാതെ ഈ ആക്റ്റോ പരിനിയമങ്ങളോ ഓർഡിനൻസുകളോ റഗുലേഷനുകളോ പ്രകാരം ചെയ്തതോ ചെയ്യാനുദ്ദേശിച്ചതോ ആയ ഏതെങ്കിലും കാര്യത്തിന് സർവകലാശാലയുടെ ഏതെങ്കിലും ഉദ്യോഗസ്ഥനോ മറ്റു ജീവനക്കാരനോ എതിരായി യാതൊരു വ്യവഹാരമോ ശിക്ഷാനടപടിയോ മറ്റുനടപടികളോ സ്വീകാര്യമായിരിക്കുന്നതല്ല.

(4) സർവകലാശാലയുടെ യാതൊരു ഉദ്യോഗസ്ഥനോ മറ്റു ജീവനക്കാരനോ, സിവിലോ ക്രിമിനലോ ആയ അങ്ങനെയുള്ള ഏതെങ്കിലും പ്രവർത്തി സംബന്ധിച്ച്, പ്രസ്തുത പ്രവർത്തി ഉത്തമവിശ്വാസത്തോടും ഈ ആക്റ്റു മൂലമോ, ആക്റ്റ് പ്രകാരമോ ചുമത്തപ്പെട്ട ചുമതലകൾ നിർവ്വഹിക്കുന്നതിനിടയിലോ, കൃത്യനിർവ്വഹണത്തിനിടയിലോ ചെയ്തിട്ടുള്ള പക്ഷം, ബാദ്ധ്യസ്ഥനായിരിക്കുന്നതല്ല.

## അധ്യായം IV
## ഉദ്യോഗസ്ഥൻമാർ

**<u>24. സർവകലാശാലയുടെ ഉദ്യോഗസ്ഥൻമാർ.-</u>** താഴെപ്പറയുന്നവർ സർവകലാശാലയുടെ ഉദ്യോഗസ്ഥൻമാർ ആയിരിക്കുന്നതാണ്, അതായത്:-

(1) ചാൻസലർ;

(2) പ്രോ-ചാൻസലർ;

(3) വൈസ്-ചാൻസലർ;

(4) [26][***];

(5) രജിസ്ട്രാർ;

(6) കംപ്ടോളർ;

(7) ഫിസിക്കൽ പ്ലാന്റ് ഡയറക്ടർ;

(8) ലൈബ്രേറിയൻ;

(9) ഫാക്കറ്റി ഡീനുകൾ;

(10) സ്റ്റുഡൻസ് വെൽഫെയർ ഡയറക്ടർ;

(11) റിസർച്ച് ഡയറക്ടർ;

(12) എക്സ്റ്റൻഷൻ ഡയറക്ടർ;

(13) സർവകലാശാലയുടെ ഉദ്യോഗസ്ഥന്മാരെന്ന് പരിനിയമങ്ങളാൽ പ്രഖ്യാപിക്കാവുന്ന സർവകലാശാല സർവ്വീസിലുള്ള മറ്റാളുകൾ;

**<u>25. ചാൻസലർ.-</u>**

(1) കേരള ഗവർണർ, തന്റെ സ്ഥാനം ഹേതുവായി സർവകലാശാലയുടെ ചാൻസലറായിരിക്കുന്നതാണ്.

(2) ചാൻസലർ, സർവകലാശാലയുടെ തലവനായിരിക്കുന്നതും, സന്നിഹിതനായിരിക്കുമ്പോൾ ജനറൽ കൗൺസിൽ യോഗങ്ങളിലും സർവ്വകലാശാലയുടെ ഏതൊരു ബിരുദദാന സമ്മേളനത്തിലും ആദ്ധ്യക്ഷ്യം വഹിക്കേണ്ടതുമാകുന്നു.

[26] 2001-ലെ കേരള കാർഷിക സർവകലാശാല (ഭേദഗതി) ആക്റ്റ് (2001 ലെ 16–ാം ആക്റ്റ്), 7–ാം വകുപ്പ് പ്രകാരം "പ്രൊ വൈസ്-ചാൻസിലർ ഉണ്ടെങ്കിൽ അദ്ദേഹം" എന്നത് വിട്ടുകളഞ്ഞു (26/12/2001 മുതൽ പ്രാബല്യം).

(3) ഓണററി ബിരുദം നൽകുന്നതിനുള്ള ഏതൊരു നിർദ്ദേശവും ചാൻസലറുടെ സ്ഥിരീകരണത്തിന് വിധേയമായിരിക്കുന്നതാണ്.

(4) ചാൻസലർ ഈ ആക്റ്റ് മൂലമോ അഥവാ പരിനിയമങ്ങൾ മൂലമോ തനിക്കു നൽകാവുന്നതോ തന്റെ മേൽ ചുമത്താവുന്നതോ ആയ മറ്റ് അധികാരങ്ങൾ വിനിയോഗിക്കേണ്ടതും മറ്റ് കൃത്യങ്ങൾ നിർവഹിക്കേണ്ടതുമാകുന്നു.

**26. പ്രോ-ചാൻസലർ.-**

(1) സംസ്ഥാന കൃഷിവകുപ്പിന്റെ ചാർജ്ജു വഹിക്കുന്ന മന്ത്രി, തന്റെ സ്ഥാനം ഹേതുവായി സർവകലാശാലയുടെ പ്രോ-ചാൻസലർ ആയിരിക്കുന്നതാണ്.

(2) ചാൻസലറുടെ അഭാവത്തിലോ അഥവാ അദ്ദേഹത്തിന് പ്രവൃത്തി ചെയ്യുവാൻ ശേഷിയില്ലാത്തപ്പോഴോ പ്രോ-ചാൻസലർ, ചാൻസലറുടെ എല്ലാ അധികാരങ്ങളും വിനിയോഗിക്കേണ്ടതും എല്ലാ കൃത്യങ്ങളും നിർവഹിക്കേണ്ടതുമാകുന്നു.

(3) പ്രോ-ചാൻസലർ, ചാൻസലർ രേഖാമൂലം അദ്ദേഹത്തിന് ഏൽപിച്ചുകൊടുക്കാവുന്ന മറ്റ് അധികാരങ്ങൾ വിനിയോഗിക്കേണ്ടതും മറ്റ് കൃത്യങ്ങൾ നിർവഹിക്കേണ്ടതും അപ്രകാരമുള്ള ഏൽപ്പിച്ചുകൊടുക്കൽ അപ്രകാരമുള്ള ഉത്തരവിൽ പ്രത്യേകം പറയാവുന്ന നിയന്ത്രണങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കാവുന്നതുമാകുന്നു.

**27. വൈസ്-ചാൻസലർ.-**

(1) വൈസ്-ചാൻസലർ സർവകലാശാലയുടെ മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കും.

(2) ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ, ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ചിന്റെ ഡയറക്ടർ ജനറൽ, ജനറൽ കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ എന്നിവർ ഉൾപ്പെട്ട ഒരു തിരഞ്ഞെടുപ്പുകമ്മിറ്റിയുടെ ഉപദേശപ്രകാരം ചാൻസലർ, വൈസ്-ചാൻസലറെ നിയമിക്കേണ്ടതാകുന്നു:

എന്നാൽ, ജനറൽ കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന ആൾ ആ കൗൺസിലിലെ അംഗങ്ങളുടെ ഇടയിൽ നിന്നുള്ള ആളോ സർവകലാശാലയുടെ ജിവനക്കാരനോ ആയിരിക്കരുത്;

എന്നുമാത്രമല്ല, തെരഞ്ഞെടുപ്പുകമ്മിറ്റി നൽകിയ ഉപദേശം ഐക്യകണ്ഠേനയുള്ളതല്ലെങ്കിൽ ചാൻസലർക്കു അതിന്റെ അംഗങ്ങളുടെ ഭൂരിപക്ഷാഭിപ്രായം സ്വീകരിക്കാവുന്നതാണ്;

എന്നുതന്നെയുമല്ല, തിരഞ്ഞെടുപ്പുകമ്മിറ്റി ഉപദേശം നൽകാൻ വീഴ്ച വരുത്തുന്ന പക്ഷം ചാൻസലർക്ക് ഗവൺമെന്റിന്റെ ഉപദേശപ്രകാരം നിയമനം നടത്താൻ സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതാണ്.

(3) ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ആൾ തിരഞ്ഞെടുപ്പുകമ്മിറ്റിയുടെ ചെയർമാൻ ആയിരിക്കുന്നതാണ്.

(4) തിരഞ്ഞെടുപ്പുകമ്മിറ്റിയ്ക്ക്, പരിഗണിക്കാൻ സാദ്ധ്യതയുള്ള സ്ഥാനാർത്ഥികളുടെ പേരു ലഭിക്കുന്നതിനും, അനുയോജ്യമെന്ന് അത് കരുതുന്ന വ്യക്തികളുമായോ സമിതികളുമായോ കൂടിയാലോചിക്കുന്നതിനും അവരിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിനുമായി അതിന്റേതായ നടപടിക്രമം നിശ്ചയിക്കാവുന്നതാകുന്നു.

5) 2-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഈ ആക്റ്റ് നടപ്പായി വന്ന ശേഷമുള്ള ആദ്യത്തെ വൈസ്-ചാൻസലറെ അഞ്ചു കൊല്ലത്തിൽ കവിയാത്ത കാലത്തേയ്ക്ക് ചാൻസലർ നിർണ്ണയിക്കാവുന്ന തിട്ടങ്ങളിൻമേലും വ്യവസ്ഥകളിൻമേലും ചാൻസലർ നിയമിക്കേണ്ടതാകുന്നു.

(6) വൈസ്-ചാൻസലർ സാധാരണഗതിയിൽ അഞ്ച് വർഷത്തേക്ക് ഉദ്യോഗം വഹിക്കുന്നതും അദ്ദേഹം അഞ്ച് വർഷത്തേക്കുള്ള കൂടുതൽ കാലത്തേക്ക് പുനർ നിയമനത്തിന് അർഹനായിരിക്കുന്നതുമാണ്.

[27][എന്നാൽ, ഈ വകുപ്പ് പ്രകാരം നിയമിക്കപ്പെട്ട ഒരു വൈസ്-ചാൻസലറുടെ ഔദ്യോഗിക കാലാവധി, ആ ആൾക്ക് അറുപത്തഞ്ചു വയസ്സ് പൂർത്തിയാകുമ്പോൾ, അവസാനിക്കുന്നതാണ്:

എന്നുമാത്രമല്ല, 1997-ലെ കേരള കാർഷിക സർവ്വകലാശാല (ഭേദഗതി) ആക്റ്റിന്റെ പ്രാരംഭത്തിന് മുൻപ് വൈസ്-ചാൻസലറായി നിയമിക്കപ്പെട്ടിരിക്കുകയും പ്രസ്തുത ആക്റ്റിന്റെ പ്രാരംഭത്തിൽ അപ്രകാരം ഔദ്യോഗികസ്ഥാനം വഹിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ഒരാളുടെ ഔദ്യോഗികസ്ഥാനം-

(എ) ആ ആൾക്ക് അറുപത്തഞ്ച് വയസ്സ് പൂർത്തിയാകുമ്പോഴോ; അല്ലെങ്കിൽ

(ബി) പ്രസ്തുത ആക്റ്റിന്റെ പ്രാരംഭത്തിനു മുൻപുതന്നെ ആ ആൾക്ക് അറുപത്തഞ്ച് വയസ്സ് പൂർത്തിയായി കഴിഞ്ഞിട്ടുണ്ടെങ്കിൽ, അങ്ങനെയുള്ള പ്രാരംഭത്തീയതിയിലോ അവസാനിക്കുന്നതുമാണ്.]

(7) [28][വൈസ്-ചാൻസലറുടെ വേതനവും മറ്റു സേവനവ്യവസ്ഥകളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം ആയിരിക്കുന്നതാണ്].

(8) വൈസ്-ചാൻസലർക്കു തന്റെ സ്വന്തം കൈപ്പടയിൽ എഴുതിയ കത്ത് ചാൻസലർക്ക് കൊടുത്തുകൊണ്ട് തന്റെ സ്ഥാനം രാജിവയ്ക്കാവുന്നതാണ്.

(9) സാധാരണഗതിയിൽ വൈസ്-ചാൻസലർ താൻ ഉദ്യോഗത്തിൽ നിന്നും വിരമിക്കാൻ ആഗ്രഹിക്കുന്ന തീയതിക്ക് കുറഞ്ഞത് അറുപത് ദിവസത്തിനു മുൻപ് തന്റെ രാജി ചാൻസലറെ ഏൽപ്പിച്ചുകൊടുക്കേണ്ടതാണ്:

എന്നാൽ, ചാൻസലർക്ക് അദ്ദേഹത്തെ നേരത്തെ വിടുതൽ ചെയ്യാവുന്നതാകുന്നു.

10) വൈസ്-ചാൻസലറുടെ രാജി വിടുതൽ ചെയ്യുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാകുന്നു.

---

27 1997-ലെ കേരള കാർഷിക സർവകലാശാല (ഭേദഗതി) ആക്റ്റ് (1997 ലെ 7–ാം ആക്റ്റ്) വകുപ്പ് 5(i) പ്രകാരം കൂട്ടിച്ചേർത്തത് (20/04/1997 മുതൽ പ്രാബല്യം).

28 1997 - ലെ കേരള കാർഷിക സർവകലാശാല (ഭേദഗതി) ആക്റ്റ് (1997 ലെ 7–ാം ആക്റ്റ്), വകുപ്പ് 5(ii) പ്രകാരം "വൈസ്-ചാൻസലറുടെ വേതനവും മറ്റു സേവന വ്യവസ്ഥകളും നിർണ്ണയിക്കപ്പെടാവുന്ന വിധത്തിൽ ആയിരിക്കുന്നതും അദ്ദേഹത്തിന്റെ നിയമനത്തിനുശേഷം അദ്ദഹത്തിന് ദോഷകരമായ രീതിയിൽ മാറ്റുവാൻ പാടില്ലാത്തതുമാകുന്നു." എന്നതിന് പകരം ചേർത്തത് (20/04/1997 മുതൽ പ്രാബല്യം).

11) [29][വൈസ് ചാൻസലറുടെ ഔദ്യോഗിക സ്ഥാനത്ത് ഒരു താൽക്കാലിക ഒഴിവോ സ്ഥിരമായ ഒഴിവോ ഉണ്ടാകുകയാണെങ്കിൽ, [30][***] ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം നിയമിച്ച ഒരു വൈസ്-ചാൻസലർ ഔദ്യോഗിക സ്ഥാനം ഏറ്റെടുക്കുന്നതുവരെ വൈസ്-ചാൻസലറുടെ അധികാരങ്ങൾ വിനിയോഗിക്കുന്നതിനും കർത്തവ്യങ്ങൾ നിറവേറ്റുന്നതിനും പ്രോ-ചാൻസലറുമായി കൂടിയാലോചിച്ച് ചാൻസലർ ആവശ്യമായ ഏർപ്പാടുകൾ ചെയ്യേണ്ടതുമാണ്].

(12) വൈസ്-ചാൻസലറുടെ തസ്തിക രാജി മൂലമോ അഥവാ മറ്റു വിധത്തിലോ സ്ഥിരമായി ഒഴിവാകുകയാണെങ്കിൽ, 2-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ അനുസരിച്ച് ആ ഒഴിവ് നികത്തേണ്ടതും അപ്രകാരം നിയമിക്കപ്പെടുന്ന വൈസ്-ചാൻസലർ മുഴുവൻ കാലാവധിയായ അഞ്ച് കൊല്ലം ഉദ്യോഗം വഹിക്കേണ്ടതുമാകുന്നു.

[31][എന്നാൽ, ഈ ആക്റ്റ് പ്രാബല്യത്തിൽ വന്നതിനുശേഷമുള്ള ആദ്യത്തെ വൈസ്-ചാൻസലറുടെ തസ്തിക സംബന്ധിച്ച്, അദ്ദേഹത്തെ ഏതു കാലത്തേക്കു നിയമിച്ചുവോ ആ കാലാവധി അവസാനിക്കുന്നതിനു മുമ്പ് രാജിമൂലമോ മറ്റുവിധത്തിലോ സ്ഥിരമായി ഒഴിവുണ്ടാകുന്ന പക്ഷം, ചാൻസലർക്ക് മൂന്നു കൊല്ലത്തിൽ കവിയാത്ത കാലത്തേയ്ക്കു ചാൻസലർ നിർണ്ണയിക്കാവുന്ന വ്യവസ്ഥകളിൻമേലും നിബന്ധനകളിൻമേലും മറ്റൊരാളെ വൈസ്-ചാൻസിലറായി നിയമിക്കാവുന്നതാണ്].

<u>28. വൈസ്-ചാൻസലറുടെ അധികാരങ്ങളും കൃത്യങ്ങളും.-</u>

(1) വൈസ്-ചാൻസലർ സർവകലാശാലയുടെ പ്രധാന എക്സിക്യൂട്ടീവും, അക്കാദമിക് ഉദ്യോഗസ്ഥനും, എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും അക്കാദമിക് കൗൺസിലിന്റയും എക്സ്-ഒഫിഷ്യോ ചെയർമാനും ആയിരിക്കുന്നതും ചാൻസലറുടെയും പ്രോ-ചാൻസലറുടെയും അഭാവത്തിൽ ജനറൽ കൗൺസിൽ യോഗങ്ങളിലും സർവകലാശാലയുടെ ബിരുദദാന ചടങ്ങിലും ആദ്ധ്യക്ഷ്യം വഹിക്കുന്നതും ഡിഗ്രി ലഭിക്കാൻ യോഗ്യരായ ആളുകൾക്ക് ഡിഗ്രി നൽകുന്നതുമാകുന്നു.

(2) വൈസ്-ചാൻസലർ സർവകലാശാലയുടെ കാര്യാദികളിൽ പൊതുവായ നിയന്ത്രണം പാലിക്കേണ്ടതും സർവകലാശാലയിൽ യഥാവിധിയായുള്ള അച്ചടക്കം നിലനിറുത്തുന്നതിന് ഉത്തരവാദിയായിരിക്കുന്നതുമാകുന്നു.

(3) വൈസ്-ചാൻസലർ ജനറൽ കൗൺസിലിന്റെയും എക്സിക്യൂട്ടീവ് കമ്മിറ്റിയുടേയും അക്കാഡമിക് കൗൺസിലിന്റെയും യോഗങ്ങൾ വിളിച്ചുകൂട്ടേണ്ടതാകുന്നു.

(4) വൈസ്-ചാൻസലർ ഈ ആക്റ്റിലേയും പരിനിയമങ്ങളിലേയും ഓർഡിനൻസുകളിലേയും റഗുലേഷനുകളിലേയും വ്യവസ്ഥകൾ വിശ്വസ്തമായി

[29] 1997- ലെ കേരള കാർഷിക സർവകലാശാല (ഭേദഗതി) ആക്റ്റ് (1997 ലെ 7–ാം ആക്റ്റ്), വകുപ്പ് 5(iii) പ്രകാരം "അവധി നിമിത്തമുള്ള വൈസ് ചാൻസലറുടെ താൽക്കാലികമായ അഭാവത്തിലോ അഥവാ മറ്റേതെങ്കിലും വിധത്തിൽ ഉണ്ടായ ഒഴിവ് നികത്തുന്നതുവരെയോ പ്രോ ചാൻസലർ ആരെങ്കിലും ഉണ്ടെങ്കിൽ അദ്ദേഹമോ അഥവാ പ്രോ ചാൻസലറുടെ അഭാവത്തിൽ ഏറ്റവും സീനിയറായി ഡീനോ താൽക്കാലികമായി വൈസ്ചാൻസലറുടെ സാധാരണയുള്ള ജോലികൾ നിർവ്വഹിക്കേണ്ടതാകുന്നു." എന്നതിന് പകരം ചേർത്തത് (20/04/1997 മുതൽ പ്രാബല്യം).

[30] 2001 ലെ കേരള കാർഷിക സർവകലാശാല (ഭേദഗതി) ആക്റ്റ് (2001 ലെ 16–ാം ആക്റ്റ്), 8–ാം വകുപ്പ് പ്രകാരം "പ്രോ വൈസ്-ചാൻസലർ വൈസ് ചാൻസലറുടെ അധികാരങ്ങൾ വിനിയോഗിക്കേണ്ടതും കർത്തവ്യങ്ങൾ നിറവേറ്റേണ്ടതും, അദ്ദേഹത്തിന്റെ അഭാവത്തിൽ" എന്നത് വിട്ടുകളഞ്ഞു (26/12/2001 മുതൽ പ്രാബല്യം).

[31] 1973-ലെ കേരള കാർഷിക സർവകലാശാല (ഭേദഗതി) ആക്റ്റ് (1973 ലെ 18–ാം ആക്റ്റ്), 2–ാം വകുപ്പ് പ്രകാരം കൂട്ടിച്ചേർത്തത് (21/04/1973 മുതൽ പ്രാബല്യം).

അനുസരിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതും ഈ കാര്യത്തിലേക്ക് ആവശ്യമായ അധികാരങ്ങൾ വിനിയോഗിക്കാവുന്നതുമാണ്:

(5) വൈസ്-ചാൻസലർ എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് ബഡ്ജറ്റ് എസ്റ്റിമേറ്റും സ്റ്റേറ്റ്മെന്റ് ഓഫ് അക്കൗണ്ടും ഹാജരാക്കുന്നതിന് ഉത്തരവാദിയായിരിക്കുന്നതാകുന്നു.

(6) വൈസ്-ചാൻസലർക്ക് അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഉടൻ നടപടി എടുക്കേണ്ട ഏതെങ്കിലും അടിയന്തിരഘട്ടത്തിൽ എന്തെങ്കിലും നടപടി എടുക്കാവുന്നതും അങ്ങനെയുള്ള കാര്യത്തിൽ അതിനുശേഷം കഴിയുന്നത്ര വേഗത്തിൽ അങ്ങനെ എടുത്ത നടപടി, ആ കാര്യം സാധാരണഗതിയിൽ ഏതുദ്യോഗസ്ഥനോ അധികാരസ്ഥാനമോ കൈകാര്യം ചെയ്യുമായിരുന്നോ ആ ഉദ്യോഗസ്ഥനേയോ അധികാരസ്ഥാനത്തെയോ അറിയിക്കേണ്ടതുമാകുന്നു.

(7) 6-ാം ഉപവകുപ്പുപ്രകാരം വൈസ്-ചാൻസലർ എടുത്ത ഏതെങ്കിലും നടപടി സർവകലാശാലയുടെ സർവ്വീസിലിരിക്കുന്ന ഏതെങ്കിലും ആളുടെ താൽപര്യത്തിന് ഹാനികരമായി വരുന്ന പക്ഷം അങ്ങനെയുള്ള ആൾക്ക് എടുത്ത നടപടിയെപ്പറ്റി തനിക്ക് നോട്ടീസ് കിട്ടിയ തീയതി മുതൽ മുപ്പതുദിവസത്തിനകം എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അടുക്കൽ അപ്പീൽ ബോധിപ്പിക്കാവുന്നതാകുന്നു.

(8) സർവകലാശാലയിലെ ഉദ്യോഗസ്ഥൻമാരെയും അദ്ധ്യാപകൻമാരെയും മറ്റു ജീവനക്കാരെയും നിയമിക്കുന്നതും സസ്പെൻഡ് ചെയ്യുന്നതും ഡിസ്മിസ് ചെയ്യുന്നതും സംബന്ധിച്ചുള്ള ജനറൽ കൗൺസിലിന്റെയും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും ഉത്തരവുകൾ വൈസ്-ചാൻസലർ നടപ്പാക്കേണ്ടതാകുന്നു.

(9) സർവകലാശാലയുടെ ശരിയായ ഭരണത്തിനും ബോധനം, ഗവേഷണം, എക്സ്റ്റൻഷൻ വിദ്യാഭ്യാസം എന്നിവയുടെ സൂക്ഷ്മമായ ഏകോപനത്തിനും സംയോജനത്തിനും വൈസ്-ചാൻസലർ ഉത്തരവാദിയായിരിക്കുന്നതാണ്.

[32][(9എ) എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി സർവകലാശാലയിലെ അധ്യാപകരേയും മറ്റു ജീവനക്കാരേയും സസ്പെൻഡ് ചെയ്യുവാനും അവർക്കെതിരെ അച്ചടക്കനടപടിയെടുക്കുവാനും വൈസ്-ചാൻസലർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

(9ബി) വിദ്യാർത്ഥികളുടെ താമസസൗകര്യവും അച്ചടക്കവും സംബന്ധിച്ച മേൽനോട്ടവും നിയന്ത്രണവും വൈസ്-ചാൻസലർ നിർവ്വഹിക്കേണ്ടതാണ്.]

(10) വൈസ്-ചാൻസലർ ഈ ആക്റ്റിന്റെ ആവശ്യങ്ങൾ നടപ്പാക്കുന്നതിന് നിർണ്ണയിക്കപ്പെടാവുന്ന മറ്റ് അധികാരങ്ങൾ വിനിയോഗിക്കേണ്ടതാകുന്നു.

**29.** [33][***]

---

32 1989-ലെ കേരള കാർഷിക സർവകലാശാല (ഭേദഗതി) ആക്റ്റ് (1989 ലെ 6–ാം ആക്റ്റ്), 7–ാം വകുപ്പ് പ്രകാരം കൂട്ടിച്ചേർത്തത് (14/09/1988 മുതൽ പ്രാബല്യം).

33 2001-ലെ കേരള കാർഷിക സർവകലാശാല (ഭേദഗതി) ആക്റ്റ് (2001 ലെ 16–ാം ആക്റ്റ്), 9–ാം വകുപ്പ് പ്രകാരം "29. പ്രോ വൈസ് ചാൻസലർ:- (1) ^1[ചാൻസലർക്ക്, അത്യാവശ്യമെന്നു തോന്നുന്നപക്ഷം വൈസ്-ചാൻസലറും എക്സിക്യൂട്ടീവ് കമ്മിറ്റിയുമായി ആലോചിച്ച് ഒരു പ്രോ-വൈസ് ചാൻസലറെ നിയമിക്കാവുന്നതാണ്] (2) പ്രോ വൈസ് ചാൻസലർ സർവകലാശാലയുടെ ശമ്പളം പറ്റുന്ന ഒരു മുഴുവൻ സമയ ഉദ്യോഗസ്ഥനായരിക്കും. (3) പ്രോ വൈസ് ചാൻസലറുടെ ശമ്പളവും മറ്റു സേവന വ്യവസ്ഥകളും ^2[ചാൻസലർ തീരുമാനിക്കുന്നതാണ്]. (4) ^3[ഈ ആക്റ്റിലേയും സ്റ്റാറ്റ്യൂട്ടുകളിലേയും ഓർഡിനൻസുകളിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾക്കു വിധേയമായി, പ്രോവൈസ് ചാൻസലറുടെ അധികാരങ്ങളും ചുമതലകളും, വൈസ് ചാൻസലറുമായി ആലോചിച്ച്, ചാൻസലർ തീരുമാനിക്കുന്നതാണ്.]." റദ്ദാക്കി.

**30. രജിസ്ട്രാർ.-**

(1) രജിസ്ട്രാർ സർവകലാശാലയുടെ മുഴുവൻ സമയവും ജോലി ചെയ്യുന്ന ഉദ്യോഗസ്ഥനായിരിക്കുന്നതും അദ്ദേഹത്തെ പരിനിയമങ്ങൾ അനുസരിച്ച് എക്സിക്യൂട്ടീവ് കമ്മിറ്റി നിയമിക്കേണ്ടതുമാകുന്നു.

(2) രജിസ്ട്രാർക്ക് നൽകേണ്ട വേതനവും അലവൻസും നിർണ്ണയിക്കപ്പെടാവുന്ന വിധത്തിൽ ആയിരിക്കേണ്ടതാകുന്നു.

(3) രജിസ്ട്രാർ, സർവകലാശാലയുടെ രേഖകളുടെയും പൊതുമുദ്രയുടെയും യഥാവിധിയായുള്ള സൂക്ഷിപ്പിന് ഉത്തരവാദിയായിരിക്കുന്നതാണ്.

(4) രജിസ്ട്രാർ, ജനറൽ കൗൺസിലിന്റെയും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും അക്കാഡമിക് കൗൺസിലിന്റെയും എക്സ്-ഒഫിഷ്യോ സെക്രട്ടറിയായിരിക്കുന്നതും അതിന്റെ കാര്യനിർവ്വഹണത്തിന് ആവശ്യമായ എല്ലാ വിവരങ്ങളും അപ്രകാരമുള്ള ഓരോ അധികാര സ്ഥാനത്തിന്റെയും മുൻപാകെ ഹാജരാക്കാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതുമാകുന്നു.

(5) രജിസ്ട്രാർ, സർവകലാശാലാ പ്രവേശനത്തിനുള്ള അപേക്ഷകൾ സ്വീകരിക്കേണ്ടതും ആവശ്യമെന്ന് അക്കാഡമിക് കൗൺസിൽ കരുതുന്ന എല്ലാ കോഴ്സുകളുടേയും പാഠ്യക്രമത്തിന്റെയും മറ്റു വിവരങ്ങളുടേയും സ്ഥിരമായ ഒരു റിക്കാർഡ് സൂക്ഷിക്കേണ്ടതുമാകുന്നു.

(6) രജിസ്ട്രാർ, എടുത്ത കോഴ്സുകളും കിട്ടിയിട്ടുള്ള ഗ്രേഡുകളും കൊടുത്തിട്ടുള്ള ഡിഗ്രികളും നേടിയ സമ്മാനങ്ങളും മറ്റ് ബഹുമതികളും വിദ്യാർത്ഥികളുടെ അദ്ധ്യയനം സംബന്ധിച്ച മറ്റേതെങ്കിലും കാര്യവും ഉൾപ്പെടെയുള്ള സർവ്വകലാശാലയിലെ വിദ്യാർത്ഥികളുടെ അദ്ധ്യയനം സംബന്ധിച്ച ഒരു സ്ഥിരമായ റിക്കാർഡ് വെച്ചുപോരുവാൻ ഉത്തരവാദിയായിരിക്കുന്നതാണ്.

(7) രജിസ്ട്രാർ, നിർണ്ണയിക്കപ്പെടാവുന്നതോ അഥവാ എക്സിക്യൂട്ടീവ് കമ്മിറ്റിയോ വൈസ്-ചാൻസലറോ ഏൽപ്പിച്ചുകൊടുക്കാവുന്നതോ ആയ മറ്റു കൃത്യങ്ങൾ നിർവ്വഹിക്കേണ്ടതാകുന്നു.

**31. കംപ്ട്രോളർ.-**

(1) കംപ്ട്രോളർ, സർവ്വകലാശാലയുടെ മുഴുവൻ സമയം ജോലി ചെയ്യുന്ന ഉദ്യോഗസ്ഥനായിരിക്കുന്നതും അദ്ദേഹത്തെ ഗവൺമെന്റിന് യുക്തമെന്ന് തോന്നാവുന്ന തിട്ടങ്ങളിന്മേലും വ്യവസ്ഥകളിൻമേലും ഗവൺമെന്റ് നിയമിക്കേണ്ടതുമാകുന്നു.

(2) കംപ്ട്രോളർ, സർവ്വകലാശാലയുടെ ഫണ്ടുകളും നിക്ഷേപങ്ങളും നോക്കി നടത്തേണ്ടതും അതിന്റെ ധനകാര്യനയം സംബന്ധിച്ച് ഉപദേശം നൽകേണ്ടതുമാണ്.

---

^1 1980-ലെ കേരള കാർഷിക സർവകലാശാല (ഭേദഗതി) ആക്റ്റ് (1980 ലെ 15-ാം ആക്റ്റ്), വകുപ്പ് 3(എ) പ്രകാരം "വൈസ് ചാൻസലറുടെ കൃത്യനിർവഹണത്തിന് ഒരു പ്രോ-വൈസ് ചാൻസലർ ആവശ്യമാണെന്ന് ജനറൽ കൗൺസിൽ കരുതുന്ന പക്ഷം അതിന് ഒരു പ്രോ-വൈസ് ചാൻസലറെ നിയമിക്കാവുന്നതാണ്." എന്നതിന് പകരം ചേർത്തത് (07/06/1980 മുതൽ പ്രാബല്യം).

^2 1980-ലെ കേരള കാർഷിക സർവകലാശാല (ഭേദഗതി) ആക്റ്റ് (1980 ലെ 15-ാം ആക്റ്റ്), വകുപ്പ് 3(ബി) പ്രകാരം "നിർണയിക്കപ്പെടാവുന്ന വിധത്തിൽ ആയിരിക്കുന്നതാണ്" എന്നതിന് പകരം ചേർത്തത് (07/06/1980 മുതൽ പ്രാബല്യം).

^3 1980-ലെ കേരള കാർഷിക സർവകലാശാല (ഭേദഗതി) ആക്റ്റ് (1980 ലെ 15-ാം ആക്റ്റ്), വകുപ്പ് 3(സി) പ്രകാരം "പ്രോ വൈസ് ചാൻസലർ, ആ ആവശ്യാർത്ഥം വൈസ് ചാൻസലർ പ്രത്യേകം പറയാവുന്ന കാര്യങ്ങളിൽ വൈസ് ചാൻസലറെ സഹായിക്കേണ്ടതും വൈസ് ചാൻസലർ ഏൽപ്പിച്ചു കൊടുക്കാവുന്ന അധികാരങ്ങൾ വിനിയോഗിക്കേണ്ടതും കൃത്യങ്ങൾ നിർവ്വഹിക്കേണ്ടതുമാകുന്നു" എന്നതിന് പകരം ചേർത്തത് (07/06/1980 മുതൽ പ്രാബല്യം).

(3) കംപ്ട്രോളർ, സർവ്വകലാശാലയുടെ ബഡ്ജറ്റും അക്കൗണ്ട് സ്റ്റേറ്റ്മെന്റും തയ്യാറാക്കുന്നതിൽ വൈസ്-ചാൻസലറോട് ഉത്തരവാദപ്പെട്ടിരിക്കുന്നതാണ്.

(4) സർവ്വകലാശാല, ബഡ്ജറ്റിൽ അധികാരപ്പെടുത്തിയിട്ടില്ലാത്ത ചിലവുകൾ ഒന്നും ചെയ്യുന്നില്ലെന്നുള്ളത് ഉറപ്പ് വരുത്തുന്നതിന് കംപ്ട്രോളർ, വൈസ്-ചാൻസലറോട് ഉത്തരവാദപ്പെട്ടിരിക്കുന്നതും ഏതെങ്കിലും പരിനിയമത്തിലേയോ ഓർഡിനൻസിലേയോ തിട്ടങ്ങൾക്ക് വിപരീതമാകാവുന്നതോ അഥവാ പരിനിയമങ്ങളോ ഓർഡിനൻസുകളോ മൂലം തുക കൊള്ളിക്കേണ്ടിയിരിക്കുന്നുവെങ്കിലും അങ്ങനെ തുക കൊള്ളിച്ചിട്ടില്ലാത്തതോ ആയ ഏതെങ്കിലും ചെലവ് അനുവദിക്കാൻ പാടില്ലാത്തതുമാകുന്നു.

(5) എപ്പോഴെങ്കിലും പുതിയ പരിപാടികൾ ത്വരിതപ്പെടുത്തുന്നതിനായി ബഡ്ജറ്റിൽ പരിഷ്ക്കരണം ആവശ്യമാകുന്നപക്ഷമോ അഥവാ മറ്റു കാരണങ്ങളാലോ അങ്ങനെ ചെയ്യുവാനും ബഡ്ജറ്റിന്റെ അംഗീകാരം ത്വരിതപ്പെടുത്തുന്നതിനും കംപ്ട്രോളർ ഉത്തരവാദിയായിരിക്കുന്നതാണ്.

<u>**32. ഫിസിക്കൽ പ്ലാന്റ് ഡയറക്ടർ.-**</u>

(1) ഫിസിക്കൽ പ്ലാന്റ് ഡയറക്ടറെ പരിനിയമങ്ങൾ അനുസരിച്ച് എക്സിക്യൂട്ടീവ് കമ്മിറ്റി നിയമിക്കേണ്ടതാകുന്നു.

(2) ഫിസിക്കൽ പ്ലാന്റ് ഡയറക്ടറുടെ ശമ്പളവും അലവൻസും മറ്റു സേവന വ്യവസ്ഥകളും നിർണ്ണയിക്കപ്പെടാവുന്ന വിധത്തിൽ ആയിരിക്കുന്നതാണ്.

(3) ഫിസിക്കൽ പ്ലാന്റ് ഡയറക്ടർ സർവ്വകലാശാലയുടെ എല്ലാ വസ്തുക്കളുടെയും പൊതു സൂക്ഷിപ്പുകാരനായിരിക്കുന്നതും അദ്ദേഹത്തിന് താഴെപ്പറയുന്ന കൃത്യങ്ങൾ ഉണ്ടായിരിക്കുന്നതുമാകുന്നു, അതായത്:-

(എ) സർവ്വകലാശാലയുടെ കെട്ടിടങ്ങളും മറ്റ് എടുപ്പുകളും നിർമ്മിക്കുന്നതിനും സംരക്ഷിക്കുന്നതിനും ഏർപ്പാടുകൾ ചെയ്യുക;

(ബി) സർവ്വകലാശാലയുടെ ആവശ്യത്തിനുള്ള യന്ത്രസാമഗ്രികളും മറ്റ് ഉപകരണങ്ങളും വാങ്ങാനും സംരക്ഷിക്കാനും ഏർപ്പാട് ചെയ്യുക;

(സി) സർവ്വകലാശാലാ വളപ്പിലുള്ള പുൽത്തകിടിയും തറയും തോട്ടവും സംരക്ഷിക്കുക;

(ഡി) നിർണ്ണയിക്കപ്പെടാവുന്നതോ വൈസ്-ചാൻസലർ അദ്ദേഹത്തിന് ഏൽപ്പിച്ചുകൊടുക്കാവുന്നതോ ആയ മറ്റ് കൃത്യങ്ങൾ.

(4) ഫിസിക്കൽ പ്ലാന്റ് ഡയറക്ടർ തന്റെ കൃത്യങ്ങൾ നിർവ്വഹിക്കുന്നതിൽ എക്സിക്യൂട്ടീവ് കമ്മിറ്റിയോട് ഉത്തരവാദപ്പെട്ടിരിക്കുന്നതാണ്.

<u>**33. ലൈബ്രേറിയൻ.-**</u>

(1) എക്സിക്യൂട്ടീവ് കമ്മിറ്റി ലൈബ്രേറിയനെ പരിനിയമങ്ങൾ അനുസരിച്ച് നിയമിക്കേണ്ടതും അദ്ദേഹം പുസ്തകങ്ങളും മാസികകളും വാങ്ങുന്നതും കാറ്റലോഗു ചെയ്യുന്നതും സൂക്ഷിക്കുന്നതും നൽകുന്നതും മടക്കിവാങ്ങുന്നതും സംബന്ധിച്ചും ലൈബ്രറി സംബന്ധമായ മറ്റ് കാര്യങ്ങൾക്കും ആ കമ്മിറ്റിയോട് ഉത്തരവാദപ്പെട്ടിരിക്കുന്നതുമാകുന്നു.

(2) ലൈബ്രേറിയന്റെ ശമ്പളവും അലവൻസുകളും മറ്റു സേവന വ്യവസ്ഥകളും നിർണ്ണയിക്കപ്പെടാവുന്ന വിധത്തിലായിരിക്കുന്നതാണ്.

**34. ഫാക്കൽറ്റികളുടെ ഡീനുകൾ.-**

(1) ഓരോ ഫാക്കൽറ്റിക്കും ഒരു ഡീൻ ഉണ്ടായിരിക്കുന്നതും അദ്ദേഹത്തെ നിർണ്ണയിക്കപ്പെടാവുന്ന വിധത്തിൽ നിയമിക്കേണ്ടതുമാകുന്നു;

എന്നാൽ, ഒരു ഡീൻ ഒന്നിൽകൂടുതൽ ഫാക്കൽറ്റിയുടെ ചാർജ് വഹിക്കുന്നതാണെന്ന് ജനറൽ കൗൺസിലിന് നിർദ്ദേശിക്കാവുന്നതാകുന്നു.

(2) ഡീനുകൾ സർവ്വകലാശാലയുടെ ശമ്പളം പറ്റുന്ന മുഴുവൻ സമയം ജോലി ചെയ്യുന്ന ഉദ്യോഗസ്ഥൻമാർ ആയിരിക്കുന്നതും നിർണ്ണയിക്കപ്പെടാവുന്ന കാലത്തേക്ക് ഉദ്യോഗം വഹിക്കുന്നതുമാകുന്നു.

(3) ഡീനുകൾക്ക് നിർണ്ണയിക്കപ്പെടാവുന്ന ശമ്പളവും അലവൻസും നൽകേണ്ടതും നിർണ്ണയിക്കപ്പെടാവുന്ന സേവന വ്യവസ്ഥകൾക്ക് വിധേയനായിരിക്കുന്നതുമാകുന്നു.

(4) ഡീൻ തന്റെ കീഴിലുള്ള ഫാക്കൽറ്റിയുടെയോ ഫാക്കൽറ്റികളുടെയോ ബോർഡ് ഓഫ് സ്റ്റഡീസിന്റെ ചെയർമാൻ ആയിരിക്കുന്നതും ഫാക്കൽറ്റിയേയോ ഫാക്കൽറ്റികളേയോ സംബന്ധിച്ചുള്ള പരിനിയമങ്ങളും ഓർഡിനൻസുകളും റഗുലേഷനുകളും വിശ്വസ്തമായി അനുസരിക്കുന്നതിന് വൈസ്-ചാൻസലറോട് ഉത്തരവാദപ്പെട്ടിരിക്കുന്നതും ആ കൃത്യങ്ങൾ സംഘടിപ്പിക്കുന്നതിനും നടത്തുന്നതിനും റിസർച്ചും എക്സ്റ്റൻഷനും ഡയറക്ടർമാർ ഉൾപ്പെടെയുള്ള മറ്റുദ്യോഗസ്ഥൻമാരുമായി അടുത്ത സമ്പർക്കം പുലർത്തി പ്രവർത്തിക്കേണ്ടതും പൊതുവായി ഫാക്കൽറ്റിയുടേയോ ഫാക്കൽറ്റികളുടേയോ വകുപ്പ് മേധാവികൾ മുഖാന്തരം ജോലി ചെയ്യേണ്ടതുമാകുന്നു.

(5) ഡീനുകൾ, എക്സിക്യൂട്ടീവ് കമ്മിറ്റി ഏൽപ്പിച്ചുകൊടുക്കുന്ന യഥാക്രമമുള്ള അവരുടെ ഫാക്കൽറ്റികളുടെ ജോലിയുടെ ശരിയായ നിർവ്വഹണത്തിന് ആവശ്യമാകാവുന്ന മറ്റു ചുമതലകൾ നിർവ്വഹിക്കേണ്ടതും മറ്റു കൃത്യങ്ങൾ നടത്തേണ്ടതുമാകുന്നു.

**35. റിസർച്ച് ഡയറക്ടർ.-**

(1) ഒരു റിസർച്ച് ഡയറക്ടർ ഉണ്ടായിരിക്കേണ്ടതും അദ്ദേഹം സർവ്വകലാശാലയുടെ ശമ്പളം പറ്റുന്ന മുഴുവൻ സമയം ജോലി ചെയ്യുന്ന ഉദ്യോഗസ്ഥനായിരിക്കുന്നതുമാണ്.

(2) റിസർച്ച് ഡയറക്ടറെ എക്സിക്യൂട്ടീവ് കമ്മിറ്റി പരിനിയമങ്ങളനുസരിച്ച് നിയമിക്കേണ്ടതാകുന്നു.

(3) റിസർച്ച് ഡയറക്ടറുടെ ശമ്പളവും അലവൻസുകളും മറ്റു സേവന വ്യവസ്ഥകളും നിർണ്ണയിക്കപ്പെടാവുന്ന വിധത്തിൽ ആയിരിക്കുന്നതാണ്.

(4) 39-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള ഗവേഷണ പരിപാടികൾ സംവിധാനം ചെയ്യുന്നതിനും സംഘടിപ്പിക്കുന്നതിനും റിസർച്ച് സ്റ്റേഷനുകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിനും റിസർച്ച് ഡയറക്ടർ ഉത്തരവാദിയായിരിക്കുന്നതാകുന്നു.

(5) റിസർച്ച് ഡയറക്ടർ പരിനിയമങ്ങളാൽ തനിക്ക് നൽകപ്പെടാവുന്നതോ തന്റെ മേൽ ചുമത്തപ്പെടാവുന്നതോ ആയ അധികാരങ്ങൾ വിനിയോഗിക്കേണ്ടതും കർത്തവ്യങ്ങൾ നിർവ്വഹിക്കേണ്ടതുമാകുന്നു.

**<u>36. എക്സ്റ്റൻഷൻ ഡയറക്ടർ.-</u>**

(1) ഒരു എക്സ്റ്റൻഷൻ ഡയറക്ടർ ഉണ്ടായിരിക്കേണ്ടതും അദ്ദേഹം സർവ്വകലാശാലയുടെ ശമ്പളം പറ്റുന്ന മുഴുവൻ സമയം ജോലി ചെയ്യുന്ന ഉദ്യോഗസ്ഥനായിരിക്കുന്നതുമാണ്.

(2) എക്സ്റ്റൻഷൻ ഡയറക്ടറെ പരിനിയമങ്ങൾ അനുസരിച്ചു എക്സിക്യൂട്ടീവ് കമ്മിറ്റി നിയമിക്കേണ്ടതാണ്.

(3) എക്സ്റ്റൻഷൻ ഡയറക്ടറുടെ ശമ്പളവും അലവൻസുകളും മറ്റു സേവന വ്യവസ്ഥകളും നിർണ്ണയിക്കപ്പെടാവുന്ന വിധത്തിലായിരിക്കേണ്ടതാണ്.

(4) 40-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തപ്രകാരം കാർഷിക എക്സ്റ്റൻഷൻ വിദ്യാഭ്യാസ പരിപാടിയുടെ ചുമതല എക്സ്റ്റൻഷൻ ഡയറക്ടർക്കുണ്ടായിരിക്കുന്നതാണ്.

(5) എക്സ്റ്റൻഷൻ ഡയറക്ടർ പരിനിയമങ്ങളാൽ തനിക്ക് നൽകപ്പെടാവുന്നതോ തന്റെ മേൽ ചുമത്തപ്പെടാവുന്നതോ ആയ അധികാരങ്ങൾ വിനിയോഗിക്കേണ്ടതും കർത്തവ്യങ്ങൾ നിർവ്വഹിക്കേണ്ടതുമാകുന്നു.

**<u>37. സ്റ്റുഡൻസ് വെൽഫയർ ഡയറക്ടർ.-</u>**

(1) സ്റ്റുഡൻസ് വെൽഫയർ ഡയറക്ടർ സർവ്വകലാശാലയുടെ മുഴുവൻ സമയവും ജോലി ചെയ്യുന്ന ഉദ്യോഗസ്ഥനായിരിക്കുന്നതും അദ്ദേഹത്തെ പരിനിയമങ്ങളനുസരിച്ച് എക്സിക്യൂട്ടീവ് കമ്മിറ്റി നിയമിക്കുന്നതുമാണ്.

(2) സ്റ്റുഡൻസ് വെൽഫയർ ഡയറക്ടറുടെ ശമ്പളവും അലവൻസുകളും മറ്റു സേവന വ്യവസ്ഥകളും നിർണ്ണയിക്കപ്പെടാവുന്ന വിധത്തിലായിരിക്കുന്നതാകുന്നു.

(3) സ്റ്റുഡൻസ് വെൽഫയർ ഡയറക്ടർക്ക് താഴെപ്പറയുന്ന കർത്തവ്യങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:-

(എ) വിദ്യാർത്ഥികളെ താമസിപ്പിക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യുക;

(ബി) വിദ്യാർത്ഥികൾക്ക് കൗൺസിലിംഗ് നൽകുന്നതു സംബന്ധിച്ച പരിപാടിക്ക് ഏർപ്പാട് ചെയ്യുക;

(സി) വൈസ്-ചാൻസലർ അംഗീകരിച്ചിട്ടുള്ള പ്ലാനുകൾ അനുസരിച്ച് വിദ്യാർത്ഥികളുടെ തൊഴിലിന് വേണ്ടി ഏർപ്പാടുകൾ ചെയ്യുക;

(ഡി) വിദ്യാർത്ഥികളുടെ പാഠ്യേതര കാര്യങ്ങളുടെ മേൽനോട്ടം വഹിക്കുകയും വിദ്യാർത്ഥികളുടെ പൊതു ആവശ്യങ്ങൾ ശ്രദ്ധിക്കുകയും ചെയ്യുക;

(ഇ) സർവ്വകലാശാലാ ബിരുദധാരികളുടെ പ്ലേസ്മെന്റിൽ സഹായിക്കുക;

(എഫ്) സർവ്വകലാശാലയുടെ പൂർവ്വവിദ്യാർത്ഥികളെ സംഘടിപ്പിക്കുകയും അവരുമായി സമ്പർക്കം പുലർത്തുകയും ചെയ്യുക;

(ജി) വൈസ്-ചാൻസലർ ഏൽപ്പിച്ചു കൊടുക്കാവുന്ന മറ്റു കർത്തവ്യങ്ങൾ നിറവേറ്റുക.

**38. ഉദ്യോഗസ്ഥൻമാരുടേയും ജീവനക്കാരുടേയും പ്രതിഫലം.-** സർവ്വകലാശാലയുടെ യാതൊരു ഉദ്യോഗസ്ഥനോ ജീവനക്കാരനോ പരിനിയമങ്ങളാൽ വ്യവസ്ഥ ചെയ്തിരിക്കുന്നതൊഴികെയുള്ള യാതൊരു പ്രതിഫലവും മറ്റു മാർഗ്ഗങ്ങളിൽ നിന്നും സ്വീകരിക്കാൻ പാടുള്ളതല്ല.

# അദ്ധ്യായം V
# ഗവേഷണവും എക്സ്റ്റൻഷൻ വിദ്യാഭ്യാസവും

**39. കാർഷിക ഗവേഷണ പരിപാടി.-**

(1) ഈ ആക്റ്റിലേയും പരിനിയമങ്ങളിലേയും വ്യവസ്ഥകൾക്ക് വിധേയമായി സർവ്വകലാശാല, കാർഷികവികസനത്തെ സഹായിക്കുന്നതിനായുള്ള കാര്യത്തിനായും സംസ്ഥാനത്തെ കർഷകജനതയുടെ ഗുണാനുഭവത്തിനായും, പ്രധാനമായി കൃഷിയും ബന്ധപ്പെട്ട ശാസ്ത്രങ്ങളും സംബന്ധിച്ച പ്രശ്നങ്ങളെപ്പറ്റി സംസ്ഥാനമൊട്ടാകെ ഗവേഷണം നടത്തേണ്ടതും ഈ ആവശ്യാർത്ഥം കാർഷിക ഗവേഷണ സ്റ്റേഷനുകൾ സ്ഥാപിക്കേണ്ടതുമാകുന്നു.

(2) സർവ്വകലാശാല, അതിന്റെ കാർഷിക ഗവേഷണ സംഘടന വഴി സംസ്ഥാനത്തെ കാർഷിക ഗവേഷണ പ്രവർത്തനങ്ങളുടെ നിയന്ത്രണം ഉള്ള പ്രധാന ഏജൻസി ആയിരിക്കും.

(3) ഈ ആക്റ്റ് നടപ്പായി വരുന്നതിനു തൊട്ടുമുൻപ് ഗവൺമെന്റ് കൃഷി ഡയറക്ടർക്കും മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർക്കും കൃഷി സംബന്ധമായ ഗവേഷണവുമായി ബന്ധപ്പെട്ട മറ്റു ഗവൺമെന്റ് ഏജൻസികൾക്കും ഏൽപ്പിച്ചുകൊടുത്തിട്ടുള്ള എല്ലാ ഗവേഷണ പരിപാടികളുടേയും റിസർച്ച് സ്റ്റേഷനുകളുടേയും സൗകര്യങ്ങളുടേയും ജീവനക്കാരുടേയും ബഡ്ജറ്റുകളുടേയും മേലുള്ള അധികാരാതിർത്തി സർവകലാശാലയും ഗവൺമെന്റും തമ്മിൽ പരസ്പരം സമ്മതിച്ചിട്ടുള്ള പദ്ധതിക്കനുസരിച്ച് സർവകലാശാലയ്ക്ക് കൈമാറ്റം ചെയ്യേണ്ടതാണ്.

(4) സംസ്ഥാനത്തുള്ള കേന്ദ്രഗവൺമെന്റ് വക കാർഷികവും അതോടു ബന്ധപ്പെട്ടവയുമായ ഗവേഷണ സ്ഥാപനങ്ങൾ സർവകലാശാലയും കേന്ദ്രഗവൺമെന്റും തമ്മിൽ പരസ്പരം സമ്മതിച്ചിട്ടുള്ള പദ്ധതികളനുസരിച്ച് സർവകലാശാലയ്ക്ക് കൈമാറ്റം ചെയ്യാവുന്നതാണ്.

**40. കാർഷിക എക്സ്റ്റൻഷൻ വിദ്യാഭ്യാസ പരിപാടി.-**

(1) കാർഷിക എക്സ്റ്റൻഷൻ വിദ്യാഭാസ പരിപാടി എക്സ്റ്റൻഷൻ ഡയറക്ടറുടെ മാർഗ്ഗദർശനത്തിൻ കീഴിൽ വികസിപ്പിക്കേണ്ടതാകുന്നു.

(2) ഈ ആക്റ്റിലേയും പരിനിയമങ്ങളിലേയും വ്യവസ്ഥകൾക്ക് വിധേയമായി, സർവകലാശാല ഗവേഷണ ഫലങ്ങളെ അടിസ്ഥാനമാക്കിയുള്ള വിവരം ബന്ധപ്പെട്ട ഗവൺമെന്റു വകുപ്പു വഴി കൃഷിക്കാർക്കും മറ്റുള്ളവർക്കും ലഭ്യമാക്കിത്തീർക്കേണ്ടതാകുന്നു.

എന്നാൽ, ചില പ്രത്യക സാഹചര്യങ്ങളിൽ സർവകലാശാല, ഗവൺമെന്റിന്റെ മുൻ അംഗീകാരത്തോടുകൂടി, ബന്ധപ്പെട്ട ഗവൺമെന്റു വകുപ്പുകൾ വഴിയല്ലാതെയും അപ്രകാരമുള്ള വിവരം കൃഷിക്കാർക്ക് എത്തിച്ചുകൊടുക്കാവുന്നതാകുന്നു.

(3) സർവകലാശാല അപ്രകാരമുള്ള വിദ്യാഭ്യാസ നടപടികൾ നടത്തുന്നതിലേക്ക്, സർവകലാശാലയും ഗവൺമെന്റും തമ്മിൽ പരസ്പരം സമ്മതിച്ചിട്ടുള്ള പദ്ധതികൾ അനുസരിച്ചു

ഗവൺമെന്റ് സർവകലാശാലയ്ക്ക് ആവശ്യമുള്ള ജീവനക്കാരെയും, സൗകര്യങ്ങളും ഫണ്ടുകളും കൈമാറ്റേണ്ടതാകുന്നു.

**41. കർത്തവ്യങ്ങളുടെ ഏകീകരണം.-**

(1) സർവകലാശാലയുടെ തക്ക ഉദ്യോഗസ്ഥൻമാരുമായി ആലോചിച്ച്, വൈസ്- ചാൻസലർ സർവകലാശാലയുടെ അദ്ധ്യാപനം, ഗവേഷണം, എക്സ്റ്റൻഷൻ പ്രവർത്തനങ്ങൾ എന്നിവയുടെ പൂർണ്ണ ഏകീകരണത്തിന് ആവശ്യമാകാവുന്ന നടപടികൾ എടുക്കേണ്ടതാകുന്നു.

(2) കൃഷിയുമായി ബന്ധപ്പെട്ട പ്രകൃതിസംബന്ധവും, ഭൗതികവും, സാമൂഹ്യവുമായ സയൻസുകളിൽ പുതിയ വിവരവും സാങ്കേതികജ്ഞാനവും വികസിപ്പിക്കുന്നതിനായി സാദ്ധ്യമാകാവുന്ന ഏറ്റവും കൂടുതൽ പുരോഗതി ഉണ്ടാകാനായുള്ള അവസ്ഥ സ്ഥാപിക്കപ്പെടുന്നു എന്നുറപ്പുവരുത്താൻ വൈസ്-ചാൻസലർ ഉത്തരവാദിയായിരിക്കുന്നതാണ്.

(3) ഫാക്കൽറ്റികൾ തമ്മിൽ അനാവശ്യമായ കർത്തവ്യങ്ങളുടെ ഇരട്ടിപ്പ് ഒഴിവാക്കുന്നതിലേക്കും സർവകലാശാലയുടെ വിഭവങ്ങൾക്കും അഭിരുചികൾക്കും ഉള്ളിൽ നിന്നു കൊണ്ട് വിദ്യാർത്ഥികൾക്ക് ഏറ്റവും നല്ല കോഴ്സുകൾ നൽകുന്ന ആവശ്യത്തിന് സർവകലാശാലയുടെ വിവിധ ഫാക്കൽറ്റികൾ നൽകുന്ന വിവിധ പാഠ്യപദ്ധതികളും കോഴ്സുകളും തമ്മിൽ ശരിയായ ബന്ധം ഉറപ്പുവരുത്തുന്നതിനും വൈസ്-ചാൻസലർ ഉത്തരവാദിയായിരിക്കുന്നതാണ്.

(4) സംസ്ഥാനത്തെ ആവശ്യങ്ങളെ ലക്ഷ്യമാക്കി സർവകലാശാല ഗവേഷണവും എക്സ്റ്റൻഷൻ വിദ്യാഭ്യാസവും സംബന്ധിച്ച അതിന്റെ പരിപാടി വികസിപ്പിക്കേണ്ടതും കാർഷിക വികസനജോലിയിൽ ഏർപ്പെട്ടിട്ടുള്ള ഗവൺമെന്റുവകുപ്പുകൾക്ക് തക്ക സാങ്കേതിക സഹായവും ഉപദേശ രൂപത്തിലുള്ള സേവനവും നൽകേണ്ടതുമാകുന്നു.

# അദ്ധ്യായം VI
# അദ്ധ്യാപകൻമാരുടെയും ഉദ്യോഗസ്ഥൻമാരുടെയും സ്റ്റാഫിന്റെയും നിയമനം

**42. അദ്ധ്യാപകൻമാരുടെയും ഉദ്യോഗസ്ഥൻമാരുടെയും സ്റ്റാഫിന്റെയും നിയമനം.-**

(1) ഈ ആക്റ്റിലേയും പരിനിയമങ്ങളിലേയും വ്യവസ്ഥകൾക്കു വിധേയമായി സർവകലാശാലയിലെ സ്റ്റാഫ് അംഗങ്ങളെ എക്സിക്യൂട്ടീവ് കമ്മിറ്റി നിയമിക്കേണ്ടതാകുന്നു.

(2) (എ) ഈ ആക്റ്റിലും പരിനിയമങ്ങളിലും മറ്റുവിധത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള സംഗതികളിലൊഴികെ സർവകലാശാലയിലെ ശമ്പളം പറ്റുന്ന ഓരോ ഉദ്യോഗസ്ഥനേയും അദ്ധ്യാപകനേയും രേഖാമൂലമുള്ള ഒരു കരാർ പ്രകാരം നിയമിക്കേണ്ടതാണ്.

(ബി) കരാർ, വൈസ്-ചാൻസലർ സൂക്ഷിക്കേണ്ടതും അതിന്റെ ഒരു പ്രതി ബന്ധപ്പെട്ട ഉദ്യോഗസ്ഥനോ അഥവാ അദ്ധ്യാപകനോ കൊടുക്കേണ്ടതുമാകുന്നു.

(സി) കരാർ, സേവനവ്യവസ്ഥകളെ സംബന്ധിച്ച് തൽക്കാലം നിലവിലുള്ള ഈ ആക്റ്റിലേയും പരിനിയമങ്ങളിലേയും വ്യവസ്ഥകൾക്ക് വിരുദ്ധമായിരിക്കുവാൻ പാടുള്ളതല്ല.

(3) സർകലാശാലയുടെ ഉദ്യോഗസ്ഥൻമാരെയും അദ്ധ്യാപകൻമാരെയും മറ്റു ജീവനക്കാരെയും തിരഞ്ഞെടുക്കുന്നതു സംബന്ധിച്ച നടപടി ക്രമം, ഈ ആക്റ്റിൽ മറ്റുവിധത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്ത പക്ഷം നിർണ്ണയിക്കപ്പെടാവുന്ന വിധത്തിലായിരിക്കേണ്ടതാണ്.

(4) [34][സർവകലാശാലയിലെ ഫാക്കൽറ്റി ഡീൻമാരുടെയും, റിസർച്ച് ഡയറക്ടറുടെയും, എക്സ്റ്റൻഷൻ ഡയറക്ടറുടെയും, വെറ്റിനറി റിസർച്ച് ആന്റ് എഡ്യുക്കേഷൻ ഡയറക്റ്ററുടെയും, [35]{ബിരുദാനന്തര പഠനങ്ങളുടെ ഡയറക്ടറുടെയും പ്രൊഫസർമാരുടെയും മറ്റു വിഭാഗം അദ്ധ്യാപകരുടെയും} സാധാരണ റിട്ടയർമെന്റ് വയസ് അറുപത് ആയിരിക്കുന്നതാണ്.

(5) ചാൻസലറും, പ്രോ-ചാൻസലറും, വൈസ്-ചാൻസലറും, 4-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ളവരും അല്ലാത്ത സർവകലാശാലയിലെ മറ്റ് ഉദ്യോഗസ്ഥൻമാരുടെ സാധാരണ റിട്ടയർമെന്റ് വയസ്സ് [36]{അമ്പത്തിയാറ്} ആയിരിക്കുന്നതാണ്].

---

[34] 1986-ലെ കേരള കാർഷിക സർവകലാശാല (ഭേദഗതി) ആക്റ്റ് (1986 ലെ 27–ാം ആക്റ്റ്), 2–ാം വകുപ്പ് പ്രകാരം "(4) ചാൻസലറും പ്രോ ചാൻസലറും, വൈസ് ചാൻസലറും ഒഴികെ സർവകലാശാലയിലെ ഉദ്യോഗസ്ഥൻമാരും അദ്ധ്യാപകൻമാരും സാധാരണഗതിയിൽ റിട്ടയർ ചെയ്യുന്ന വയസ്സ് അമ്പത്തിഅഞ്ച് ആയിരിക്കുന്നതാണ്." എന്നതിന് പകരം ചേർത്തത് (06/08/1984 മുതൽ പ്രാബല്യം).

[35] 1995-ലെ കേരള കാർഷിക സർവകലാശാല (ഭേദഗതി) ആക്റ്റ് (1995 ലെ 3–ാം ആക്റ്റ്), 2–ാം വകുപ്പ് പ്രകാരം "സർവകലാശാലയിലെ ബിരുദാനന്തര പഠനങ്ങളുടെ ഡയറക്ടറുടെയും പ്രൊഫസർമാരുടെയും" എന്നതിന് പകരം ചേർത്തത് (07/07/1995 മുതൽ പ്രാബല്യം).

[36] 2014-ലെ കേരള കാർഷിക സർവകലാശാല (ഭേദഗതി) ആക്റ്റ് (2014 ലെ 40–ാം ആക്റ്റ്), 2–ാം വകുപ്പ് പ്രകാരം "അമ്പത്തിഅഞ്ച്" എന്നതിന് പകരം ചേർത്തത് (26/03/2012 മുതൽ പ്രാബല്യം).

**43) നിയമനങ്ങളുടെ സംവരണം.-** പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും മറ്റു പിന്നോക്ക വിഭാഗങ്ങളിൽപ്പെടുന്ന പൗരൻമാർക്കും ഗവൺമെന്റിന്റെ കീഴിലുള്ള തസ്തികളിലേക്കുള്ള നിയമനങ്ങൾ സംബന്ധിച്ച സംവരണച്ചട്ടങ്ങൾ സർവകലാശാലയിലെ അദ്ധ്യാപകൻമാരുടെയും അദ്ധ്യാപകരല്ലാത്ത സ്റ്റാഫിന്റെയും നിയമനത്തിന്റെ കാര്യത്തിൽ ബാധകമായിരിക്കുന്നതാണ്.

# അദ്ധ്യായം VII
# ഫണ്ടുകളും കണക്കുകളും

**44. പെൻഷൻ, പ്രോവിഡന്റു ഫണ്ട് മുതലായവ.-**

(1) സർവകലാശാല, സർവകലാശാലയിലെ ഉദ്യോഗസ്ഥരുടേയും അദ്ധ്യാപകരുടേയും ക്ലറിക്കൽ സ്റ്റാഫിന്റേയും മറ്റു ജീവനക്കാരുടേയും ഗുണത്തിനായി, നിർണ്ണയിക്കപ്പെടാവുന്ന വ്യവസ്ഥകൾക്ക് വിധേയമായി, അതിനു യുക്തമെന്നു തോന്നുന്ന പെൻഷനും ഇൻഷ്വറൻസും പ്രോവിഡന്റ് ഫണ്ടും രൂപീകരിക്കേണ്ടതാകുന്നു.

(2) സർവ്വകലാശാല അപ്രകാരമുള്ള ഏതെങ്കിലും പെൻഷനോ ഇൻഷുറൻസോ പ്രോവിഡന്റ് ഫണ്ടോ രൂപീകരിച്ചിട്ടുള്ള പക്ഷം 1925–ലെ പ്രോവിഡന്റ് ഫണ്ട് ആക്റ്റിലെ (1925-ലെ 19-ാം കേന്ദ്ര ആക്റ്റ്) വ്യവസ്ഥകൾ അപ്രകാരമുള്ള ഫണ്ടിന്, അത് ഗവൺമെന്റിന്റെ പ്രോവിഡന്റ് ഫണ്ട് എന്ന പോലെ, ബാധകമായിരിക്കുന്നതാണെന്ന് ഗവൺമെന്റിന് പ്രഖ്യാപിക്കാവുന്നതാണ്.

എന്നാൽ, സർവകലാശാലയ്ക്കു, 46-ാം വകുപ്പുപ്രകാരം രൂപീകരിച്ചിട്ടുള്ള ധനകാര്യകമ്മിറ്റിയുമായി ആലോചിച്ച് അത് നിർണ്ണയിക്കാവുന്ന രീതിയിൽ പ്രോവിഡന്റ് ഫണ്ട് തുക നിക്ഷേപിക്കുന്നതിനു അധികാരമുണ്ടായിരുക്കുന്നതാണ്.

**45. സർവകലാശാല ഫണ്ടുകളും ഗ്രാന്റുകളും.-**

(1) സർവകലാശാലയ്ക്ക് ഒരു പൊതു ഫണ്ട് ഉണ്ടായിരിക്കേണ്ടതും അതിൽ താഴെപ്പറയുന്നവ വരവു പിടിക്കേണ്ടതുമാകുന്നു:-

(എ) ഫീസിൽ നിന്നും ദാനസ്വത്തുക്കളിൽ നിന്നും ഗ്രാന്റുകൾ വല്ലതും ഉണ്ടെങ്കിൽ അവകളിൽ നിന്നുമുള്ള വരുമാനവും;

(ബി) ഗവൺമെന്റ്, അപ്രകാരമുള്ള ഫണ്ടിലേക്ക്, അവർ ചുമത്താവുന്ന വ്യവസ്ഥകളിൻമേൽ നൽകാവുന്ന അംശദാനങ്ങളോ ഗ്രാന്റുകളോ അവയും;

(സി) മറ്റു വരവുകളും.

(2) (എ) സർവകലാശാല, ഫൗണ്ടേഷൻ ഫണ്ട് എന്ന പേരിൽ ഒരു ഫണ്ട്, കേന്ദ്ര ഗവൺമെന്റിൽ നിന്നും കേരള ഗവൺമെന്റിൽ നിന്നും ആ ഫണ്ടിൽ വരവു പിടിക്കാനായി നൽകുന്ന അംശദാനങ്ങളും ഗ്രാന്റുകളും പ്രസ്തുത ഫണ്ടിലേക്ക് വരവു പിടിക്കാവുന്ന സർകലാശാലയിൽ നിന്നുമുള്ള മറ്റു തുകകളും ചേർത്ത് രൂപീകരിക്കേണ്ടതാകുന്നു.

(ബി) ഫൗണ്ടേഷൻ ഫണ്ടിലുള്ള പണം 1882 ലെ ഇന്ത്യൻ ട്രസ്റ്റ് ആക്റ്റ് (1882–ലെ 2-ാം കേന്ദ്ര ആക്റ്റ്) 20-ാം വകുപ്പ് (എ) മുതൽ (ഡി) വരെയുള്ള ഖണ്ഡങ്ങളിൽ പറഞ്ഞതോ പരാമർശിച്ചിട്ടുള്ളതോ ആയ സെക്യൂരിറ്റികളിൽ നിക്ഷേപിക്കേണ്ടതാകുന്നു.

(സി) സർവകലാശാല ഗവൺമെന്റ് നൽകിയിട്ടുള്ള ഏതെങ്കിലും ഗ്രാന്റ് സംബന്ധിച്ചു ഗവൺമെന്റ് ആവശ്യപ്പെടാവുന്ന സ്റ്റേറ്റ്മെന്റുകളും കണക്കുകളും

റിപ്പോർട്ടുകളും മറ്റു വിവരങ്ങളും കൊടുക്കേണ്ടതും ഏതെങ്കിലും ഗ്രാന്റിന്റെ ഉപയോഗം സംബന്ധിച്ചു ഗവൺമെന്റ് നിർദ്ദേശിക്കാവുന്ന സമയത്തിനുള്ളിലും നിർദ്ദേശിക്കാവുന്ന വിധത്തിലും ഉള്ള നടപടികൾ എടുക്കേണ്ടതും സ്റ്റേറ്റ്മെന്റുകളും കണക്കുകളും റിപ്പോർട്ടുകളും മറ്റു വിശദവിവരങ്ങളും നൽകേണ്ടതുമാകുന്നു.

(ഡി) സർവകലാശാല അതിന്റെ ഉദ്ദേശങ്ങൾ നേടുന്നതിലേക്കായി കേരള ഗവൺമെന്റിൽ നിന്നോ മറ്റു സംസ്ഥാന ഗവൺമെന്റിൽ നിന്നോ കേന്ദ്ര ഗവൺമെന്റിൽ നിന്നോ അഥവാ നിയമാധിഷ്ഠിത സമിതികളിൽ നിന്നോ ഗ്രാന്റുകളോ ദാനസ്വത്തുക്കളോ സംഭാവനകളോ, സർവകലാശാലയും ഗ്രാന്റു നൽകുന്ന ആളോ സംഭാവന നൽകുന്ന ആളോ അയാളും തമ്മിൽ സമ്മതിക്കാവുന്ന വ്യവസ്ഥകൾ പ്രകാരം സ്വീകരിക്കുവാൻ സർവകലാശാലയ്ക്കു അധികാരമുണ്ടായിരിക്കുന്നതാണ്.

(3) സർവകലാശാലയ്ക്കു, നിർണ്ണയിക്കപ്പെടാവുന്ന മറ്റു ഫണ്ടുകൾ ഉണ്ടായിരിക്കാവുന്നതാണ്.

(4) പൊതുഫണ്ടും, ഫൗണ്ടേഷൻ ഫണ്ടും സർവകലാശാലയുടെ മറ്റു ഫണ്ടുകളും പരിനിയമങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം നോക്കി നടത്തേണ്ടതാകുന്നു.

(5) ഗവൺമെന്റ് താഴെപറയുന്ന പ്രകാരം ലാപ്സായി പോകാത്തതരത്തിലുള്ള ലംപ്സം ഗ്രാന്റുകൾ ഓരോ വർഷവും സർവകലാശാലക്ക് കൊടുക്കേണ്ടതാകുന്നു.

(എ) സർവകലാശാലക്ക് കൈമാറിയ കൃഷിയും മൃഗസംരക്ഷണവും ഡിപ്പാർട്ടുമെന്റുകളിലേയും മറ്റു ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകളിലേയും പ്രവർത്തനങ്ങൾക്കും സ്ഥാപനങ്ങൾക്കും 1969-70 വർഷത്തിൽ വാസ്തവത്തിൽ ചെലവു ചെയ്ത തുകയിൽ കുറയാതെയുള്ള ഒരു ഗ്രാന്റ്.

(ബി) (എ) എന്ന ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ളവ ഒഴികെയുള്ള സർവകലാശാലയുടെ സ്റ്റാഫിന്റെ ശമ്പളം അലവൻസുകൾ യാദൃശ്ചിക ചെലവുകൾ, സപ്ലൈ സേവനങ്ങൾ എന്നിവയുടെ വാസ്തവത്തിലുള്ള മതിപ്പ് ചിലവിൽ കുറവല്ലാത്ത ഒരു ഗ്രാന്റ്;

(സി) സർവകലാശാലയുടെ സുഗമമായ പ്രവർത്തനത്തിന് ഗവൺമെന്റിന് യുക്തമെന്ന് തോന്നാവുന്ന ആവർത്തകവും അനാവർത്തകവുമായ അധികച്ചെലവിനങ്ങൾ വഹിക്കുന്നതിനുള്ള ഒരു ഗ്രാന്റ്.

(6) ഗവൺമെന്റ്, നാലാം പഞ്ചവത്സര പദ്ധതിയൽ ഉൾപ്പെടുത്തിയിട്ടുള്ളതും നടപ്പാക്കുന്നതിനായി സർവകലാശാലക്ക് ഏൽപ്പിച്ചുകൊടുത്തതുമായ പദ്ധതികൾ സംബന്ധിച്ച് വാർഷിക പദ്ധതിയിൽ കാണിച്ചിട്ടുള്ളതും വാസ്തവത്തിൽ കൊള്ളിച്ചിട്ടുള്ളതുമായ തുകയ്ക്കു തുല്യമായ ലാപ്സാകാത്ത ഒരു ലംപ്സം ഗ്രാന്റു കൂടി സർവകലാശാലക്കു നൽകേണ്ടതാണ്.

(7) കേന്ദ്രഗവൺമെന്റിൽനിന്നും, അങ്ങനെയുള്ള പദ്ധതികൾ ഏറ്റെടുത്തു നടത്തുന്ന മറ്റു ഏജൻസികളിൽനിന്നും പ്രതീക്ഷിക്കുന്ന സഹായം സംബന്ധിച്ച് കണക്കൊപ്പിക്കൽ നടത്താവുന്നതാണ്. എന്നാൽ, അങ്ങനെയുള്ള സഹായങ്ങൾ സർകലാശാലയ്ക്ക് നേരിട്ട് ലഭിക്കേണ്ടതും ഗവൺമെന്റു മുഖേന ആയിരിക്കാൻ പാടില്ലാത്തതുമാകുന്നു.

**46. ധനകാര്യക്കമ്മിറ്റി.-**

(1) എക്സിക്യൂട്ടീവ് കമ്മിറ്റി, വൈസ്-ചാൻസലറും, ഗവൺമെന്റ് ഫൈനാൻസ് സെക്രട്ടറിയും, കംപ്ട്രോളറും, എക്സിക്യൂട്ടീവ് കമ്മിറ്റി തിരഞ്ഞെടുക്കുന്ന അംഗങ്ങളും - ഇവരിൽ ഒരാൾ അതിലെ അനൗദ്യോഗിക അംഗങ്ങളിൽനിന്നും തിരഞ്ഞെടുക്കപ്പെടേണ്ടതും മറ്റൊരാൾ അതിലെ എക്സ് ഒഫീഷ്യോ അംഗങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെടേണ്ടതുമാകുന്നു – ഉൾപ്പെട്ട ഒരു ധനകാര്യക്കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

(2) ധനകാര്യക്കമ്മിറ്റിക്ക് താഴെപ്പറയുന്ന അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:-

(എ) സർവകലാശാലയുടെ വാർഷിക കണക്കുകൾ പരിശോധിക്കുകയും അതിനെപ്പറ്റി എക്സിക്യൂട്ടീവ് കമ്മിറ്റിയെ ഉപദേശിക്കുകയും ചെയ്യുക;

(ബി) സർവകലാശാലയുടെ വാർഷിക ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ പരിശോധിക്കുകയും അതിനെപ്പറ്റി എക്സിക്യൂട്ടീവ് കമ്മിറ്റിയെ ഉപദേശിക്കുകയും ചെയ്യുക;

(സി) സർവകലാശാലയുടെ ധനസ്ഥിതി കാലാകാലങ്ങളിൽ പുന:പരിശോധന നടത്തുക;

(ഡി) സർവകലാശാലയുടെ ധനകാര്യം സംബന്ധിച്ച എല്ലാ കാര്യങ്ങളിലും എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് ശുപാർശകൾ ചെയ്യുക:

(ഇ) ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതും ചെലവു ചെയ്യേണ്ടി വരികയോ ബഡ്ജറ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ള തുകയിൽ കവിഞ്ഞ ചെലവു ചെയ്യേണ്ടി വരികയോ ചെയ്യുന്നതുമായ എല്ലാ നിർദ്ദശങ്ങളേയും സംബന്ധിച്ച് എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് ശുപാർശകൾ ചെയ്യുക.

**47. കണക്കും ആഡിറ്റും.-**

(1) വൈസ്-ചാൻസലറുടെ നിർദ്ദേശപ്രകാരം കംപട്രോളർ സർവകലാശാലയുടെ വാർഷിക കണക്കുകൾ തയ്യാറാക്കേണ്ടതും ഏതു മാർഗ്ഗത്തിൽ നിന്നായാലും വേണ്ടതില്ല സർവകലാശാലക്ക് കിട്ടേണ്ടതോ സർവകലാശാല വാങ്ങുന്നതോ ആയ എല്ലാ തുകകളും, സർവകലാശാല ചെലവഴിക്കുന്നതും കൊടുക്കുന്നതുമായ എല്ലാ തുകകളും കണക്കുകളിൽ ചേർക്കേണ്ടതാകുന്നു.

[37][(2) സർവ്വകലാശാലയുടെ വാർഷിക കണക്കുകൾ വൈസ് ചാൻസലർ, സർക്കാരിന് സമർപ്പിക്കേണ്ടതും, ഈ ആവശ്യത്തിലേക്കായി സർക്കാർ നിശ്ചയിച്ചേക്കാവുന്ന, അക്കൗണ്ടന്റ് ജനറലിനെ കൊണ്ടോ ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറെക്കൊണ്ടോ ആഡിറ്റ് ചെയ്യിപ്പിക്കേണ്ടതുമാണ്].

[37] 2001-ലെ കേരള കാർഷിക സർവകലാശാല (ഭേദഗതി) ആക്റ്റ് (2001 ലെ 16–ാം ആക്റ്റ്), വകുപ്പ് 10(i) പ്രകാരം “ (2) സർവകാലശാലയുടെ വാർഷിക കണക്കുകളും ബാലൻസ് ഷീറ്റും വൈസ്ചാൻസലർ, ഗവൺമെന്റിന് സമർപ്പിക്കേണ്ടതും ഗവൺമെന്റ് അവ അക്കൗണ്ടന്റ് ജനറലിനെകൊണ്ടോ, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് എക്സാമിനറെ കൊണ്ടോ അഥവാ ഈ ആവശ്യത്തിലേക്കായി അവർ നിയമിക്കാവുന്ന ചാർട്ടേഡ് അക്കൗണ്ടന്റിനെകൊണ്ടോ ആഡിറ്റ് ചെയ്യാൻ ഏർപ്പാടു ചെയ്യേണ്ടതുമാകുന്നു.” എന്നതിന് പകരം ചേർത്തത് (26/12/2001 മുതൽ പ്രാബല്യം).

(3) കണക്കുകൾ ആഡിറ്റുചെയ്തശേഷം അച്ചടിക്കേണ്ടതും അവയുടെ പ്രതികൾ ആഡിറ്റ് റിപ്പോർട്ടോടുകൂടി വൈസ്-ചാൻസലർ, ജനറൽ കൗൺസിലിനും എക്സിക്യൂട്ടീവ് കമ്മിറ്റിക്കും ചാൻസലർക്കും സമർപ്പിക്കേണ്ടതുമാകുന്നു.

[38][(4) എക്സിക്യൂട്ടീവ് കമ്മിറ്റി കണക്കുകളുടേയും ആഡിറ്റ് റിപ്പോർട്ടിന്റെയും ഓരോ പകർപ്പ്, മാർച്ച് 31-ന് അവസാനിക്കുന്ന സാമ്പത്തികവർഷത്തെ ആഡിറ്റ് റിപ്പോർട്ടിന്മേൽ സർവ്വകലാശാല എടുത്തിട്ടുള്ള നടപടികളുടെ ഒരു സ്റ്റേറ്റുമെന്റോടുകൂടി അടുത്തവർഷം, മാർച്ച് 1-ാം തീയതിയിലോ അതിനുമുൻപോ സർക്കാരിന് സമർപ്പിക്കേണ്ടതും അങ്ങനെ ലഭിച്ചാൽ ഉടൻതന്നെ സർക്കാർ അത് നിയമസഭ സമ്മേളനത്തിലാണെങ്കിൽ സഭയുടെ മേശപ്പുറത്ത് വയ്പിക്കേണ്ടതും സമ്മേളനത്തിലല്ലായെങ്കിൽ അതു ലഭിച്ചശേഷമുള്ള തൊട്ടടുത്ത സമ്മേളനത്തിൽ വയ്പിക്കേണ്ടതുമാണ്.]

38 2001-ലെ കേരള കാർഷിക സർവകലാശാല (ഭേദഗതി) ആക്റ്റ് (2001 ലെ 16–ാം ആക്റ്റ്),10(ii) വകുപ്പ് പ്രകാരം " (4) എക്സിക്യൂട്ടീവ് കമ്മിറ്റി കണക്കുകളുടെ ഒരു പ്രതിയും ആഡിറ്റ് റിപ്പോർട്ടും, ആഡിറ്റ് റിപ്പോർട്ടിൻമേൽ സർവകലാശാല എടുത്തിട്ടുള്ള നടപടികളുടെ ഒരു സ്റ്റേറ്റുമെന്റോടുകൂടി ഗവൺമെന്റിൽ സമർപ്പിക്കേണ്ടതും ഗവൺമെന്റ് അത് സംസ്ഥാന നിയമസഭ മുമ്പാകെ വയ്ക്കാൻ ഏർപ്പാടുചെയ്യേണ്ടതുമാകുന്നു." എന്നതിന് പകരം ചേർത്തത് (26/12/2001 മുതൽ പ്രാബല്യം).

## അദ്ധ്യായം VIII
## പരിനിയമങ്ങളും ഓർഡിനൻസും റഗുലേഷനുകളും ഉത്തരവുകളും

**48. പരിനിയമങ്ങൾ.-** ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, പരിനിയമങ്ങളിൽ താഴെപ്പറയുന്ന എല്ലാമോ എന്തെങ്കിലുമോ കാര്യങ്ങൾക്ക് വ്യവസ്ഥ ചെയ്യാവുന്നതാകുന്നു, അതായത്:-

(എ) ഈ ആക്റ്റിൽ സ്പഷ്ടമായി വ്യവസ്ഥ ചെയ്തിട്ടില്ലാത്ത സർവകലാശാലയുടെ അധികാരസ്ഥാനങ്ങളുടെ രൂപീകരണവും, അധികാരങ്ങളും കർത്തവ്യങ്ങളും;

(ബി) ഈ ആക്റ്റിൽ സ്പഷ്ടമായി വ്യവസ്ഥ ചെയ്തിട്ടില്ലാത്ത സർവകലാശാലയിലെ ഉദ്യോഗസ്ഥൻമാരുടെ അധികാരങ്ങളും കർത്തവ്യങ്ങളും;

(സി) ജനറൽ കൗൺസിലിലേയും സർവകലാശാലയുടെ മറ്റു അധികാരസ്ഥാനങ്ങളിലേയും അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമവും ഈ സമിതികൾ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നത് ആവശ്യമോ അഭികാമ്യമോ ആയിരിക്കാവുന്ന മറ്റെല്ലാ കാര്യങ്ങളും;

(ഡി) ബിരുദങ്ങൾ, ഡിപ്ലോമകൾ, സ്ഥാനമാനങ്ങൾ, സർട്ടിഫിക്കറ്റുകൾ, മറ്റു വിദ്യാബഹുമതികൾ എന്നിവ സർവകലാശാല നൽകൽ;

(ഇ) ബിരുദങ്ങൾ, ഡിപ്ലോമകൾ, സ്ഥാനമാനങ്ങൾ, സർട്ടിഫിക്കറ്റുകൾ, മറ്റു വിദ്യാബഹുമതികൾ എന്നിവ പിൻവലിക്കുകയോ റദ്ദാക്കുകയോ ചെയ്യൽ;

(എഫ്) ബിരുദങ്ങൾ നൽകുന്നതിന് ബിരുദദാന സമ്മേളനങ്ങൾ നടത്തൽ;

(ജി) ബഹുമതി ബിരുദങ്ങൾ നൽകുകയും പിൻവലിക്കുകയും ചെയ്യൽ;

(എച്ച്) അദ്ധ്യാപകൻമാരുടെയും അദ്ധ്യാപകരല്ലാത്ത സ്റ്റാഫിന്റെയും തരംതിരിക്കലും നിയമനരീതിയും;

(ഐ) ഫാക്കൽറ്റികളുടെ സ്ഥാപനവും സംയോജനവും പുനർവിഭജനവും റദ്ദാക്കലും;

(ജെ) സർവകലാശാലയുടെ കണക്കുകൾ വച്ചുപോരുകയും വാർഷിക ബഡ്ജറ്റ് തയ്യാറാക്കി പാസ്സാക്കുകയും ചെയ്യൽ;

(കെ) ഈ ആക്റ്റനുസരിച്ച് പരിനിയമങ്ങൾ മൂലം നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറ്റെല്ലാ സംഗതികളും;

**49. പരിനിയമങ്ങൾ ഉണ്ടാക്കുന്നതിനുള്ള നടപടിക്രമം.-**

(1) ജനറൽ കൗൺസിലിന് സ്വമേധയാ പരിനിയമത്തിന്റെ കരട് പരിഗണിക്കാവുന്നതാകുന്നു;

എന്നാൽ, അപ്രകാരമുള്ള ഏതൊരു സംഗതിയിലും, പരിനിയമങ്ങൾ പാസ്സാക്കുന്നതിനുമുമ്പായി, ജനറൽ കൗൺസിൽ, എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അഭിപ്രായം ആരായുകയും പരിഗണിക്കുകയും ചെയ്യേണ്ടതാകുന്നു.

(2) എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് ഏതൊരു പരിനിയമത്തിന്റെ കരടും ജനറൽ കൗൺസിലിന്റെ മുമ്പാകെ വയ്ക്കാവുന്നതും, അപ്രകാരമുള്ള കരട് ജനറൽ കൗൺസിൽ, തുടർന്നു വരുന്ന അതിന്റെ അടുത്ത യോഗത്തിൽ പരിഗണിക്കേണ്ടതുമാകുന്നു.

(3) ജനറൽ കൗൺസിലിന്, എക്സിക്യൂട്ടീവ് കൗൺസിൽ നിർദ്ദേശിച്ച കരടു പരിനിയമം അംഗീകരിച്ചു പാസ്സാക്കുകയോ അഥവാ അതു തള്ളിക്കളയുകയോ അഥവാ ജനറൽ കൗൺസിൽ നിർദ്ദേശിക്കാവുന്ന ഭേദഗതികളോടുകൂടി പൂർണ്ണമായോ ഭാഗികമായോ അതു പുനരാലോചിക്കുന്നതിനായി എക്സിക്യൂട്ടീവ് കമ്മിറ്റിക്കു മടക്കി അയയ്ക്കുകയോ ചെയ്യാവുന്നതാകുന്നു.

(4) 3-ാം ഉപവകുപ്പു പ്രകാരം ജനറൽ കൗൺസിൽ മടക്കി അയക്കുന്ന ഏതെങ്കിലും കരട്, ജനറൽ കൗൺസിൽ നിർദ്ദേശിച്ച ഭേദഗതികളോടുകൂടി എക്സിക്യൂട്ടീവ് കമ്മിറ്റി വീണ്ടും പരിഗണിച്ചശേഷം അതു അതിൻമേലുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ റിപ്പോർട്ടോടുകൂടി വീണ്ടും ജനറൽ കൗൺസിൽ മുമ്പാകെ വയ്ക്കേണ്ടതും, അപ്പോൾ ജനറൽ കൗൺസിൽ അതിന് യുക്തമെന്ന് തോന്നുന്ന വിധത്തിൽ കരട് കൈകാര്യം ചെയ്യാവുന്നതുമാകുന്നു.

(5) ജനറൽ കൗൺസിൽ ഏതെങ്കിലും പരിനിയമം പാസ്സാക്കുകയാണെങ്കിൽ അത് ചാൻസലർക്ക് സമർപ്പിക്കേണ്ടതും അദ്ദേഹത്തിന്, പരിനിയമം കൂടുതൽ പരിഗണനയ്ക്കായി ജനറൽ കൗൺസിലിനു മടക്കി അയയ്ക്കുകയോ അതിനു അനുമതി നൽകുകയോ തന്റെ അനുമതി നിറുത്തി വയ്ക്കുകയോ ചെയ്യാവുന്നതുമാണ്.

(6) ജനറൽ കൗൺസിൽ പാസ്സാക്കുന്ന യാതൊരു പരിനിയമവും ചാൻസലർ അനുമതി നൽകുന്നതുവരെ സാധുവായിരിക്കുന്നതോ പ്രാബല്യത്തിൽ വരുന്നതോ അല്ല.

(7) എക്സിക്യൂട്ടീവ് കമ്മിറ്റി സർവ്വകലാശാലയുടെ ഏതെങ്കിലും അധികാരസ്ഥാനത്തിന്റെ പദവിയേയോ അധികാരങ്ങളേയോ അഥവാ ഘടനയേയോ ബാധിക്കുന്ന പരിനിയമത്തിന്റെയോ അഥവാ പരിനിയമത്തിനുള്ള ഭേദഗതിയുടേയോ കരട്, അങ്ങനെയുള്ള അധികാരസ്ഥാനത്തിന് ആ നിർദ്ദേശം സംബന്ധിച്ച് അഭിപ്രായം പ്രകടിപ്പിക്കുന്നതിന് അവസരം നൽകുന്നതുവരെ നിർദ്ദേശിക്കുവാൻ പാടില്ലാത്തതും, അങ്ങനെ പ്രകടിപ്പിക്കുന്ന ഏതഭിപ്രായവും രേഖാ മൂലമായിരിക്കേണ്ടതും, അത് എക്സിക്യൂട്ടീവ് കമ്മിറ്റി പരിഗണിക്കേണ്ടതുമാകുന്നു.

**50. ഓർഡിനൻസുകൾ.-** ഈ ആക്റ്റിലേയും പരിനിയമങ്ങളിലേയും വ്യവസ്ഥകൾക്കു വിധേയമായി, എക്സിക്യൂട്ടീവ് കമ്മിറ്റിക്കു താഴെപ്പറയുന്ന കാര്യങ്ങൾക്കെല്ലാമോ അഥവാ അവയിൽ ഏതിനെങ്കിലുമോ വ്യവസ്ഥ ചെയ്യുന്ന ഓർഡിനൻസുകൾ ഉണ്ടാക്കുവാൻ അധികാരമുണ്ടായിരിക്കുന്നതാണ്, അതായത്:-

(എ) കോളേജുകളിലും മറ്റു സ്ഥാപനങ്ങളിലും സർവ്വകലാശാലാ ഫീസ് ചുമത്തൽ;

(ബി) കോളേജുകളിലെ അദ്ധ്യാപകവിഭാഗത്തിന്റെ പ്രവൃത്തിഭാരവും വിന്യാസവും;

(സി) സർവ്വകലാശാലയിലെ വിവിധ തസ്തികകൾക്കുള്ള ശമ്പള സ്കെയിലുകളും സർവ്വകലാശാലയിലെ ഉദ്യോഗസ്ഥൻമാരുടെ സേവന വ്യവസ്ഥകളും നിശ്ചയിക്കലും;

(ഡി) വിദ്യാർത്ഥികളുടെ താമസ സൗകര്യവും അച്ചടക്കവും;

(ഇ) ഈ ആക്റ്റിലേയോ പരിനിയമങ്ങളിലേയോ വ്യവസ്ഥകളനുസരിച്ച് ഓർഡിനൻസുകൾ മൂലം നിർണ്ണയിക്കേണ്ടതോ നിർണ്ണയിക്കാവുന്നതോ ആയ മറ്റെല്ലാ സംഗതികളും.

**<u>51. ഓർഡിനൻസുകൾ ഉണ്ടാക്കുവാനുള്ള നടപടിക്രമം.-</u>**

(1) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കുന്ന എല്ലാ ഓർഡിനൻസുകൾക്കും എക്സിക്യൂട്ടീവ് കമ്മിറ്റി നിർദ്ദേശിക്കാവുന്ന തീയതി മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതും, എന്നാൽ ഉണ്ടാക്കുന്ന ഏതൊരു ഓർഡിനൻസും, റദ്ദാക്കുന്ന ഏതൊരു ഓർഡിനൻസും ജനറൽ കൗൺസിലിന്റെ അടുത്തു വരുന്ന യോഗത്തിൽ വയ്ക്കേണ്ടതുമാകുന്നു.

(2) 1-ാം ഉപവകുപ്പിൽ ആവശ്യപ്പെട്ടിരിക്കുന്ന പ്രകാരം ഏതെങ്കിലും ഓർഡിനൻസോ അഥവാ ഓർഡിനൻസിന്റെ റദ്ദാക്കലോ ജനറൽ കൗൺസിലിന്റെ മുമ്പാകെ വയ്ക്കാത്തപക്ഷം, ഓർഡിനൻസ് ലാപ്സ് ആകുന്നതോ അഥവാ അതതു സംഗതിപോലെ റദ്ദാക്കപ്പെട്ട ഓർഡിനൻസ് ജനറൽ കൗൺസിലിന്റെ അടുത്തുവരുന്ന യോഗത്തിനുശേഷം പ്രാബല്യത്തിൽ വരുന്നതോ ആകുന്നു.

(3) ചാൻസലറുടെ അനുമതി ലഭിക്കുന്നതുവരെ, ചെലവ് ഉൾക്കൊള്ളുന്ന യാതൊരു ഓർഡിനൻസും സാധുവായിരിക്കുന്നതോ അഥവാ പ്രാബല്യത്തിൽ വരുന്നതോ അല്ല.

(4) 1-ഉം 3-ഉം ഉപവകുപ്പുകളിലെ വ്യവസ്ഥകൾക്കു വിധേയമായി, ഓർഡിനൻസുകൾ ഉണ്ടാക്കുന്നതിനോ ഭേദഗതിചെയ്യുന്നതിനോ റദ്ദാക്കുന്നതിനോ സ്വീകരിക്കേണ്ട നടപടിക്രമം പരിനിയമങ്ങളാൽ നിർണ്ണയിക്കപ്പെടേണ്ടതാണ്.

**<u>52. റഗുലേഷനുകൾ.-</u>** ഈ ആക്റ്റിലേയും പരിനിയമങ്ങളിലേയും ഓർഡിനൻസുകളിലേയും വ്യവസ്ഥകൾക്കു വിധേയമായി, താഴെപ്പറയുന്ന കാര്യങ്ങൾക്കെല്ലാമോ അഥവാ അവയിൽ ഏതിനെങ്കിലുമോ വേണ്ടി അക്കാഡമിക് കൗൺസിലിന് റഗുലേഷനുകളുണ്ടാക്കാവുന്നതാകുന്നു. അതായത്:-

(എ) പഠനകോഴ്സുകളും പരീക്ഷകളുടെ നടത്തിപ്പും;

(ബി) വിവിധ പഠന കോഴ്സുകൾക്കും പരീക്ഷകൾക്കും വിദ്യാർത്ഥികളെ ചേർക്കൽ;

(സി) അദ്ധ്യാപകരുടെ യോഗ്യതകൾ;

(ഡി) പഠനബോർഡുകളുടേയും പരീക്ഷകൻമാരുടേയും നിയമനവും അവരുടെ കർത്തവ്യങ്ങൾ നിർണ്ണയിക്കലും;

(ഇ) മറ്റു സർവ്വകലാശാലകളുടെ പരീക്ഷകളേയും ബിരുദങ്ങളേയും ഡിപ്ലോമകളേയും ഈ സർവ്വകലാശാലയുടെ പരീക്ഷകൾക്കും ബിരുദങ്ങൾക്കും ഡിപ്ലോമകൾക്കും തുല്യമായി അംഗീകരിക്കൽ;

(എഫ്) ഈ ആക്റ്റിലേയും പരിനിയമങ്ങളിലേയും ഓർഡിനൻസുകളിലേയും വ്യവസ്ഥകൾ പ്രകാരം റഗുലേഷനുകൾ മൂലം നിർണ്ണയിക്കേണ്ടതോ നിർണ്ണയിക്കാവുന്നതോ ആയ മറ്റെല്ലാ സംഗതികളും;

**<u>53. റഗുലേഷനുകൾ ഉണ്ടാക്കുന്നതിനുള്ള നടപടിക്രമം.-</u>**

(1) ഈ ആക്റ്റു പ്രകാരമുണ്ടാക്കുന്ന എല്ലാ റഗുലേഷനുകൾക്കും അക്കാഡമിക് കൗൺസിൽ നിർദ്ദേശിക്കാവുന്ന തീയതി മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതും എന്നാൽ അങ്ങനെ

ഉണ്ടാക്കുന്ന ഏതൊരു റഗുലേഷനും അടുത്തുവരുന്ന യോഗത്തിൽ ജനറൽ കൗൺസിൽ മുമ്പാകെ വയ്ക്കേണ്ടതുമാകുന്നു.

(2) 1-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, റഗുലേഷനുകൾ ഉണ്ടാക്കുകയോ ഭേദഗതി ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യുന്നതിൽ അനുവർത്തിക്കേണ്ട നടപടിക്രമം പരിനിയമങ്ങളിലാൽ നിർണ്ണയിക്കപ്പെടേണ്ടതാണ്.

**<u>54. ഉത്തരവുകൾ.-</u>**

(1) ഈ ആക്റ്റിലേയോ പരിനിയമങ്ങളിലേയോ ഓർഡിനൻസുകളിലേയോ റഗുലേഷനുകളിലേയോ വ്യവസ്ഥകൾ പ്രകാരം രൂപീകരിച്ചിട്ടുള്ള ബോർഡുകളുടെയും കമ്മിറ്റികളുടെയും മറ്റു സമിതികളുടെയും മാർഗ്ഗനിർദ്ദേശത്തിനും നടത്തിപ്പിനു വേണ്ടിയും ജനറൽ കൗൺസിൽ ഒഴികെയുള്ള സർവ്വകലാശാലയുടെ മറ്റേതെങ്കിലും അധികാരസ്ഥാനത്തിന്റെ യോഗങ്ങളിലെ നടപടിക്രമവും കാര്യനിർവ്വഹണവും ക്രമപ്പെടുത്തുന്നതിനു വേണ്ടിയും ഈ ആക്റ്റിലേയും പരിനിയമങ്ങളിലേയും ഓർഡിനൻസുകളിലേയും റഗുലേഷനുകളിലേയും വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത ഉത്തരവുകൾ ഉണ്ടാക്കുവാൻ എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

(2) അപ്രകാരമുള്ള എല്ലാ ഉത്തരവുകൾക്കും എക്സിക്യൂട്ടീവ് കമ്മിറ്റി നിർദ്ദേശിക്കാവുന്ന തീയതി മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതും, എന്നാൽ അപ്രകാരമുള്ള ഏതൊരു ഉത്തരവും ജനറൽ കൗൺസിലിന്റെ തൊട്ട് അടുത്തു വരുന്ന യോഗത്തിൽ സമർപ്പിക്കേണ്ടതുമാകുന്നു.

(3) അപ്രകാരമുള്ള ഏതൊരു ഉത്തരവും റദ്ദാക്കുന്നതിനോ പരിഷ്കരിക്കുന്നതിനോ ജനറൽ കൗൺസിലിന് അധികാരമുണ്ടായിരിക്കുന്നതാകുന്നു.

**<u>55. ഗസറ്റിൽ പ്രസിദ്ധപ്പെടുത്തൽ.-</u>** ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയിട്ടുള്ള എല്ലാ പരിനിയമങ്ങളും ഓർഡിനൻസുകളും റഗുലേഷനുകളും ഗസറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതാകുന്നു.

# അദ്ധ്യായം IX
# പലവക

**<u>56. വിദ്യാർത്ഥികളുടെ താമസം.-</u>** നിർണ്ണയിക്കാവുന്ന വ്യവസ്ഥകൾക്ക് വിധേയമായി സർവകലാശാല നടത്തിപ്പോരുന്ന സ്ഥലങ്ങളിലോ സ്റ്റുഡന്റ്സ് വെൽഫയർ ഡയറക്ടർ അംഗീകരിച്ചിട്ടുള്ള സ്ഥലങ്ങളിലോ വിദ്യാർത്ഥികൾ താമസിക്കേണ്ടതാകുന്നു.

**<u>57. വാർഷിക റിപ്പോർട്ട്.-</u>**

(1) വൈസ് ചാൻസലറുടെ നിർദ്ദേശ പ്രകാരം സർവകലാശാലയുടെ വാർഷികറിപ്പോർട്ട് തയ്യാറാക്കേണ്ടതും അതു പരിഗണിക്കേണ്ട വാർഷിക യോഗത്തിന് ഒരു മാസത്തിനെങ്കിലും മുമ്പായി എക്സിക്യൂട്ടീവ് കമ്മിറ്റി വഴി ജനറൽ കൗൺസിലിന് സമർപ്പിക്കേണ്ടതുമാകുന്നു.

(2) [39][ജനറൽ കൗൺസിൽ, മാർച്ച് 31-ാം തീയതി അവസാനിക്കുന്ന വർഷത്തിന്റെ വാർഷിക റിപ്പോർട്ട് പരിഗണിച്ചശേഷം അത് ആവശ്യമെന്ന് കരുതുന്ന അഭിപ്രായത്തോടുകൂടി തുടർന്നു വരുന്ന വർഷത്തിന്റെ സെപ്റ്റംബർ 15-ാം തീയതിയോ അതിനുമുൻപോ സർക്കാരിന് സമർപ്പിക്കേണ്ടതും സർക്കാർ ഉടൻ തന്നെ ആ റിപ്പോർട്ടിന്റെ ഒരു പകർപ്പ് അതിന്റെ അഭിപ്രായത്തോടുകൂടി നിയമസഭ, സമ്മേളനത്തിൽ ആണെങ്കിൽ സഭയുടെ മേശപ്പുറത്ത് വയ്പിക്കേണ്ടതും സഭ സമ്മേളനത്തിലല്ലെങ്കിൽ, അത് ലഭിച്ചശേഷമുള്ള തൊട്ടടുത്ത സമ്മേളനത്തിൽ വയ്പിക്കേണ്ടതുമാണ്.]

**<u>58. ചില കോളേജുകളും സ്ഥാപനങ്ങളും സർവകശാലയ്ക്ക് കൈമാറൽ.-</u>**

(1) 1969 – ലെ കേരള സർവകലാശാല ആക്റ്റിലോ (1969-ലെ 9) 1968–ലെ കാലിക്കറ്റ് സർവകലാശാല അക്റ്റിലോ (1968-ലെ 24) അഥവാ അവ പ്രകാരം ഉണ്ടാക്കിയ പരിനിയമങ്ങളിലോ ഓർഡിനൻസുകളിലോ റഗുലേഷനുകളിലോ ഉത്തരവുകളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും വെള്ളായണിയിലുള്ള കാർഷികകോളേജും ഗവേഷണസ്ഥാപനവും തൃശ്ശൂരിലുള്ള മണ്ണുത്തി കേരള വെറ്റിനറി കോളേജും ഗവേഷണ സ്ഥാപനവും, ഗവൺമെന്റ് ഗസറ്റിൽ വിജ്ഞാപനം മൂലം പ്രത്യേകം പറയാവുന്ന തീയതി മുതൽ അതതു സംഗതി പോലെ കേരള സർവകലാശാലയിൽ നിന്നോ കാലിക്കറ്റ് സർവകലാശാലയിൽ നിന്നോ വേർപെടുത്തേണ്ടതും, അവയെ കേരള കാർഷിക സർവകലാശാലയുടെ ഘടക കോളേജുകളായി നടത്തിപ്പോരേണ്ടതുമാകുന്നു.

(2) 1-ാം ഉപവകുപ്പിൽ പ്രത്യേകം പറയുന്ന കോളേജുകളുടെ നിയന്ത്രണവും നടത്തിപ്പും ആ ഉപവകുപ്പു പ്രകാരം വിജ്ഞാപനം ചെയ്ത തീയതി മുതൽ സർവകലാശാലയ്ക്ക് കൈമാറേണ്ടതും, അതു സംബന്ധിച്ച് ഗവൺമെന്റിനുള്ള എല്ലാ വസ്തുവകകളും ആസ്തിബാദ്ധ്യതകളും കടപ്പാടുകളും സർവകലാശാലയ്ക്ക് കൈമാറപ്പെടുന്നതോ, സർവകലാശാലയിൽ നിക്ഷിപ്തമാകുന്നതോ സർവകലാശാലയ്ക്ക് ലഭിക്കുന്നതോ ആകുന്നു.

---

[39] 2001 ലെ കേരള കാർഷിക സർവകലാശാല (ഭേദഗതി) ആക്റ്റ് (2001 ലെ 16–ാം ആക്റ്റ്), 11–ാം വകുപ്പ് പ്രകാരം " (2) ജനറൽ കൗൺസിൽ വാർഷികറിപ്പോർട്ടു പരിഗണിച്ചശേഷം, ആവശ്യമെന്ന് കരുതപ്പെടാവുന്ന അഭിപ്രായത്തോടുകൂടി ഗവൺമെന്റിന് അയയ്ക്കേണ്ടതും ഗവൺമെന്റ് റിപ്പോർട്ടിന്റെ ഒരു പ്രതി അതിന്റെ അഭിപ്രായത്തോടുകൂടി നിയമസഭ മുമ്പാകെ വയ്ക്കേണ്ടതുമാകുന്നു." എന്നതിന് പകരം ചേർത്തത് (26/12/2001 മുതൽ പ്രാബല്യം).

(3) സംസ്ഥാനത്തെ കൃഷി, മൃഗസംരക്ഷണം, ഡയറി ഡെവലപ്പ്മെന്റ്, മൽസ്യബന്ധനം, വനം, സഹകരണം എന്നീ വകുപ്പുകളിലെ എല്ലാ ഗവേഷണ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും നിയന്ത്രണവും നടത്തിപ്പും ഗവൺമെന്റ് ഉത്തരവു മൂലം പ്രത്യേകം പറയാവുന്ന തീയതിയോ തീയതികളോ മുതൽ സർവകലാശാലയ്ക്ക് കൈമാറ്റപ്പെടുന്നതും അപ്പോൾ അങ്ങനെയുള്ള സ്ഥാപനങ്ങൾ സംബന്ധിച്ച് ഗവൺമെന്റിനുള്ള എല്ലാ വസ്തുവകകളും ആസ്തിബാദ്ധ്യതകളും കടപ്പാടുകളും സർവകലാശാലയ്ക്ക് കൈമാറപ്പെടുന്നതോ സർവകലാശാലയിൽ നിക്ഷിപ്തമാകുന്നതോ സർവകലാശാലയ്ക്ക് ലഭിക്കുന്നതോ ആകുന്നു.

(4) 1-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള കേളേജുകളിൽ ഏതിലെങ്കിലുമോ അഥവാ 3-ാം ഉപവകുപ്പിൽ പരാമർശിച്ചിരിക്കുന്ന സ്ഥാപനങ്ങളിൽ ഏതിലെങ്കിലുമോ അതതു സംഗതിപോലെ പ്രസ്തുത സ്ഥാപനം സംബന്ധിച്ച് 1-ാം ഉപവകുപ്പു പ്രകാരമുള്ള വിജ്ഞാപനത്തിൽ പറഞ്ഞിരിക്കുന്ന തീയതിക്കോ 3–ാം ഉപവകുപ്പു പ്രകാരമുള്ള ഉത്തരവിൽ പറഞ്ഞിരിക്കുന്ന തീയതിക്കോ തൊട്ടുമുമ്പ് ജോലി നോക്കുന്ന ഏതൊരാളും പ്രസ്തുത തീയതി മുതൽ സർവകലാശാലയുടെ ജീവനക്കാരനായിത്തീരുന്നതാകുന്നു.

[40][എന്നാൽ ഗവൺമെന്റിന്, 1-ാം ഉപവകുപ്പുപ്രകാരമുള്ള വിജ്ഞാപനത്തിലോ 3-ാം ഉപവകുപ്പുപ്രകാരമുള്ള ഉത്തരവിലോ പ്രത്യേകം പറയുന്ന തീയതി മുതൽ ആറുമാസക്കാലത്തിനകം സർവകലാശാലയുടെ സമ്മതത്തോടുകൂടി-

(എ) സർവകലാശാല ജീവനക്കാരനായിത്തീർന്ന ഏതൊരാളും സർവകലാശാല ജീവനക്കാരനായി തുടരുന്നത് ഗവൺമെന്റിന്റെ അഭിപ്രായത്തിൽ ഉത്തമാവകാശമുള്ളതും സർവകലാശാലയിൽ നിയമിക്കപ്പെടുന്നതിന് ഇഷ്ടമുള്ളതുമായ മറ്റേതെങ്കിലും ഒരാൾക്ക് സർവകലാശാലയുടെ കീഴിലുള്ള നിയമനം നഷ്ടപ്പെടുന്ന ഫലമുണ്ടാകുന്നതാണെങ്കിൽ അയാൾ സർവകലാശാല ജീവനക്കാരനല്ലാതായിത്തീരുന്നതും ഗവൺമെന്റിന്റെ ഉദ്യോഗസ്ഥനായിത്തീരുന്നതുമാണെന്ന് നിർദ്ദേശിക്കുകയോ;

(ബി) അതതു സംഗതിപോലെ 1-ാം ഉപവകുപ്പു പ്രകാരമുള്ള വിജ്ഞാപനത്തിലോ 3-ാം ഉപവകുപ്പു പ്രകാരമുള്ള ഉത്തരവിലോ പ്രത്യേകം പറയുന്ന തീയതിയിൽ സർവകലാശാല ഉദ്യോഗസ്ഥനാകാൻ യോഗ്യതയുണ്ടായിരുന്നതും ആ തീയതിയിൽ സർവകലാശാല ഉദ്യോഗസ്ഥനായിത്തീർന്ന മറ്റേതൊരു ആളെക്കാൾ ഉത്തമാവകാശമുണ്ടായിരുന്നതുമായ ഏതെങ്കിലും ഗവൺമെന്റ് ഉദ്യോഗസ്ഥന് സർവകലാശാലയിലേയ്ക്ക് മാറ്റം കൊടുക്കുകയോ ചെയ്യാവുന്നതാകുന്നു.

എന്നു മാത്രമല്ല, 3–ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും സ്ഥാപനം സംബന്ധിച്ച് പ്രസ്തുത ഉപവകുപ്പ് പ്രകാരമുള്ള ഉത്തരവിൽ പ്രത്യേകം പറഞ്ഞിട്ടുള്ള തീയതിയ്ക്കു തൊട്ടുമുമ്പ് പ്രസ്തുത ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള സ്ഥാപനത്തിൽ നിയമിച്ചിട്ടുള്ള ഏതെങ്കിലും ആളോ മേൽ പറഞ്ഞ ക്ലിപ്ത നിബന്ധന പ്രകാരം സർവകലാശാലയിലേക്ക് മാറ്റിയ ആളോ സർവകലാശാലയുടെ അഭിപ്രായത്തിൽ യോഗ്യനല്ലെങ്കിൽ സർവകലാശാലയ്ക്കു അതതു സംഗതിപോലെ പ്രസ്തുത ഉത്തരവിൽ പറഞ്ഞിരിക്കുന്ന തീയതിയോ സർവകലാശാലയിലേയ്ക്കു അയാളെ മാറ്റിയ തീയതിയോ മുതൽ രണ്ടു വർഷക്കാലത്തിനകം ഗവൺമെന്റു സർവീസിൽ

[40] 1972 ലെ കേരള കാർഷിക സർവകലാശാല (ഭേദഗതി) ആക്റ്റ് (1972 ലെ 10–ാം ആക്റ്റ്), 2–ാം വകുപ്പ് പ്രകാരം "എന്നാൽ (3)–ാം ഉപവകുപ്പിൽ പരാമർശിക്കുന്ന സ്ഥാപനങ്ങളിൽ ഏതിലെങ്കിലും, പ്രസ്തുത സ്ഥാപനം സംബന്ധിച്ച് ആ ഉപവകുപ്പ് പ്രകാരമുള്ള, ഈ ഉത്തരവിൽ പറഞ്ഞിട്ടുള്ള തീയതിക്ക് തൊട്ടുമുമ്പ്, ജോലി നോക്കുന്ന ഏതൊരാളും സർവകലാശാലയുടെ അഭിപ്രായത്തിൽ അനുയോജ്യനല്ലെങ്കിൽ സർവകലാശാല, അങ്ങനെയുള്ള തീയതിമുതൽ രണ്ടുവർഷത്തിനകം, അങ്ങനെയുള്ള ആളെ ഗവൺമെന്റ് സർവ്വീസിൽ തിരിച്ചെടുക്കണമെന്ന് ഗവൺമെന്റിനോട് ആവശ്യപ്പെടാവുന്നതും അപ്പോൾ ഗവൺമെന്റ് അങ്ങനെയുള്ള ആളെ ഗവൺമെന്റ് സർവ്വീസിൽ തിരിച്ചെടുക്കേണ്ടതുമാകുന്നു." എന്നതിന് പകരം ചേർത്തത് (29/01/1972 മുതൽ പ്രാബല്യം).

തിരിച്ചെടുക്കുന്നതിന് ഗവൺമെന്റിനോടു അപേക്ഷിക്കാവുന്നതും അതനുസരിച്ച് ഗവൺമെന്റ് അപ്രകാരമുള്ള ആളെ ഗവൺമെന്റു സർവീസിൽ തിരിച്ചെടുക്കേണ്ടതുമാകുന്നു.]

(5) 1-ാം ഉപവകുപ്പിൽ പറഞ്ഞിരിക്കുന്ന കോളേജുകളിൽ ഏതിലെങ്കിലും ജോലി നോക്കുന്ന ഏതെങ്കിലും ആൾക്ക് സർവകലാശാലയുടെ തത്തുല്ല്യമായ തസ്തികയ്ക്ക് നിർണ്ണയിച്ചിട്ടുള്ള യോഗ്യത ഇല്ലാത്ത പക്ഷം മേൽപ്പറഞ്ഞ ഉപവകുപ്പ് പ്രകാരമുള്ള വിജ്ഞാപനത്തിൽ പറഞ്ഞിരിക്കുന്ന തീയതിക്ക് തൊട്ടുമുമ്പ് അയാൾ സ്ഥാനം വഹിച്ചിരുന്ന അതേ കേഡറിലുള്ള ഒരു തസ്തിക അങ്ങനെയുള്ള ആൾക്കു വേണ്ടി സർവകലാശാലയിൽ സൃഷ്ടിക്കേണ്ടതാകുന്നു.

(6) 4-ഉം 5-ഉം ഉപവകുപ്പുകളിലെ വ്യവസ്ഥകൾക്കു വിധേയമായി 4-ാം ഉപവകുപ്പിൽ പരാമർശിച്ചിരിക്കുന്ന ഏതൊരാളുടെയും ശമ്പളവും സേവനവ്യവസ്ഥകളും അയാൾ സർവകലാശാലയുടെ ജീവനക്കാരനായിത്തീരുന്നതിനു തൊട്ടു മുമ്പ് അയാൾക്ക് അവകാശമുണ്ടായിരുന്നതിൽ കുറവായ ആനുകൂല്യമുള്ളവയായിരിക്കാൻ പാടുള്ളതല്ല.

(7) 4-ാം ഉപവകുപ്പു പ്രകാരം സർവകലാശാലയിലേക്ക് ഒരാളെ സ്ഥലം മാറ്റിയിരുന്നാൽകൂടി അപ്രകാരമുള്ള ആൾക്കെതിരായി അപ്രകാരമുള്ള സ്ഥലംമാറ്റത്തീയതിക്കുമുമ്പ് ഗവൺമെന്റ് ആരംഭിച്ച ഏതൊരു നടപടിയും, അപ്രകാരമുള്ള ആൾ സർവകലാശാലയിലെ ജീവനക്കാരൻ ആയില്ല എന്ന നിലയിൽ തുടരാവുന്നതും, സർവകലാശാല, അപ്രകാരമുള്ള നടപടിയിൽ ഗവൺമെന്റ് എടുത്ത തീരുമാനം നടപ്പാക്കുന്നതിന് ബാദ്ധ്യസ്ഥമായിരിക്കുന്നതുമാകുന്നു.

**59. തവനൂരിലുള്ള റൂറൽ ഇൻസ്റ്റിറ്റ്യൂട്ട് ഏറ്റെടുക്കൽ.-** സർവകലാശാലയ്ക്ക്, ഗവൺമെന്റും സർവകലാശാലയും തവനൂർ റൂറൽ ഇൻസ്റ്റിറ്റ്യൂട്ടും സമ്മതിച്ചേക്കാവുന്ന തിട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി, ആ ഇൻസ്റ്റിറ്റ്യൂട്ട് ഏറ്റെടുക്കാവുന്നതും അപ്പോൾ സർവകലാശാല അങ്ങനെയുള്ള ഇൻസ്റ്റിറ്റ്യൂട്ട് ആ വ്യവസ്ഥകൾക്കുവിധേയമായി, ഒരു ഘടക യൂണിറ്റായി നടത്തേണ്ടതുമാകുന്നു.

**60. ഇടക്കാല വ്യവസ്ഥകൾ.-**

(1) ഈ ആക്റ്റിലോ 1969–ലെ കേരള സർവകലാശാല അക്റ്റിലോ (1969– ലെ 9) 1968–ലെ കാലിക്കറ്റ് സർവകലാശാല ആക്റ്റിലോ (1968–ലെ 24) അഥവാ മുകളിൽ പറഞ്ഞ നിയമങ്ങളിൽ ഏതെങ്കിലും പ്രകാരം ഉണ്ടാക്കിയിട്ടുള്ള പരിനിയമങ്ങളിലും ഓർഡിനൻസുകളിലും റഗുലേഷനുകളിലും അവയിലുമോ എന്തുതന്നെ അടങ്ങിയിരുന്നാലും 58-ാം വകുപ്പ് 1–ാം ഉപവകുപ്പ് പ്രകാരമുള്ള വിജ്ഞാപനത്തിൽ പറഞ്ഞിരിക്കുന്ന തീയതിക്ക് തൊട്ടുമുമ്പ്, ആ ഉപവകുപ്പിൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും കോളേജിൽ ഏതെങ്കിലും ബിരുദത്തിനോ ഡിപ്ലോമയ്ക്കോ അഥവാ കേരള സർവകലാശാലയുടെയോ കാലിക്കറ്റ് സർവകലാശാലയുടെയോ സർട്ടിഫിക്കറ്റിനോ പഠിക്കുന്ന ഏതൊരു വിദ്യാർത്ഥിക്കും ഈ ആക്റ്റ് പ്രകാരം സ്ഥാപിച്ചിട്ടുള്ള സർവ്വകലാശാല നടത്തുന്ന പരീക്ഷക്കിരിക്കുവാൻ അവകാശമുണ്ടായിരിക്കുന്നതും അപ്രകാരമുള്ള പരീക്ഷയുടെ ഫലമായി അയാൾ യോഗ്യതനേടുകയാണെങ്കിൽ അതതുസംഗതിപോലെ ഈ ആക്റ്റ് പ്രകാരം സ്ഥാപിച്ചിട്ടുള്ള സർവ്വകലാശാലയുടെ തത്തുല്യമായ ബിരുദമോ ഡിപ്ലോമയോ സർട്ടിഫിക്കറ്റോ നൽകപ്പെടുന്നതിന് അവകാശമുണ്ടായിരിക്കുന്നതുമാകുന്നു.

[41][എന്നാൽ, വെള്ളായണി കാർഷികകോളേജിലെയും ഗവേഷണകേന്ദ്രത്തിലേയും വിദ്യാർത്ഥികൾക്കും മണ്ണുത്തി വെറ്റിറിനറികോളേജിലേയും ഗവേഷണകേന്ദ്രത്തിലേയും വിദ്യാർത്ഥികൾക്കും വേണ്ടി 1972-ൽ നടത്തേണ്ട പരീക്ഷകൾ നടത്തേണ്ടതും അപ്രകാരമുള്ള

[41] 1972-ലെ കേരള കാർഷിക സർവകലാശാല (ഭേദഗതി) ആക്റ്റ് (1972-ലെ 10–ാം ആക്റ്റ്), വകുപ്പ് 3(1) പ്രകാരം കൂട്ടിച്ചേർത്തത് (29/01/1972 മുതൽ പ്രാബല്യം).

പരീക്ഷകൾ വിജയകരമായി പൂർത്തിയാക്കുമ്പോൾ നൽകേണ്ട ബിരുദങ്ങളും ഡിപ്ലോമകളും സർട്ടിഫിക്കറ്റുകളും അതതു സംഗതി പോലെ കേരള സർവകലാശാലയോടോ കാലിക്കറ്റ് സർവകലാശാലയോടോ കോളേജ് സംയോജിപ്പിച്ചിട്ടുണ്ടായിരുന്നാലെന്നപോലെ ഈ ആക്റ്റു പ്രകാരം സ്ഥാപിച്ചിട്ടുള്ള സർവകലാശാല പ്രസ്തുത സർവകലാശാലയോട് ഈ ആവശ്യാർത്ഥം അപേക്ഷ ബോധിപ്പിക്കുകയാണെങ്കിൽ അതതു സംഗതി പോലെ കേരള സർവകലാശാലയോ കാലിക്കറ്റ് സർവകലാശാലയോ നൽകേണ്ടതുമാകുന്നു].

[42][(2) ഈ ആക്റ്റിലോ അതുപ്രകാരമുണ്ടാക്കിയ പരിനിയമങ്ങളിലോ ഓർഡിനൻസിലോ റഗുലേഷനിലോ എന്തുതന്നെ അടങ്ങിയിരുന്നാലും 58-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ പ്രത്യേകം പറയുന്ന ഏതെങ്കിലും കോളേജിലുള്ളതും കേരള സർവകലാശാലയുടെയോ കാലിക്കറ്റ് സർവകലാശാലയുടേയോ ഏതെങ്കിലും പരീക്ഷയ്ക്കു പഠിയ്ക്കുന്നതുമായ ഏതെങ്കിലും വിദ്യാർത്ഥിയെ തന്റെ പഠനക്രമവും അതിനുവേണ്ടിയുള്ള ഒരുക്കങ്ങളും പൂർത്തിയാക്കുന്നതിന് അനുവദിക്കേണ്ടതും ഈ ആക്റ്റു പ്രകാരം സ്ഥാപിച്ച സർവകലാശാല, അയാൾ പ്രസ്തുത പഠനക്രമം പൂർത്തിയാക്കുന്നതുവരെ അതതു സംഗതിപോലെ കേരള സർവകലാശാലയുടെയോ കാലിക്കറ്റ് സർവകലാശാലയുടെയോ പാഠ്യക്രമാനുസരണമുള്ള പരീക്ഷകൾ അപ്രകാരമുള്ള വിദ്യാർത്ഥികൾക്കു വേണ്ടി നടത്തുന്നതിന് ഏർപ്പാടു ചെയ്യേണ്ടതുമാകുന്നു.]

**61. <u>അധികാരസ്ഥാനങ്ങളുടെ ആദ്യസെറ്റിന്റെ നാമനിർദ്ദേശം</u>.-**

(1) ഈ ആക്റ്റിലെ മറ്റേതെങ്കിലും വ്യവസ്ഥയിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സർവ്വകലാശാലയുടെ എല്ലാ അധികാരസ്ഥാനങ്ങളുടെയും ആദ്യത്തെ സെറ്റ്, ഈ ആക്റ്റ് ഗസറ്റിൽ വിജ്ഞാപനം ചെയ്ത ശേഷം കഴിയുന്നത്ര വേഗം ചാൻസലർ നാമനിർദ്ദേശം ചെയ്യേണ്ടതാകുന്നു.

(2) 1-ാം ഉപവകുപ്പുപ്രകാരം ഏതെങ്കിലും അധികാരസ്ഥാനത്തിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ട ഒരംഗം അപ്രകാരം നാമനിർദ്ദേശം ചെയ്ത തീയതി മുതൽ [43][മൂന്നു വർഷത്തേയ്ക്കോ] അഥവാ ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം അതതുസംഗതിപോലെ തത്തുല്യമായ അധികാരസ്ഥാപനങ്ങളിലേക്കുള്ള അംഗങ്ങളെ തിരഞ്ഞെടുക്കുകയോ നാമനിർദ്ദേശം ചെയ്യുകയോ ചെയ്യുന്നതുവരെയോ ഇവയിൽ ആദ്യമായതേതോ അതുവരെ സ്ഥാനം വഹിക്കേണ്ടതാകുന്നു.

**<u>62. അധികാരങ്ങൾ ഏൽപ്പിച്ചുകൊടുക്കൽ.-</u>** ജനറൽ കൗൺസിൽ, ആക്റ്റു മൂലമോ പരിനിയമങ്ങൾമൂലമോ അതിനു നൽകപ്പെട്ടിട്ടുള്ള അധികാരങ്ങളിൽ ഏതെങ്കിലും, സർവ്വകലാശാലയുടെ ഏതെങ്കിലും ഉദ്യോഗസ്ഥനോ അധികാരസ്ഥാനത്തിനോ നിർണ്ണയിക്കാവുന്ന നിയന്ത്രണങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി വിനിയോഗിക്കാനായി ഏൽപ്പിച്ചുകൊടുക്കാവുന്നതാകുന്നു.

---

[42] 1972-ലെ കേരള കാർഷിക സർവകലാശാല (ഭേദഗതി) ആക്റ്റ് (1972-ലെ 10–ാം ആക്റ്റ്), വകുപ്പ് 3(2) പ്രകാരം "(2) ഈ ആക്റ്റിലോ അതുപ്രകാരമുണ്ടാക്കിയ പരിനിയമങ്ങളിലോ ഓർഡിനൻസിലോ അഥവാ റഗുലേഷനിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, 58-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും കോളേജിൽ കേരള സർവ്വകലാശാലയുടെയോ കാലിക്കറ്റ് സർവ്വകലാശാലയുടെയോ ഏതെങ്കിലും പരീക്ഷയ്ക്ക് പഠിച്ചുകൊണ്ടിരിക്കുന്ന ഏതൊരു വിദ്യാർത്ഥിയേയും അയാളുടെ കോഴ്സും അതിനുള്ള തയ്യാറെടുപ്പും പൂർത്തിയാക്കുവാൻ അനുവദിക്കേണ്ടതും ഈ ആക്റ്റ് പ്രകാരം സ്ഥാപിക്കപ്പെട്ടിട്ടുള്ള സർവ്വകലാശാല അതതുസംഗതിപോലെ, കേരള സർവ്വകലാശാലയുടെയോ കാലിക്കറ്റ് സർവ്വകലാശാലയുടെയോ പാഠ്യക്രമമനുസരിച്ച് നിർണ്ണയിക്കാവുന്ന കാലത്തേക്ക് അപ്രകാരമുള്ള വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള പരീക്ഷകൾ നടത്തുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യേണ്ടതും, അങ്ങനെയുള്ള വിദ്യാർത്ഥികൾ മേൽപ്പറഞ്ഞ പഠനകോഴ്സ് പൂർത്തിയാക്കുന്നതിനു സാധാരണഗതിയിൽ ആവശ്യമുള്ള രണ്ടുവർഷ കാലത്തിനുള്ളിൽ അങ്ങനെയുള്ള പരീക്ഷകൾക്ക് ഇരിക്കേണ്ടതുമാകുന്നു" എന്നതിന് പകരം ചേർത്തത് (29/01/1972 മുതൽ പ്രാബല്യം).

[43] 1974 ലെ കേരള കാർഷിക സർവകലാശാല (ഭേദഗതി) ആക്റ്റ് (1974 ലെ 6–ാം ആക്റ്റ്), 2–ാം വകുപ്പ് പ്രകാരം "രണ്ട് വർഷം " എന്നതിന് പകരം ചേർത്തത് (27/11/1973 മുതൽ പ്രാബല്യം).

**63. ആദ്യ പരിനിയമങ്ങളും ഓർഡിനൻസുകളും.-** ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും സർവ്വകലാശാലയുടെ ആദ്യത്തെ പരിനിയമങ്ങളും ഓർഡിനൻസുകളും ഗവൺമെന്റ് ഉണ്ടാക്കേണ്ടതാകുന്നു.

**64. വൈഷമ്യങ്ങൾ നീക്കംചെയ്യൽ.-**

(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ വല്ല വൈഷമ്യവും ഉണ്ടാകുന്നതായാൽ, ഗസറ്റിൽ വിജ്ഞാപനം ചെയ്ത ഉത്തരവുമൂലം ഗവൺമെന്റ് വൈഷമ്യം നീക്കം ചെയ്യാനായി ആവശ്യമെന്നോ യുക്തമെന്നോ അവർക്കു തോന്നുന്നതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ ഏതൊരു കാര്യവും ചെയ്യാവുന്നതാകുന്നു.

എന്നാൽ, ഈ ആക്റ്റ് പ്രാബല്യത്തിൽ വന്ന തീയതി മുതൽ മൂന്നു വർഷം കഴിഞ്ഞ ശേഷം ഈ വകുപ്പുപ്രകാരം യാതൊരു ഉത്തരവും ഉണ്ടാക്കുവാൻ പാടുള്ളതല്ല.

(2) 1-ാം ഉപവകുപ്പ് പ്രകാരം ഉണ്ടാക്കിയ യാതൊരു ഉത്തരവും പ്രസ്തുത ഉപവകുപ്പിൽ പരാമർശിച്ച പ്രകാരമുള്ള യാതൊരു വൈഷമ്യവും ഉണ്ടായിരുന്നില്ലെന്നോ, നീക്കം ചെയ്യാൻ ആവശ്യപ്പെട്ടിരുന്നില്ലെന്നോ ഉള്ള കാരണത്താൽ യാതൊരു നിയമ കോടതിയിലും ചോദ്യം ചെയ്യാൻ പാടുള്ളതല്ല.

(3) ഈ ആക്റ്റ് പ്രകാരം വിജ്ഞാപനം ചെതിട്ടുള്ള ഏതൊരു ഉത്തരവും അത് വിജ്ഞാപനം ചെയ്തശേഷം കഴിയുന്നത്രവേഗം നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാകുന്നു.

**65. റദ്ദാക്കലും ഒഴിവാക്കലും.-**

(1) 1971-ലെ കേരള കാർഷിക സർവ്വകലാശാല ഓർഡിനൻസ് (1971-ലെ 16) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാലും മേൽപ്പറഞ്ഞ ഓർഡിനൻസു പ്രകാരം ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റു പ്രകാരം എടുത്തതായോ ചെയ്തതായോ കരുതേണ്ടതാകുന്നു.

(3) 2-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റ് ഗസറ്റിൽ വിജ്ഞാപനം ചെയ്തതീയതിക്കുമുമ്പ് വൈസ്-ചാൻസലർ രൂപീകരിച്ച ഏതൊരു താൽക്കാലിക അധികാരസ്ഥാനമോ സമിതിയോ 61-ാം വകുപ്പു പ്രകാരം സർവ്വകലാശാലയുടെ ആദ്യത്തെ സെറ്റ് അധികാരസ്ഥാനങ്ങളുടെ നാമനിർദ്ദേശത്തിന്റെ തീയതി മുതൽ നിലവിൽ ഇല്ലാതായിത്തീരുന്നതാകുന്നു.